UNIVERSITY LIBRARY
13 SEP 1937
MADRAS

# കൈരളി

പുസ്തകം ൧൨ | ൧൧൧൨ കർക്കിടകം | ലക്കം ൪.

## * സാംസ്കൃതഭാഷാഭ്യസനം.

(പകപ്പവകാശം ഉപന്യാസകാരന്ന്.)

യസ്യപ്രസാദകലയാ ബധിരശ്ശൃണോതി,
പങ്ഗുഃപ്രധാവതി, ജവേന ച വക്തി മൂകഃ,
അന്ധഃപ്രപശ്യതി, സുതം ലഭതേ ച വന്ധ്യാ,
തം ദേവമേവ വരദം ശരണം ഗതോസ്മി."

രാമാനുജാചാൎയ്യർ.

മഹാജനങ്ങളേ!

അത്തരത്തിലുള്ള മഹിമാതിശയത്തോടുകൂടിയ മഹാവിഷ്ണുവിന്റെ ആലയത്താലും മാൎത്താണ്ഡാന്വയരത്നദീപങ്ങളായ മാടക്ഷമാപതികളുടെ രാജധാനിയാലും അലങ്കൃതമായ ഈ തൃപ്പൂണിത്തുറ നഗരത്തിൽ വന്നുചേരുന്നതിനും ഇന്നത്തെ മഹായോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനും എനിക്കു യോഗമുണ്ടായതിൽ അതിരററ ചാരിതാൎത്ഥ്യമുണ്ടെന്നുള്ള വസ്തുത ആദ്യമായി നിങ്ങളെ അറിയിച്ചുകൊള്ളട്ടെ.

തൃപ്പൂണിത്തുറയ്ക്കു സംസ്കൃതഭാഷയിൽ പ്രചരിക്കുന്ന നാമധേയം "പൂൎണ്ണത്രയി" എന്നാണ്.

"തത്രാഗ്രഹാരേ ച വസൻ ദ്വിജാനാം
പൂൎണ്ണാത്രയീ ഭാതി സദാമുഖേഷു;
തേനൈവ സന്തഃ കില തം പ്രദേശം
പൂൎണ്ണത്രയീനാമകമാമനന്തി"

എന്നു നീലകണ്ഠകവി നാരായണീയം പ്രബന്ധത്തിലും,

* തൃപ്പൂണിത്തുറ രാമവൎമ്മ സംസ്കൃത മഹാപാഠശാലയുടെ വാൎഷികസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചുകൊണ്ടു 1936 ഡിസംബർമാസത്തിൽ ചെയ്ത പ്രസംഗം.

"പൂൎണ്ണത്രയ്യാം പുരി ഭവ യഥാൎത്ഥാഭിധായാം കൃതാൎത്ഥഃ"
എന്നു് അജ്ഞാതനാമാവായ മറെറാരു നമ്പൂരി ചാതകസന്ദേശത്തിലും ചെയ്തിട്ടുള്ള പ്രസ്താവനകളിൽനിന്നു് അത്ര്യരായ ബ്രാഹ്മണൎക്കു പൂൎണ്ണമായ വേദജ്ഞാനമുണ്ടായിരുന്നതിനാലാണു് ഈ നഗരത്തിനു "പൂൎണ്ണത്രയി" എന്ന നാമധേയം സിദ്ധിച്ചതെന്നു തോന്നിപ്പോകും. "പൊരുനൈ" എന്നതു പെരിയാററിൻെറ ഒരു പ്രാചീനദ്രാവിഡപൎയ്യായമാണു്. "പൊരുനൈത്തുറൈയൻ" എന്നു ചേരരാജാക്കന്മാൎക്കു പണ്ടേക്കുപണ്ടേ ഒരു ബിരുദപ്പേരുണ്ടു്. ആധുനിക മലയാളത്തിൽ "പൊരുനൈത്തുറ" പൂണിത്തുറയും, സംസ്കൃതത്തിൽ പൂൎണ്ണത്രയിയുമായി രൂപാന്തരപ്പെട്ടു. എന്നുകിൽ ഈ നഗരം ഒരുകാലത്തു ചേരരാജാക്കന്മാരുടെ രാജധാനിയായിരുന്നിരിക്കണം; അല്ലെങ്കിൽ ആ രാജമണ്ഡലത്തിൻെറ അസ്തമയത്തിനുമേൽ അവരുടെ അനന്തരാവകാശികളായ മാടഭൂപന്മാരാൽ നിൎമ്മിതമായതായിരിക്കണം. ഏതായാലും ഏററവും പഴക്കമുള്ള ഒരു പട്ടണമാകുന്നു തൃപ്പൂണിത്തുറ എന്നുള്ളതിനെപ്പററി ആൎക്കും വിസംവാദത്തിനു് അവകാശമില്ല. ക്രി. പി. 18-ാം ശതകത്തിൻെറ ഉത്തരാൎദ്ധത്തിൽ ജീവിച്ചിരുന്ന ചാതകസന്ദേശകാരൻ,

"പ്രാകാരേണ പ്രതിനവതരേണാഭിതോ വേഷ്ടിതായാ-
മത്യുത്തുംഗൈൎഗ്ഗരപി ച മഹിതൈൎഗ്ഗോപുരൈശ്ശോഭിതായാം
ഭൂതിംദാതും ഭുവി വിനമതാം ഭൂരികാരുണ്യഭാരാ-
ദാസ്തേയസ്യാമഖിലജഗതാമാദികന്ദോമുകുന്ദഃ.
നത്വാദേവം നളിനനയനം ഭോഗിഭോഗാസനസ്ഥം
ദൃഷ്ട്വാചൈതൽപുരിപരിസരേ രാജിതാം രാജധാനീം
വിസ്തീൎണ്ണാം തദിപണിസരണിം വിത്തപൂൎണ്ണാം പ്രയാതോ
മാൎഗ്ഗശ്രാന്തിം വ്യപനയ സഖേ! മദ്വശാം ത്വം വിചിന്ത്യ,"

എന്നു് ഈ പട്ടണത്തിൻെറ മാഹാത്മ്യത്തെ പ്രശംസിച്ചിരിക്കുന്നു. ഇവിടത്തെ അഭിനവമായ പ്രാകാരം, അത്യുത്തുംഗങ്ങളായ ഗോപുരങ്ങൾ, വിസ്തീൎണ്ണവും വിത്തപൂൎണ്ണവുമായ വിപണിവീഥി ഇവയെല്ലാം ആ കവിയുടെ ഹൃദയത്തെ ഹഠാദാവൎജ്ജിച്ചതായി കാണുന്നുണ്ടു്.

ഈ പാഠശാലയുടെ ജനയിതാവായ വാഴ്ചയൊഴിഞ്ഞ മഹാമഹിമശ്രീ രാമവൎമ്മമഹാരാജാവു തിരുമനസ്സിലെ വരിഷ്ഠങ്ങളായ അപദാനങ്ങൾ വാചാമഗോചരങ്ങളാകുന്നു. "വാൎദ്ധകേമുനിവൃത്തീനാം" എന്നും "ഗളിതവയസാമിക്ഷ്വാകൂണാമിദം ഹി കുലവ്രതം" എന്നും മഹാകവികൾ കീൎത്തനംചെയ്ത സൂൎയ്യവംശജന്മാരായ രാജാക്കന്മാരുടെ ഭോഗ

നിഃസ്പൃഹതയെപ്പററി നമ്മൾ കേട്ടിട്ടുണ്ട്. ആ പുളകോൽഗമകാരിയായ കാൎയ്യം അധുനാതനന്മാരായ അസ്മാദൃശന്മാക്കും കാണ്മാറായല്ലോ. സൂൎയ്യവംശജനായ ബുദ്ധഭഗവാൻ രാജ്യലക്ഷ്മിയുടെ സ്വയംഗ്രഹപരിഷ്വംഗത്തിനു മുൻപുതന്നെ മുമുക്ഷുവായി. തദ്വിഷയത്തിൽ ജ്ഞാതാസ്വാദനാകാത്ത ആ മഹാനുഭാവൻെറ സന്ന്യാസത്തിൽനിന്നു രാമവൎമ്മമഹാരാജാവിൻെറ വിവൃതജ്ജഘനയായ വിശ്വംഭരാദേവിയുമായുള്ള വേർപാടു ശരിയല്ലെന്നു സൂക്ഷ്മമായി ആലോചിച്ചാൽ ആക്കും മനസ്സിലാക്കാം. "നജാതുകാമഃ കാമാനാമുപഭോഗേന ശാമ്യതി" എന്നുണ്ടല്ലോ. ഈ രാജ്യത്യാജിയുടെ യശസ്സു ഭാരതഭൂമിയിൽ അഭംഗുരമായി ആകല്പകാലം നിലനില്ക്കുന്നതാണ്.

അവിടത്തെ അനന്തരഗാമിയായി ഇന്നു കൊച്ചിരാജ്യം പരിപാലിക്കുന്ന മഹാമഹിമശ്രീ രാമവൎമ്മ മഹാരാജാവുതിരുമനസ്സുകൊണ്ടും നമ്മുടെ ഭക്തിബഹുമാനങ്ങളെ പ്രകൃഷ്ടമായി അൎഹിക്കുന്നു. ഇത്ര അഹങ്കാരരഹിതനായി, അനന്തഗുണശാലിയായി, പണ്ഡിതപക്ഷപാതിയായി, പ്രജാക്ഷേമനിരതനായി, ഒരു ഭൎത്താവിനെ ലഭിച്ച മാതൃഭൂമി ഭാഗ്യവതിതന്നെ.

"യഥാഹിഗൎഭിണീഹിത്വാ
സ്വംപ്രിയം മനസോനുഗം
ഗൎഭസ്യഹിതമാധത്തേ
തഥാരാജാപ്യസംശയം,"

എന്ന ശ്ലോകത്തിൽ രാജാക്കന്മാർ പ്രജകളെ എങ്ങനെ രക്ഷിക്കണമെന്നും,

"ഏഷന്യാസോമയാദത്തഃ
സൎവ്വേഷാംവോയുധിഷ്ഠിരഃ
ഭവന്തോപ്യസ്യ വീരസ്യ
ന്യാസഭൂതാഃ കൃതാമയാ,"

എന്ന ശ്ലോകത്തിൽ രാജക്കന്മാക്കും പ്രജകൾക്കും തമ്മിലുള്ള ബന്ധം ഏതുതരത്തിലിരിക്കണമെന്നും ഭാരതീയരുടെ പരമാചാൎയ്യനായവ്യാസഭഗവാൻ നമ്മെ പ്രശസ്തരീതിയിൽപഠിപ്പിക്കുന്നു. എങ്ങനെഗൎഭിണിതൻെറ പ്രിയത്തെ പരിത്യജിച്ച ഗൎഭസ്ഥിതമായശിശുവിൻെറപ്രിയത്തെപാലിക്കുന്നുവോ അതുപോലെ രാജാവു സ്വസുഖത്തെ തിരസ്കരിച്ചു പ്രജാസുഖത്തെ സഞ്ചയിക്കണം. രാജാവു പ്രജകളുടേയും, പ്രജകൾരാജാവിൻെറയും ന്യാസങ്ങളാണെന്ന് ഇരുകൂട്ടരും ഓൎമ്മിക്കണം. ഇതാകുന്നുരാജധൎമ്മത്തി

ൻേറയും പ്രജാധമ്മത്തിൻേറയും രഹസ്യം, ഏതാദൃശങ്ങളായ മൌലിക സിദ്ധാന്തങ്ങളിൽ അധിഷ്ഠിതമാകുന്നു തിരുമനസ്സിലെ രാജ്യഭരണമെന്നു ആരാണ് ധരിക്കാത്തതു്? ഈ തത്വത്തെ പ്രപഞ്ചനം ചെയ്യേണ്ട ആവശ്യകത ഈ സന്ദർഭത്തിൽ വക്താവിനോ ശ്രോതാക്കൾക്കോ ഇല്ല. ഈ രണ്ടു തിരുമേനിമാരുടേയും കാരുണ്യച്ഛായയെ ആശ്രയിച്ചാണ് പ്രസ്തുത പാഠശാലാലത കാലാനുരൂപമായും ക്രമോന്നതമായും വളൎന്നു വരുന്നതു്. ദാനങ്ങളിൽ വെച്ചു ഉത്തമങ്ങളാകുന്നു അതിദാനങ്ങൾ; അതിദാനങ്ങളിൽ വെച്ചു അത്യുത്തമമാകുന്നു വിദ്യാദാനം.

"ത്രീണ്യാഹുരതിദാനാനി
ഗാവഃ പൃത്ഥ്വീ സരസ്വതീ;
നരകാദുദ്ധരന്ത്യേതേ;
വിദ്യാദാനം തതോധികം"

എന്ന ബൃഹന്നാരദീയപുരാണ വചനം ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

"സൎവേഷാ മേവദാനാനാം
വിദ്യാദാനം പരം സ്മൃതം;
വിദ്യയാ പ്രാണിനാം മുക്തി-
സ്തസ്മാത്തദ്ദാനമുത്തമം."

എന്നു വിദ്യാദാനത്തിൻെറ ഗൌരവത്തെ സ്മൃതികളിലുംസ്ഥാപിച്ചു കാണുന്നു. അത്തരത്തിലുള്ളമരുദാനത്താൽ അനശ്വരമായ പുണ്യംസമാർജിക്കുന്ന ഈ തിരുമേനിമാൎക്കു് ആയതമായ ആയുസ്സും, അക്ഷയമായ ആരോഗ്യവും, അഖണ്ഡമായ ഐശ്വര്യവും പുരുഷോത്തമനായ പൂൎണ്ണത്രയീശൻ നല്കുമാറാകട്ടെ എന്നു് ആശംസിക്കുകയല്ലാതെ ആ ദാനത്തിൻെറ ഫലം അനുഭവിക്കുന്ന പ്രജാവലിക്കു നിഷ്കൃതിദ്വാരാ മറെറന്തു നിർവ്വഹിക്കുവാൻ കഴിയും?

കേരളത്തിനു് അതിൻെറ മൂന്നുഘടകസംസ്ഥാനങ്ങളിലുമായി തിരുവനന്തപുരം, തൃപ്പൂണിത്തുറ, പട്ടാമ്പി ഈ സ്ഥലങ്ങളിൽ ഇപ്പോൾ മൂന്നു സംസ്കൃത മഹാപാഠശാലകൾ ഉണ്ടു്. അവയിൽ ഓരോന്നിനും ചില വിശിഷ്ടഗുണങ്ങളുള്ളതായാണ് എൻെറ അനുഭവം. അവയ്ക്കു നട്ടനായകമായി ശോഭിക്കുന്ന ഈ രാമവമ്മ മന്ദിരം സഹൃദയതിലകൻ രാമപ്പിഷാരടി, താൎക്കികതിലകൻ മാന്തിട്ട കുഞ്ചുനമ്പൂതിരി, മുതലായ പണ്ഡിത ശിഖാമണികളുമായുള്ള സംബന്ധത്താൽ ഉത്തരോത്തരം അഭി

വൃദ്ധിയെ പ്രാപിച്ച് ഇന്നു ഒരു മാതൃകാവിദ്യാലയമായി പരിണമിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളാലല്ലാതെ കേരളത്തിന്റെ അതിന്റെ പൂർവകാലമഹിമ ഒരിക്കലും പുനർല്ലബ്ധമാകുന്നതല്ല.

സംസ്കൃതം ദേവഭാഷയെന്നു പറയാറുണ്ട്. ദേവന്മാരുണ്ടെന്നു ഭാരതഭൂമിയിൽ ആസ്തികന്മാർ പണ്ടുപണ്ടേ വിശ്വസിക്കുന്നു. അവരുടെ അസ്തിത്വത്തിൽ ശങ്കിക്കേണ്ട ആവശ്യമില്ലെന്നു വിശ്വവിശ്രുതനായ സർ, ഒലിവർ ലോഡ്ജ് (Sir Oliver Lodge) മുതലായ പാശ്ചാത്യപണ്ഡിതന്മാർ ഇന്നു നമ്മെ ഉൽബോധിപ്പിക്കുന്നു. ദേവന്മാർ സംസാരിക്കുന്ന ഭാഷ ഏതെന്നു് അറിവില്ലെങ്കിലും അവർ ഏതെങ്കിലും ഒരു ഭാഷ സംസാരിക്കണമെങ്കിൽ അതു സംസ്കൃതമായിരിക്കണമെന്നു് എനിക്കു പലപ്പോഴും തോന്നാറുണ്ട്. സംസ്കൃതത്തെപ്പോലെ മഹനീയമായ ഒരു ഭാഷ ഇല്ലെന്നു വിശ്വസിക്കുന്ന അനവധി വിദ്വന്മണികൾ ഇന്നു ലോകത്തിന്റെ നാനാഭാഗങ്ങളിലും നിവസിക്കുന്നുണ്ട്.

"ക്വനു ചിന്താമണിഃ ശ്രീമാൻ?
ക്വനു കാചമണിർല്ലഘുഃ?
"ഭാഷാസു മുഖ്യാ മധുരാ
ദിവ്യാ ഗീർവാണഭാരതീ"

എന്നും മററും ഈ ഭാഷയുടെ ഉൽകൃഷ്ടതയെപ്പററി നമ്മുടെ പൂർവികന്മാർ പുകഴ്ത്തീട്ടുള്ളതു സ്വാഭിമാനത്തിന്റെ വിജൃംഭണമാണെന്നു കരുതുന്നവർ തത്ത്വവേദികളല്ല. ഏതുപാധികളെക്കൊണ്ടാണു് സംസ്കൃതത്തിനു മാഹാത്മ്യം കല്പിക്കേണ്ടതെന്നുള്ള വിഷയത്തെപ്പററി സ്വല്പമൊന്നു വിചാരണ ചെയ്യാം.

1. പ്രാചീനത. അതിപ്രാചീനമായ ഒരു ഭാഷയാകുന്നു സംസ്കൃതം എന്നുള്ള വിഷയത്തിൽ ആക്കും അപലാപത്തിനു് അവകാശമില്ല. "തസ്യഹവാ ഏതസ്യമഹതോ ഭൂതസ്യ നിശ്വസിതം" ഇത്യാദി പ്രമാണങ്ങളിൽ നിന്നു ഒന്നു നാം മനസ്സിലാക്കേണ്ടതു വേദങ്ങൾ അനാദികൾ എന്നു തോന്നത്തക്ക നിലയിൽ അത്രമാത്രം പഴക്കമുള്ളവയാണെന്നാകുന്നു. ഋക്സംഹിതയാകുന്നു അവയിൽ അതിപുരാതനമായ ഭാഗം; ഋക്കുകൾ തന്നെ വിവിധകർമ്മാനുഷ്ഠാനങ്ങൾക്കായി പല മഹർഷിമാർ സംഗ്രഹിച്ച സൂക്തങ്ങളാകുന്നു. അവയ്ക്കും വളരെ വളരെക്കാലം മുൻപു തന്നെ സംസ്കൃതഭാഷ പരിപുഷ്ടമായ ആകൃതിയിൽ പ്രചരിച്ചിരുന്നു എന്നുള്ള ന്യായമായ ഊഹത്തിന് ഉപോൽബലകങ്ങളായ ചില തത്ത്വങ്ങൾ പുരാണവസ്തു വിജ്ഞാതാക്കൾ ഈയിടയ്ക്കു പ്രകാശനം ചെയ്തിട്ടുണ്ട്.

ക്രി. പി. ൧൯൨൨—൧൯൨൫ ഈ വൎഷങ്ങളിൽ സർ ജോൺ മാൎഷൽ (Sir John Marshall) സിന്ധുരാജ്യത്തിൽ മോഹൻജൊ ദറോ (മോഹനവപ്രം) പഞ്ചനദത്തിൽ നാരപ്പാ ഈ രണ്ടു ഭൂഗൎഭത്തിൽ ആണ്ടുപോയ പുരാതനനഗരങ്ങളുടെ നഷ്ടശിഷ്ടങ്ങൾ കണ്ടുപിടിക്കുകയുണ്ടായി. ഇവയിൽ നിന്നു ക്രിസ്തുവിൻെറ ജനനത്തിനു കുറഞ്ഞ പക്ഷം മൂവ്വായിരം സംവത്സരങ്ങൾക്കു മുൻപു് ഈ നഗരങ്ങളിൽ വലിയ തെരുവുകൾ, ഗൃഹങ്ങൾ, ക്ഷേത്രങ്ങൾ, സ്നാനഘട്ടങ്ങൾ മുതലായ പരിഷ്കൃതസ്ഥാപനങ്ങൾ ഉണ്ടായിരുന്നതായും ഗൃഹങ്ങൾ ഇഷ്ടികകൊണ്ടും, മരംകൊണ്ടും പണിയപ്പെട്ടിരുന്നതായും, അവയിൽ മററുള്ളവൎക്കുപുറമെ കുലാലന്മാർ, തന്തുവായന്മാർ, കളാദന്മാർ മുതലായ തൊഴിലാളികൾ ജീവിച്ചിരുന്നതായും ആലേഖ്യരൂപത്തിലുള്ള ഒരു വക അക്ഷരവിന്യാസം അവൎക്കിടയിൽ പ്രചരിച്ചിരുന്നതായും മററും വെളിവാകുന്നു. ഈ വിവരങ്ങളെ ക്രോഡീകരിച്ചു് ഒരു വലിയ പുസ്തകം മാൎഷൽ എഴുതിവരുന്നതു സമീപകാലത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണു്. അന്നു ഹിന്ദുക്കളും, പാഴ്സികളുടെ പൂൎവികന്മാരായ ഇറേനിയന്മാരും തമ്മിൽ വേർപിരിഞ്ഞു കഴിഞ്ഞിരുന്നില്ലെന്നും, സിന്ധുനദിയും ബാബിലോണിയായിലേ യൂഫ്രേററീസ് നദിയും തമ്മിൽ നിരന്തരമായ വാണിജ്യശൃംഖലയാൽ ബന്ധിക്കപ്പെട്ടിരുന്നു എന്നും നാം ധരിക്കേണ്ടതത്രെ. അക്കാലത്തു് ഈജിപ്ഷ്യൻ, ബാബിലോണിയൻ, ഇൻഡ്യൻ ഈ മൂന്നു സംസ്കാരങ്ങൾ പരിപക്വദശയെ പ്രാപിച്ചിരുന്നുഎന്നും അവയിൽ സൎവോൽകൃഷ്ടമായി സമുല്ലസിച്ചിരുന്നതു് ഇൻഡ്യൻ സംസ്കാരമാണെന്നും Childe's "Most Ancient East and Aryans" മുതലായ ഗ്രന്ഥങ്ങളിൽ നിന്നു നാം ഗ്രഹിക്കുന്നു.

2. **ആദരണീയത**. സംസ്കൃതത്തെപ്പോലെ ഭൂമിയിലെങ്ങും ജാതിമതഭേദം കൂടാതെ പണ്ഡിതന്മാർ ബഹുമാനിക്കുന്ന ഭാഷ മറെറാന്നുമില്ല. ഒരു കാലത്തു ഗ്രേററ്ബ്രിട്ടനിൽ ഇത്തരത്തിലൊരു ഭാഷതന്നെ ഉണ്ടാവാൻ മാൎഗ്ഗമില്ലെന്നാണു് വിഖ്യാതന്മാരായ വിദ്വാന്മാർപോലും വിശ്വസിച്ചിരുന്നതു്. ക്രി. പി. പതിനെട്ടാം ശതകത്തിൻെറ ഉത്തരാൎദ്ധത്തിൽ ജീവിച്ചിരുന്ന പ്രസിദ്ധതത്വചിന്തകനായ "ഡ്യൂഗാൾഡ് സ്റ്റ്യൂവാൎട്ട്" Dugald Stewart "സംസ്കൃതഭാഷയും സംസ്കൃതസാഹിത്യവും അ ആഷാഢഭൂതികളായ ആചാൎയ്യന്മാരുടെ— ബ്രാഹ്മണരുടെ— കൃത്രിമസൃഷ്ടിയാണു്" എന്നു പ്രസ്താവിക്കുവാൻ മടിച്ചില്ല. അദ്ദേഹത്തിൻെറ സമകാലികനും കേരളത്തിൽ വന്നു സംസ്കൃതം നല്ലപോലെ പഠിച്ചു അതിൽ പാണ്ഡിത്യം സമ്പാദിച്ച മഹാനുമായ ഇററലിയിലേ പാളിനൊ

സ്സ് ബത്തോലോമിയോ എന്ന പാതിരി (Father Paulinus Bartholo-meo) "ചെകിത്താൻ അസാമാന്യമായ സൂക്ഷ്മബുദ്ധിയോടുകൂടി ബ്രാഹ്മണ പണ്ഡിതന്മാരെ, സാധാരണ ജനങ്ങൾക്ക മാത്രമല്ല നല്ല പരിഷ്കൃതന്മാരായ പണ്ഡിതന്മാൎക്കുപോലും ദുരവഗാഹങ്ങളായ രഹസ്യങ്ങളാൽ ജടിലവും, ആഢ്യവും, സഹസ്രശാഖവുമായ ഒരു ഭാഷയെ നിൎമ്മിക്കുവാൻ പ്രേരിപ്പിച്ചു" എന്ന വാക്യത്തിൽ ലോകത്തിനു സംസ്കൃതാഭ്യസനവിഷയത്തിൽ നേരിടാവുന്ന പ്രയാസപരമ്പരയെ ഉൽബോധിപ്പിച്ചു. അക്കാലംപോയി. മഹാശയനായ സർവില്യം ജോൺസ് ക്രി. പി. ൧൭൮൯-ൽ ഇൻഡ്യയിൽ വന്നു; സംസ്കൃതം പഠിച്ചു; ശാകുന്തള നാടകം തൎജ്ജിമചെയ്തു; ശൎമ്മണ്യ (ജൎമ്മനി) മഹാകവിമൂൎദ്ധന്യനായ ഗേഥേ ആ നാടകത്തെ സശിരഃകമ്പം അഭിനന്ദിച്ചു. അന്നു മുതൽ പാശ്ചാത്യരാജ്യങ്ങളിൽ ഈ ഭാഷ അഗ്രപൂജയ്ക്ക് അൎഹമായി. ൧൮൦൮-ൽ ഫ്രെഡ്റിക് ഷ്ലീഗൽ എന്ന മറെറാരു ശൎമ്മണ്യമഹാശയൻ "ഹിന്ദുക്കളുടെ ഭാഷയും സംസ്കാരവും" എന്ന വിഷയത്തെ അധികരിച്ച് ഒരു ഗ്രന്ഥം പ്രകാശനം ചെയ്തു; ൧൮൧൬-ൽ ബോപ്പ് അദ്ദേഹത്തിൻെറ കമ്പാരററീവ് ഗ്രാമർ(Comparative Grammer)എന്ന വ്യാകരണം പ്രസിദ്ധീകരിച്ചു. ൧൮൪൯—൧൮൭൩ ഈ വൎഷങ്ങൾക്കിടയിൽ സംസ്കൃതഭാഷയുടെ സാക്ഷാൽ ജീവാതു എന്നു പറയേണ്ട മോക്ഷമൂലാചാൎയ്യർ (മാക്സ്മ്യൂലർ) ഋഗ്വേദ സംഹിത പ്രകടനം ചെയ്തു. ൧൮൯൩-ൽ ആധുനിക ഭാരതത്തിൻെറ അഭിമാനകേന്ദ്രമായ ശ്രീവിവേകാനന്ദസ്വാമി അമേരിക്കയിൽ ചിക്കാഗോനഗരത്തിൽവെച്ചു സനാതനധൎമ്മത്തിൻെറ സൎവാതിശായിയായ മാഹാത്മ്യത്തെ പ്രഖ്യാപനം ചെയ്തു. കിംബഹുനാ? സംസ്കൃതത്തിനു ഇതരദേശങ്ങളിൽ ഇക്കാലത്തുള്ള ബഹുമാന്യതയ്ക്ക് ഔദ്ധത്യവും ഇയത്തയും പരിച്ഛേദ്യമല്ലെന്നു തന്നെ പറയാം.

3. വിശാലത:—സംസ്കൃതസാഹിത്യം എത്രവിപുലമാണെന്നു നിൎണ്ണയിക്കുവാൻ പ്രയാസമുണ്ടു്; അതിപുരാതനമായകാലത്തു ഉൽകൃഷ്ടവും സ്വതന്ത്രവുമായ ഒരു വലിയ ജനസമുദായത്തിൻെറ വ്യവഹാരഭാഷയും അനന്തരകാലങ്ങളിൽ അതിൻെറ സമഗ്രമായ സാഹിത്യസമ്പത്തിൻെറ നിധാനപേടകവുമായ ഒരു ഭാഷ എതെല്ലാം തരത്തിലുള്ള ഗ്രന്ഥരത്നങ്ങൾക്കു് ആകരമാകാവുന്ന ഒരു മഹോദധിയാണെന്നു് എററെക്കുറെ ഊഹ്യമാണല്ലോ. കഴിഞ്ഞ ഒന്നേകാൽ ശതാബ്ദത്തിൽ കുട്ടവലരെ സംസ്കൃതഗ്രന്ഥങ്ങൾ, ഏഷ്യ, യൂറോപ്പ്, അമേരിക്ക ഈ ഭൂഖണ്ഡങ്ങളിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ടു്. സംസ്കൃതഗന്ധികളായ പ്രസിദ്ധിക

രണാങ്ങളുടെ സംഖ്യയും സീമാതീതമാണ്. എന്നിട്ടുകൂടി ഈ സർവ്വജ്ഞ മൂർത്തിയുടെ ശിരസ്സും, പാദവും എവിടെയെന്നു നിർണ്ണയിക്കുവാൻ യാതൊരു ബ്രഹ്മാവിനും, വിഷ്ണുവിനും ഇന്നുവരെ സാധിച്ചിട്ടില്ല. സാഹിത്യമയമായും ശാസ്ത്രമയമായുമുള്ള ഗ്രന്ഥങ്ങൾ അപ്രതീക്ഷിതങ്ങളായ അനവധി വിദ്യാദരികളിൽ നിന്നു പുത്തൻ പുത്തനായി ബഹിർഗ്ഗമിക്കുന്നു. ചീനസാമ്രാജ്യം, ടർക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, പേർഷ്യാ, ഇൻഡോ-ചൈന, സുമാററ്റാ, ജാവാ മുതലായ ദേശങ്ങളിലെ സംസ്കാര ചരിത്രം സാങ്ഗോപാങ്ഗമായി ഗ്രഹിച്ചാലല്ലാതെ സംസ്കൃതത്തിൻെറ വിശാലതയേയോ, വിശ്വതോമുഖതയേയോ പററി നിഷ്കൃഷ്ടമായി ഒരഭിപ്രായം രൂപവൽകരിക്കുന്നതു സമീചീനമല്ലെന്നാണ് കണ്ടേടംകൊണ്ടൂഹിക്കേണ്ടിയിരിക്കുന്നതു്. ആദ്യകാലത്തു സംസ്കൃതഭാഷയിൽ രചിക്കപ്പെട്ടിരുന്ന അനേകം ബൌദ്ധമതഗ്രന്ഥങ്ങൾ ഇപ്പോൾ "ടിബെററൻ" മുതലായ ഭാഷകളിൽ കേവലം തർജ്ജിമകളായി മാത്രം അവശേഷിക്കുന്നു; അവയെ ദേശാഭിമാനികളായ പണ്ഡിതന്മാർ വീണ്ടും സംസ്കൃതത്തിലേക്കു തർജ്ജിമ ചെയ്യുന്നു. അത്തരത്തിലും ഒരഭിവൃദ്ധി സംസ്കൃതത്തിനു സിദ്ധിക്കുന്നുണ്ടു്.

4. **അവിച്ഛിന്നത** ഒരു കാലത്തു ജീവൽ ഭാഷയായിരുന്ന സംസ്കൃതത്തിനു കാലാനുസൃതമായ ഭേദം അപ്പോഴപ്പോൾ ഉണ്ടായിട്ടുണ്ടു്. എന്നാൽ അനുക്രമണികാകാരനായ ശൌനകമഹർഷിയുടെ കാലം മുതല്ക്ക്—അതായതു് കഴിഞ്ഞ രണ്ടായിരത്താണ്ടൂറു സംവത്സരങ്ങൾക്കിടയിൽ—ഭാരതീയരുടെ പ്രഥമ സ്വത്തായ വേദചതുഷ്ടയത്തിനു യാതൊരു ആകൃതിവ്യത്യാസവും സംഭവിച്ചിട്ടില്ല. ആ ദിവ്യഗങ്ഗ ഇന്നും ശിഷ്യപ്രശിഷ്യപ്രണാളികാദ്വാരാ അവിച്ഛിന്നധാരമായി അച്ഛസ്ഫടികസങ്കാശമായി പ്രവഹിക്കുന്നു. അത്രിപരാശരാദികളും വസിഷ്ഠവാമദേവാദികളും ഏതു മാതിരിയിൽ ഉദാത്താനുദാത്തസ്വരിതങ്ങൾക്കു യാതൊരു വിലോപവും കൂടാതെ 'അഗ്നിമീളേപുരോഹിതം' ഇത്യാദിസംഹിതകൾ ഉച്ചരിച്ചു വന്നുവോ അതേ മാതിരിയിൽ തന്നെ ആധുനികന്മാരായ അവരുടെ അനന്തരഗാമികളും അവയെ ഉച്ചരിക്കുന്നു എന്നൂഹിക്കുവാൻ ധാരാളം ന്യായമുണ്ടു്.

(തുടരും)

റാവുസ്സാഹേബ്, ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം.എ., ബി.എൽ.

# എൻെറ സൂൎയ്യൻ.

വള്ളത്തോൾ

(കേക)

ദാരിദ്ര്യദൈന്യത്താലോ, സ്വാതന്ത്ര്യഭംഗത്താലോ,
ദാരുണരോഗത്താലോ, നിസ്സഹായതയാലോ,
വേദനപ്പെട്ടിന്നോരെത്താങ്ങാനും തലോടാനു-
മാദിനാഥനാൽ നൽകപ്പെട്ട കൈകളേ, നിങ്ങൾ,
ചേതസ്സിലഭിമാനധ്യാനയോഗത്താൽപ്പോലെ
പാതിചിമ്മിയതാകുമാഢ്യർതൻ കണ്ണിൻ മുന്നിൽ
അഞ്ജലി സമൎപ്പിപ്പാൻ കാത്തുനില്ക്കയോ ചെയ്വൂ
തൻജനി പാഴായ്പ്പോകാനെന്തിതിൽപ്പരം വേണ്ടൂ?
എത്ര കൂമ്പുന്നു മുമ്പിൽസ്സാധുവിൻകരയുഗ്മ-
മത്രസങ്കുചിതമായ്ബ് ഭവിപ്പൂ പ്രഭുചിത്തം!
സമ്പന്നനല്ലാ പാരിൽസ്സമ്പന്നൻ, സമസൃഷ്ടി-
സത്പ്രീതിസമ്പാദിച്ച സത്യചേഷ്ടിതനത്രേ;
സമ്പത്തു വിപത്തുതാൻ ധൎമ്മത്തിന്നെടുക്കായ്കിൽ;
സന്തോഷം മധുരിക്കില്ലൊററയ്ക്കു ഭുജിക്കുകിൽ!
അന്യനുവേണ്ടി സ്വാൎത്ഥം സംത്യജിപ്പതേ നേട്ടം—
അന്യൻെറയഭീഷ്ടത്തിൽ ദൃഷ്ടിവെപ്പതേ നോട്ടം—
അന്യൻെറ ദുഃഖത്തിൽപോയ്പ്പങ്കുകൊൾവതേ സൌഖ്യം—
അന്യൻെറയാപത്തോടു പോരിടുന്നതേ ശൌൎയ്യം—
അന്യോന്യദൃഢസ്നേഹബദ്ധരാം പ്രജകളെ-
ങ്ങ,ന്യൂനമാ രാജ്യത്തു മുക്തിതൻ വിളയാട്ടം!
അന്യനെസ്സഹായിച്ച നീ വല്ലപ്പൊഴുമെങ്കിൽ,
നിന്നെ നീ സഹായിച്ചുവെന്നുതാനതിൻസാരം:—
നിന്നനുകമ്പക്കണ്ണീരാരിൽ വീണണിമുത്തായ്,
നിണ്ണയ,മവനുനീ യെന്നെന്നും കടപ്പെട്ടോൻ!
നിൻനെടുവീൎപ്പിൻകാറാണാററിയതെനിക്കുൾച്ചൂ-
ടെ,ൻനിലാവുതിൎക്കാവൂ തൂവെള്ളി നിൻമുററത്തും!
കാലഭേദത്താലൊരാൾക്കാപ്പെട്ട കഷ്ടാവസ്ഥാ-
മാലിന്യം പത്തുക്കെ ഞാൻ തുടച്ചുകളകയാൽ
അവനു മുഖത്തുണ്ടാമേതൊരാശ്വാസത്തെളി-
വ,ത്തുതാനാവുകെനിക്കെ,ൻെറ ലോകത്തിൻ സൂൎയ്യൻ!

(സഹകരണപ്രബോധിനി.)

# പ്രാചീന കേരളത്തിലെ
# ഗുരുകുലവിദ്യാലയങ്ങൾ.

## 2. മഠങ്ങൾ.

തെക്കൻ തിരുവിതാംകൂറിൽ ശാലകളുണ്ടായിരുന്നപോലെ കേരളത്തിൻെറ മററുഭാഗങ്ങളിലും മഠങ്ങൾ ഉണ്ടായിരുന്നു. തിരുവനന്തപുരത്തു മിത്രാനന്ദപുരത്തു് രണ്ടുമഠങ്ങളും തിരുവല്ലാക്ഷേത്രത്തിനോടു് ചേന്നു് ഒരു മഠവും സ്ഥാപിച്ചിട്ടുണ്ടു്. ഈ മഠങ്ങളുടെ ആധിപത്യം വഹിച്ചിരുന്നതു് തൃശ്ശിവപേരൂർ നടുവിലെമഠത്തിലേയും മഞ്ചിറമഠത്തിലേയും സ്വാമിയാന്മാരായിരുന്നു. "യോഗിയാർ തിരുവടി" "പഴാരർ തിരുവടി" "ഭട്ടാരകത്തിരുവടി" "ജോസിയാർതിരുവടി" എന്നും മററും ശുചീന്ദ്രം, തിരുവല്ലം, തിരുവനന്തപുരം, തിരുവല്ല മുതലായ സ്ഥലങ്ങളിൽ ഉള്ള ലേഖനങ്ങളിലും താമ്രശാസനങ്ങളിലും പറഞ്ഞു കാണുന്നതു് ഇവരേപ്പററി ആയിരിക്കണം. അതുകൊണ്ടും മററുകാരണങ്ങൾ മുഖേനയും അവർതന്നെ ആയിരുന്നു ഈ മഠങ്ങളിലെ വേദാദ്ധ്യയനത്തിനും ശാസ്ത്രാഭ്യസനത്തിനും പ്രധാന അദ്ധ്യാപകന്മാർ എന്നു സാമാന്യേന ഊഹിക്കാവുന്നതാണു്. തിരുവല്ല, തിരുവനന്തപുരം, തിരുവല്ലം, ശുചീന്ദ്രം, തിരുവട്ടാർ എന്നീ മഹാക്ഷേത്രങ്ങളിൽ ഇന്നും വില്വമംഗലത്തു സ്വാമിയാരുടെ ശിഷ്യപരമ്പരയായ നടുവിലേമഠം സ്വാമിയാക്കു് ചില അധികാരങ്ങളും അവയെസ്സംബന്ധിച്ചു് അവകാശങ്ങളുമുണ്ടെന്നു് ഇവിടെ പ്രസ്താവയോഗ്യമാണു്. (26) തിരുവനന്തപുരത്തു് മിത്രാനന്ദപുരത്തു് വിഷ്ണുക്ഷേത്രത്തിൽ ഒരു സന്ന്യാസിയുടെ (സ്വാമിയാരുടെ) ചിലവിലേക്കും അവിടത്തെ നിവേദ്യത്തിനും കൂടി 132 പറനെല്ലു ആണ്ടിൽ വരവുണ്ടാവുന്നതായ 600 പറനെല്ലും 30 ആന അച്ചും നിവേദ്യം വെക്കുന്നതിനു് ഉരുളിയും മററും മാ

---

28. ഉദാഹരണമായി പറയുകയാണെങ്കിൽ തിവല്ലായിലും തിരുവനന്തപുരത്തും തിരുവട്ടാററും ഉത്സവത്തിനു "അനുജ്ഞ" നൽകുന്നതു് അദ്ദേഹമാണു്. തിരുവല്ലായിലും തിരുവട്ടാററും സ്വാമിയാക്കു് വല്ല കാരണവശാലും കൊടിയേററത്തിനു മുമ്പു് അവിടങ്ങളിൽ സന്നിഹിതനാവാൻ കഴിയാതെ വന്നാൽ ഈ ക്രിയ അദ്ദേഹത്തിൻെറ "കൂർമ്മാസനം" വെച്ചു് ഇതിനായി അധികാരപ്പെടുത്തിയ "ശിഷ്യൻ" നടത്തുകയാണു് പതിവു്. തിരുവനന്തപുരത്തു മാത്രം അദ്ദേഹം തന്നെ അനുജ്ഞകൊടുക്കണമെന്നു് നിബ്ബന്ധമുള്ളതുകൊണ്ടു് വല്ലകാരണത്താലും യഥാകാലം എത്തിച്ചേരുന്നതിനു് പ്രതിബന്ധമുണ്ടെന്നു കാണുമ്പോൾ മുൻകൂട്ടിത്തന്നെ അനുജ്ഞ കൊടുക്കുകയാണു് പതിവു്. ഇവിടേയും തിരുവട്ടാററും മേൽശാന്തിക്കാരെ അവരോധിക്കുന്ന സമയം അവരുടെ അധികാരചിഹ്നമായ കുട കൊടുക്കുന്നതും അദ്ദേഹമാണു്.

ലാമന്ദിരത്തിൽ ശ്രവകരൻ മണിയൻ എന്നൊരാൾ ഒകൊട്ടത്തതായി തരണനല്ലൂർ കേശവൻ ദാമോദരൻ നമ്പൂതിരിപ്പാട്ട സാക്ഷിപ്പെട്ടത്തിയമിത്രാനന്ദപുരം വക ഒരു ചെമ്പു പട്ടയത്തിൽനിന്നു കാണുന്നു. ഇതു 18-ാം നൂററാണ്ടിലായിരുന്നുവെന്നു തിരുവിതാംകൂർ പ്രാചീനലേഖന പ്രസാധകൻ മിസ്റ്റർ കെ. പി. സുബ്രഹ്മണ്യഅയ്യർ എഴുതിയിരിക്കുന്നു. (29)

അവിടെത്തന്നേ വേദാദ്ധ്യയനത്തിനായി ക്രി. അ. 1196-ൽ വേണാട്ടടികളായിരുന്ന മണികണ്ഠ രാമവർമ്മ മഹാരാജാവു് ചില പറമ്പുകളും നാലുകലം നെല്ലും നീക്കിവെച്ചതായി വിഷ്ണുക്ഷേത്രത്തിലെ ശിലാലിഖിതത്തിൽ കാണുന്നു. (30) മഠത്തിലെ വേദശാസ്ത്ര പാഠശാല ഇപ്പോഴും ഒരു മാന്യനിലയിൽ ഗവർമ്മേണ്ടു മേലന്വേഷണത്തിൽ മൂലോദ്ദേശത്തെ നിറവേററുന്നുണ്ടെന്നു് ഈ ലേഖകനു് കണ്ടറിവുണ്ടു്.

തിരുവല്ലാമഠം

"തിരുവല്ലാ ദേശികളെ"ന്നു പ്രസിദ്ധപ്പെട്ടിട്ടുള്ള കേരള ബ്രാഹ്മണർ പരിപാലിച്ചു പോന്നിരുന്ന തിരുവല്ലവാഴ്പ്പൻെറ ക്ഷേത്രത്തിലെ ചില ചെമ്പുപട്ടയങ്ങളിൽ അവിടത്തെ മഠത്തിൽ വസിച്ചു ശാസ്ത്രപഠനംചെയ്യുവന്നിരുന്ന മൂന്നു ഛാത്രക്കു് ഉപജീവനത്തിനായി വിഷ്ണുവിനു് പന്തീരടിപ്പൂജക്കു നിവേദിച്ച ചോററിൽ ഒരു ഭാഗം കൊട്ടക്കേണ്ടതാണെന്നു പറഞ്ഞു കാണുന്നു. ശിവനു നിവേദ്യം കഴിച്ചു് കുളത്തിൽ എറിഞ്ഞ ശേഷം തന്നെ ഇപ്രകാരം ചെയ്യണമെന്നും അവക്കു് നാളികേരം, ഉപ്പു് മുതലായ ഉപകരണങ്ങൾ ഒരു തിട്ടപ്പെട്ടത്തിയ തോതനുസരിച്ചു് കൊട്ടക്കേണമെന്നും പൂജ ഉദിച്ചു് 5 നാഴികക്കുമേൽ 8നാഴികക്കു മുമ്പു് കഴിയണമെന്നും അതിൽ കൊത്തിയിരിക്കുന്നു. ഇതിനു വീഴ്ചവരുത്തിയാൽ അതിനു ചുമതലപ്പെട്ടതു് ശാന്തി അടികൾ (മേൽ ശാന്തിക്കാരൻ) ആയിരുന്നാലും കീഴ്ശാന്തികാരനായിരുന്നാലും പഴാരർ തിരുവടിക്കു് (സ്വാമിയാക്കു്) 12 നാഴി അരിപിഴചെയ്യണമെന്നു അതിൽ പ്രസ്താവിക്കുന്നു.

ആവണി മാസത്തിൽ ഓണവിശേഷത്തിനു കിഴക്കും പടഞ്ഞാറുമുള്ള ദേവന്മാക്കായി (ശിവനും വിഷ്ണുവിനും) അപ്പിക്കുന്ന 700 നാഴി നിവേദ്യത്തിൽ പകുതിയും ഛാത്രന്മാക്കും (31) വേറെ നാലുനാഴി ആതുരശാലയിലുള്ളവക്കും (അതായതു ആസ്പത്രിയിലുള്ളവക്കും) നാലുനാഴി ഭട്ട

29. തിരുവിതാംകൂർ, പ്രാചീന ലേഖാവലി വാല്യം III ഭാഗം 23.

30. ടി പുസ്തകം, വാല്യം III ഭാഗങ്ങൾ 28 മുതൽ 30 വരെ നോക്കുക.

31. ഈ പട്ടയത്തിൻെറ കാലമായപ്പോഴേക്കും വിദ്യാത്ഥികളുടെ എണ്ണം വദ്ധിച്ചിട്ടായിരിക്കാം പൂജക്കുള്ള നിവേദ്യം കൂട്ടിയതു്.

ന്മാക്കും ബാക്കി മററുള്ള അവകാശക്കാക്കും ഭാഗിച്ചുകൊടുക്കേണ്ടതായിരുന്നു എന്നു മററൊരു ശാസനത്തിൽ പറയുന്നു. (32) ദിവസംപ്രതി ശാസ്ത്രങ്ങൾ പഠിപ്പിച്ചിരുന്ന ഭട്ടപ്രഭൃതികൾക്ക് അയ്യഞ്ചുനാഴി അരിച്ചോറു കിട്ടിയിരുന്നു. (33) തേച്ചുകുളിക്കുവാൻ എണ്ണ ആവശ്യമുള്ളവക്ക് എണ്ണയും തയ്യാറാക്കിയിരുന്നു. (34)

വേറൊരു തിരുവല്ലാ പട്ടയത്തിൽ ഛാത്രഭോജനത്തിനായി മൂലൈയിൽ നേത്തിയാർ എന്നു പേരുള്ള ഒരു സ്ത്രീ മാവേലിക്കരെക്കൂട്ടത്ത് അവിടവിടെയായി ചില പറമ്പുകൾ നീക്കിവെച്ചതായി പ്രസ്താവിക്കുന്നു. (35)

ഇതിൽനിന്നു ക്ഷേത്രാധികാരിളും മഠാധിപതികളും കലാലയങ്ങളിൽ പഠിച്ചിരുന്നവരുടെ സൌകയ്യങ്ങൾക്കു വേണ്ട ഒത്താശകൾ ചെയ്യിരുന്നുവെന്നു തെളിയുന്നുണ്ട്.

കേരളത്തിലെ സ്വാമിയാന്മാർ വൈദികാചാരനിരതന്മാരായിരുന്നുവല്ലൊ. അവർ പൂർവ്വാചാരങ്ങളെ ലംഘിക്കുവാനും നടപടികളിൽ ഓരോ പുതുമകൾ അംഗീകരിക്കുവാനും തുടങ്ങിയ വിദ്യാത്ഥികൾക്കും ഇതരക്ഷേത്രോപജീവികൾക്കും മഠത്തിൽനിന്നു ഭക്ഷണം കൊടുക്കയില്ലെന്നു നിശ്ചയിച്ചിരുന്നു. (36)

തൃക്കണാമതിലകവും കീഴിടങ്ങളും.

മേൽപ്രസ്താവിച്ച മഠങ്ങൾക്കു പുറമേ തൃക്കണാമതിലകത്തും അവിടത്തെ മഠത്തിൻെറ കീഴിടങ്ങളായി ഇപ്പോഴത്തെ തിരുവിതാംകൂറിലും അനവധിമഠങ്ങൾ ഉണ്ടായിരുന്നതായി ഐതിഹ്യമുണ്ട്. നെയ്യാററിൻകര താലൂക്കിൽ പാറശ്ശാലക്കു പടിഞ്ഞാറു മിഞ്ചിറമഠത്തിനു മൂന്നുനാഴിക വടക്കു പടിഞ്ഞാറുമായി "കുളത്തൂർ" എന്ന പ്രദേശത്തും "കൊല്ലാല" (37) എന്ന ദിക്കിലും നാഞ്ചിനാട്ടിൽ "മണക്കര" എന്നു പറയുന്ന ഗ്രാമത്തിലും ഈ മാതിരി മഠങ്ങളുണ്ടായിരുന്നുവത്രെ. ഇവിടങ്ങളിൽ

---

32. വരികൾ 409 മുതൽ 711വരെ, ഭാഗം 195 "തിരുവിതാംകൂർ പ്രാചീനലേഖാവലി" വാല്യം രണ്ട്, വരികൾ 414, 415, ഭാഗം 195, 196.

33. ടി പുസ്തകം, ഭാഗം 197, വരി 434.

34. ടിപുസ്തകം, ഭാഗം 196, വരികൾ 424, 425.

35. ടി പുസ്തകം, ഭാഗം 201, വരികൾ 517 മുതൽ 520 വരെ.

36. ടി പുസ്തകം വാല്യം 2 ഭാഗങ്ങൾ 31—53.

37 ഇതു "കീഴക്കൊല്ല" എന്നു പറഞ്ഞുവരുന്നതും ചരിത്രപ്രസിദ്ധമായ വിഴിഞ്ഞം തുറമുഖത്തിന്നു അല്പം കഴക്കുള്ളതുമായ ഒരു സ്ഥലമാണോ എന്ന് അന്വേഷിച്ചറിയേണ്ടതാണ്. ഈ സംഗതികൾ എൻെറ അറിവിൽ കൊണ്ടുവന്നവക്കീൽ ശ്രീമാൻ കക്കാട്ട് ശങ്കരവാരിയർ അവർകൾക്ക് എൻെറ കൃതജ്ഞത ഇവിടെ പ്രദർശിപ്പിക്കുന്നതു് സന്ദർഭോചിതമായിരിക്കുമെന്നു് വിശ്വസിക്കുന്നു.

ടിപ്പുസുൽത്താന്റെ "പടവെട്ടു" കാലംവരെയും വേദാദ്ധ്യയനം ശാസ്ത്രീയ വിദ്യാഭ്യാസം മുതലായതു തൃശ്ശിവപേരൂർ നഗരത്തിലെ പ്രബലമായ സഭായോഗത്തിന്റെ കീഴിൽ നടത്തിവരികയും അവക്ക് ഈ മഠങ്ങൾ കരം കൊടുത്തുവരികയും ചെയ്തിരുന്നതായി അദ്യാപി അഭിജ്ഞന്മാർ പറയുന്നു. മതവിഷയങ്ങളിലും വിദ്യാവിതരണത്തിലും രാജ്യകാര്യങ്ങളിലും മററും സമുദായ നേതൃത്വത്തെ വഹിച്ചിരുന്ന ഈ നമ്പൂതിരിയോഗക്കാരുടെ കീഴ്വരുതിയിൽ ഈ മഠങ്ങളിലെല്ലാം വിദ്വൽസദസ്സുകളുണ്ടായിരുന്നുവത്രെ. മൈസൂർവ്യാഘ്രത്തിന്റെ ആക്രമണത്തിൽ തൃക്കണാമതിലകം മുഴുവനും ചുട്ടുപൊട്ടിച്ചു നാമാവശേഷമായിത്തീർന്നതിനാൽ, മൂലസ്ഥാപനത്തിന്റെ അനാഥസ്ഥിതിയെ മനസ്സിലാക്കിയ യോഗപ്രതിനിധികൾ ഈ ദേശവഴികളെ മിക്കതും കരസ്ഥമാക്കിയതായി പറഞ്ഞുകേട്ടിട്ടുണ്ട്. ഇതിന്റെ വാസ്തവം എങ്ങനെ ആയിരുന്നാലും ചേരമഹാസഭകളും പ്രത്യേകിച്ചു വിദ്വൽസദസ്സും കൂടിയിരുന്ന തൃക്കണാപുരം ഒരു ബ്രാഹ്മണസങ്കേതവും വിശ്വവിദ്യാലയവും ആയിരുന്നു എന്ന സംഗതി വിദ്വാന്മാർ പലരും സമ്മതിച്ചിട്ടുള്ളതാണ്.

തുളുനമ്പിമഠങ്ങൾ.

നമ്പൂതിരിമാക്കു പലമാതിരിയിലുള്ള മഠങ്ങളും പരദേശ(തമിഴ്) ബ്രാഹ്മണക്കു സമൂഹമഠങ്ങളും ഉണ്ടായിരുന്നപോലെ പോററിമാർ, നമ്പിമാർ എന്നും മററും പറഞ്ഞുവരുന്ന തുളുബ്രാഹ്മണക്കും വേദശാസ്ത്ര വിദ്യാഭ്യാസത്തിനായി പ്രത്യേകമഠങ്ങൾ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. (ഇവയെപ്പററി ആരും പ്രതിപാദിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.) ഇവയിൽ ഒന്നു മൂവ്വാററുപുഴനിന്നും 12 നാഴിക കിഴക്കു തൊടുപുഴത്താലൂക്കിൽ 'കോലാനി' എന്ന സ്ഥലത്ത് ഇപ്പോഴും ഉണ്ടെന്ന് ഈ ലേഖകന് അറിയാം. മറെറാന്നു തിരുവനന്തപുരത്തു തൈക്കാട്ടു ശാസ്താംകോയിലിനടുത്തുള്ള തൈക്കാട്ടുമഠമാണ്. ഇവയിൽ പഠിപ്പിച്ചിരുന്നതായ വിഷയങ്ങളും വിദ്യാഭ്യാസരീതിയും അന്വേഷിച്ചറിയുന്നതു ചരിത്രസംബന്ധമായിവളരെ ഉപയോഗമായിരിക്കും.

മററുമഠങ്ങൾ.

ആധുനികസമ്പ്രദായപ്രകാരം സർവ്വകലാശാലാബിരുദുകൾ ലഭിച്ചതിൽപിന്നെ വിദ്യാഭ്യാസ പൂർത്തിക്കായി ദിക്സഞ്ചാരംചെയ്തു അന്യദേശകലാശാലകളിൽ ചേർന്നുപഠിക്കയും മററും ചെയ്യുന്നപോലെതന്നെ പൂർവ്വകാലങ്ങളിലും കേരളത്തിലെ വേദാദ്ധ്യയനവും ശാസ്ത്രപഠനവും കഴിഞ്ഞശേഷം മലയാളബ്രാഹ്മണർ ബുദ്ധിവികാസത്തിനായി ദേശാടനം ചെയ്തു തമിഴനാടുകളിലെ ഗുരുകുലാലയങ്ങളിൽ പഠിച്ചുവന്നിരുന്നു. പൊ

ത്തുജനവിശ്വാസത്തിൽ കേരളബ്രാഹ്മണർ നാട്ടിൽനിന്നു പുറത്തിറങ്ങാത്തവരായിരുന്നുവല്ലൊ. കാക്കശ്ശേരിഭട്ടതിരിയും അപൂൎവ്വം മററുചിലരും ഇതരദേശങ്ങളെ സന്ദൎശിച്ചു ഭ്രഷ്ട്ടു കല്പിക്കപ്പെട്ടവരായെന്നു് ഐതിഹ്യങ്ങൾതന്നെ ഉണ്ടല്ലൊ.

മദ്രാസ് പ്രാചീന ലേഖാപരിശോധകന്റെ 1924 മുതൽ 1925 വരെയുള്ള ഒരുകൊല്ലത്തെ റിപ്പോർട്ടിൽ ശിലാശാസന പരമ്പരകളെ കുറിച്ചു വെച്ചിരിക്കുന്ന അനുബന്ധത്തിൽ 276.ാം നമ്പ്രായി ചേൎത്തിട്ടുള്ള ലിഖിതം നമ്മുടെ ദൃഷ്ടിയെ നല്ലവണ്ണം ആകൎഷിക്കേണ്ട ഒന്നാണു്. തഞ്ചാവൂർ ജില്ലയിൽ മായവരം താലൂക്കിൽ തിരുവിദേയ്ക്കഴി എന്ന പ്രദേശത്തെ സുബ്രഹ്മണ്യക്ഷേത്രത്തിൽ സ്ഥാപിച്ചിട്ടുള്ളതും ത്രിഭുവനചക്രവൎത്തിൻ (രാജരാജ) ദേവചോളന്റെ 13.ാം ഭരണവൎഷത്തിലെഴുതിയതുമായ ഒരു കല്ലിൽ താഴെ പറയുംപ്രകാരം കൊത്തിട്ടുണ്ടു്:—

"കുന്നത്തു നാരായണൻ തിരുകുണ്ടേയ്ശിബാഗ്യത്തുറെയ് എന്ന ദിക്കിൽ തീൎത്തതായ മഠത്തിൽ മലയാളരാജ്യത്തിൽനിന്നു വേദാന്തം പഠിക്കുവാനായി വരുന്നതായ ബ്രാഹ്മണവിദ്യാൎത്ഥികൾക്കു് താമസിയ്ക്കുന്നതിലേക്കുള്ള ചിലവിലേക്കായി "പൊടിമൈംഗലം" എന്ന ഗ്രാമത്തിലുണ്ടായിരുന്ന 5.ൽ ചിലവാനം വേലിനിലം വിലക്കുവാങ്ങി തിരുവിദേയ്ക്കിഴ് സഭയുടെ അനുവാദപ്രകാരം കരമൊഴിവായി സംഭാവനചെയ്തു. മഠത്തിൽ പാരമ്പൎയ്യമായി ദാസ്യവൃത്തിക്കായി കുറെ സ്ത്രീകളെ അദ്ദേഹം അവിടേക്കു നിയമിക്കുകയുംചെയ്തു."

"കുന്നത്തു നാരായണൻ" എന്ന പേരുകൊണ്ടു് ഇതു കൊടുത്തിരിക്കുന്നതു് ഒരു മലയാളിയാണെന്നു ഊഹിക്കാം. ഇതിൽനിന്നു പ്രാചീനകേരളത്തിലെ വിദ്യാൎത്ഥികൾ പതിവായി വിദ്യാഭ്യാസത്തിനുവേണ്ടി പരദേശയാത്ര ചെയ്തിരുന്നുവെന്നു് തീരുമാനിക്കാം.

പാഠശാലകൾ.

മഠങ്ങൾക്കു പുറമെ എല്ലാ മഹാക്ഷേത്രങ്ങളിലും ഗുരുകുലപാഠശാലകളുണ്ടായിരുന്നതായി പറഞ്ഞുകേട്ടിട്ടുണ്ടു്. എന്നുമാത്രമല്ല, ഗ്രാമക്ഷേത്രങ്ങളിലും, ഉപഗ്രാമക്ഷേത്രങ്ങളിലും, ദേശക്ഷേത്രങ്ങളിൽക്കൂടിയും, നമ്പൂതിരിമാൎക്കു് വേദം, വേദാംഗം, ഉപനിഷത്തു്, മീമാംസ മുതലായവയിൽ പാടവം നേടുവാൻ സൎവ്വസൌകൎയ്യങ്ങളും ഉണ്ടായിരുന്നുവെന്നാണു് ഐതിഹ്യം.

ദേവാലയങ്ങളിൽ വിദ്യാവിതരണത്തിനുവേണ്ടി പലവക വിരുത്തികളും രാജാക്കന്മാർ കൊടുത്തുവന്നിരുന്നു. കൊല്ലം 872-ാം മതിൽ തിരുവിതാംകൂറിൽ രാജ്യഭാരം ചെയ്തിരുന്ന ശ്രീവീര രാമവൎമ്മ മഹാരാജാവു ശുചീന്ദ്രത്തിനടുത്തുള്ള പുറവശ്ശേരിയിലെ (പുറവെയ്യിലെ) പിണ്ണ

ഗർ ആഴ്വാർ ക്ഷേത്രത്തിലേക്കായി ചില കൃഷിസ്ഥലങ്ങൾ "കിടെവിരുത്തി"യായി വിട്ടുകൊടുത്തു. (38) അതിൻെറ ഉദ്ദേശം അവിടെ ഋഗ്വേദവും യജുർവ്വേദവും ചൊല്ലിക്കൊടുത്തു പരിചയിപ്പിക്കുന്നതിനു രണ്ടു് ഉപാദ്ധ്യായന്മാരെ നിയമിക്കണമെന്നായിരുന്നു.

ഭട്ടവൃത്തിയായി പലസ്ഥലങ്ങളിലും കരമൊഴിവായി വിരുത്തിനിലങ്ങളും പതിച്ചുകൊടുത്തതായി ശിലാലിഖിതങ്ങൾ പ്രസ്താവിക്കുന്നുണ്ടു. കൊല്ലൂർ മഠംവക പട്ടയങ്ങളും (39) ഭാസ്കരരവിവർമ്മ മഹാരാജാവിൻെറ തളിശാസനയും (40) ഇതിനു് തക്കതായ ദൃഷ്ടാന്തങ്ങളാണു്. ഇവയിൽ ചില വിരുത്തികൾ ഭട്ടാരന്മാൎക്കു് അവരുടെ ശാസ്ത്രപാഠശാലകൾ ക്ഷേമനിലയിൽ ശാശ്വതമായി നിലനിൎത്തുവാനും ഒരു ഉപജീവനമാൎഗ്ഗമായും സിദ്ധിച്ചിട്ടുള്ളതാണു്. പക്ഷെ ചില ഭട്ടവൃത്തികൾ മഹാഭാരതം, രാമായണം, ഭാഗവതം മുതലായ പുരാണങ്ങൾ പാരായണം ചെയ്യുന്നതിനും മററു ചിലതു് "തിരുവായ്മൊഴി" മുതലായ സ്തോത്രങ്ങൾ പാടുന്നതിനും മററുമായിരുന്നു. മഹാഭാരതം വായിച്ചു അൎത്ഥം മനസ്സിലാക്കുന്ന ബ്രാഹ്മണൎക്കു് "ഭാരതഭട്ടതിരിമാർ" അല്ലെങ്കിൽ "ഭാരതഭട്ടാരകന്മാർ" എന്നു പേർവിളിച്ചിരുന്നു. അവൎക്കു പതിച്ചുകൊടുത്തിട്ടുള്ള വിരുത്തിക്കു് "മഹാഭാരതവിരുത്തി" എന്നും പേർ ഉപയോഗിച്ചുവന്നിരുന്നതായി പ്രാചീന ലേഖാപുസ്തകങ്ങളിൽനിന്നു് നാം അറിയുന്നു. ഈ ഭട്ടപ്രമാണികൾക്കു് പൊതുജനങ്ങൾക്കായി ക്ഷേത്രമണ്ഡപങ്ങളിലും അദ്ധ്യേതാക്കൾക്കു് പ്രത്യേകമായി ക്ഷേത്രങ്ങളോടുചേൎന്ന പാഠശാലകളിലും പുരാണങ്ങൾ വായിച്ചു് ഗ്രഹിപ്പിക്കേണ്ടിയിരുന്നു.

മാടമഹീശന്മാരും ഈ വക ആവശ്യങ്ങളിലേക്കു സൌജന്യമായി ഭൂസ്വത്തുകൾ ദാനമായി കൊടുത്തതായി അറിവുണ്ടു്. ഉദാഹരണമായി വാഴപ്പള്ളി മനക്കൽ നമ്പൂതിരിപ്പാടു് ഇന്നും ഈ സംസ്ഥാന പെൻഷ്യൻ നിധിയിൽനിന്നു കൊല്ലന്തോറം 130 കയോളം അടുത്തുൺ പററി വരുന്നതായി ഗവൎമ്മേണ്ടു പ്രസിദ്ധീകരിച്ചിട്ടുള്ള റിക്കാർട്ടുകളിൽ നിന്നു കാണുന്നുണ്ടു്. ശാശ്വതമായി നൽകപ്പെട്ട ഈ തുക അനുവദി

---

38 * പുറവശേരി ക്ഷേത്രത്തിൽ അൎദ്ധമണ്ഡപത്തിൻെറ തെക്കുവശത്തുള്ള ഭിത്തിയുടെ തറയിൽ എഴുതിയതാണിതു. ഇതു തിരുവിതാംകൂർ പ്രാചീനലേഖാ പരിശോധകൻെറ 1100-ലെ റിപ്പോർട്ടിൽ 60-ാം നമ്പ്രായി ചേൎത്തിട്ടുണ്ടു.

39 * തിരുവിതാംകൂർ പ്രാചീന ലേഖാവലി, വാല്യം IV ഭാഗം 1.

40 * "ദക്ഷിണേന്ത്യാ ശാസന പരിശോധന റിപ്പോർട്ടു്", 1923-4; ലേഖന പരമ്പരയിൽ 347-ാം നമ്പ്ര് ശാസനം നോക്കുക. ഇതു ഇതുവരെ പ്രസിദ്ധപ്പെടുത്താത്തതാണു്. ഇതിനെ ഉടൻ പ്രസിദ്ധം ചെയ്യാൻ ലേഖകൻ ഉദ്ദേശിക്കുന്നുണ്ടു്.

ച്ചിട്ടുള്ളതിന്റെ ഉദ്ദേശം നമ്പൂതിരിയുവാക്കന്മാൎക്കു വേദപരിജ്ഞാനം ഉണ്ടാക്കിക്കൊടുക്കണമെന്നുള്ളതായിരുന്നു. അവരിൽനിന്നു പ്രതിഫലേച്ഛകൂടാതെ അദ്ദേഹം അവൎക്കു ഭക്ഷണം കഴിച്ചു താമസിക്കുവാനുള്ള സൌകൎയ്യങ്ങൾ ചെയ്തുകൊടുക്കേണമെന്നും എല്ലാ കാലങ്ങളിലും ആറിൽ കുറയാതെ അദ്ധ്യേതാക്കളുണ്ടായിരിക്കണമെന്നും ആണ് നിൎബ്ബന്ധം (41)

മേൽപറഞ്ഞ സംഗതികളിൽനിന്നു കേരളസന്താനങ്ങളായ ബ്രാഹ്മണരുടെ വിദ്യാഭിവൃദ്ധിക്കുവേണ്ടി രാജശ്രേഷ്ഠന്മാരും പ്രജാസമുദായവും കഴിഞ്ഞ 20 ശതവൎഷകാലങ്ങളിൽ ഒത്തൊരുമിച്ചു കൃത്യബോധത്തോടുകൂടി പ്രവൎത്തിച്ചുവന്നിരുന്നു എന്നും തന്നിമിത്തം വേദവ്യുല്പന്നന്മാരും ശാസ്ത്രപാരംഗതന്മാരുമായ വിദ്വൽ ശിരോമണികളാൽ പ്രശോഭിതമായവയായും പ്രസിദ്ധ ദേവാലയങ്ങളോടു കൂടിയവയായും മതവിശ്വാസം നിലനിൽക്കുന്ന കാലത്തോളം ശാശ്വതമായിരിക്കത്തക്കവിധത്തിൽ നിൎമ്മിച്ചിരുന്നവയുമായിരുന്നു ഈ വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നു് സുസ്പഷ്ടമാകുന്നു. കേരളമതാചാരങ്ങളുടെ അടിത്തട്ട് ഇളകിമറഞ്ഞിരിക്കുന്ന ഇക്കാലത്തു് ഈ വിശിഷ്ട ഗുരുകുലാലയങ്ങൾ പുനൎജ്ജീവിച്ചു് ഇനിയും സകല ജനങ്ങൾക്കും ഉപകാരപ്രദമാവുന്നവിധത്തിൽ മൂലോദ്ദേശത്തെ നിറവേററുവാൻ ദൈവം കടാക്ഷിക്കട്ടേ.

എ. ഗോവിന്ദവാൎയ്യർ, ബി. എ., ബി. എൽ.

## ഉ പ മ.

മനുഷ്യന്റെ സൌന്ദൎയ്യബുദ്ധിയുടേയും വിഭാവനാശക്തിയുടേയും ഫലമായി ലോകത്തിനുണ്ടായിട്ടുള്ള ആനുഭവങ്ങൾ ചില്ലറയൊന്നുമല്ല. സൌന്ദൎയ്യത്തെ അവലോകനം ചെയ്യുന്നതിനുള്ള ശക്തി മനുഷ്യസമുദായത്തിന്റെ പ്രത്യേകതയാണെന്നു വരികിലും, ആവരണശക്തികളുടെ ഏററക്കുറച്ചിലനുസരിച്ചു സൌന്ദൎയ്യബോധം വ്യത്യാസപ്പെടുന്നു. എത്ര നിസ്സാരമായ വസ്തുവും ഒരനുഗൃഹീത കവിയുടെ സൌന്ദൎയ്യബോധമധുരവും വിഭാവനാമസൃണവുമായ മനോദൎപ്പണത്തിൽ പ്രതിഫലിയ്ക്കുമ്പോൾ സവിശേഷമായ സൌന്ദൎയ്യത്തേയും സാരവത്തയേയും പ്രാപിക്കുന്നു. സ്വഭാവസുന്ദരമായ മനോദൎപ്പണത്തിൽ പ്രകൃതിദേവിയുടെ വിലോഭനീയങ്ങളായ വിലാസ വിചേഷ്ടിതങ്ങൾ പ്രതിഫലിയ്ക്കുമ്പോൾ

---

41 കൊച്ചി നിയമസഭാ പ്രൊസീഡിംഗ്സ്, വാല്യം 2. ഭാഗങ്ങൾ 1154, 1177.

കാരാധ്മാത്രമായ ഹൃദയത്തിൽനിന്നു സംഗീതസാഹിത്യങ്ങൾ നിർഗ്ഗളിക്കുന്നു. സംഗീതം ശ്രവണേന്ദ്രിയത്തിൽക്കൂടി ചിത്തത്തിൽ പ്രവേശിച്ചു വികാരത്തെ ഉണൎത്തി നാദസൌന്ദൎയ്യത്തെ ആസ്വാദിപ്പിക്കുമ്പോൾ, സാഹിത്യം ബോധേന്ദ്രിയദ്വാരാ മനസ്സിനെ ഉയൎത്തുകയും വികാരത്തെ ഉണൎത്തുകയും ചെയ്തു രസാസ്വാദമുണ്ടാക്കുന്നു. ഇതത്രെ സംഗീതസാഹിത്യങ്ങൾക്കുള്ള വ്യത്യാസം; ഒന്നു കേവലമായ ആനന്ദത്തെ പ്രദാനം ചെയ്യുന്നതും, മറേറതു് ആനന്ദമിളിതമായ ധൎമ്മത്തെ പ്രബോധനം ചെയ്യുന്നതുമാണ്. ജനസമുദായത്തിന്നു ആനന്ദവും അറിവും ധൎമ്മപ്രേരണയും നൽകി മനസ്സിന്നും ബുദ്ധിക്കും വികാസമുളവാക്കുക എന്ന സാഹിത്യത്തിൻെറ കൃത്യത്തിൽ ഗണനീയമായ ഒരു സ്ഥാനം അലംകാരങ്ങൾക്കുണ്ടു്. അലംകാരങ്ങൾ പ്രയേണ സാമ്യബുദ്ധി, വ്യതിരേകബുദ്ധി, വിഭാവനാശക്തി (കാൎമ്മ) എന്നിവയെ ഉണൎത്തുന്നവയായിരിക്കും. വസ്തുവിൻെറ യഥാർത്ഥജ്ഞാനത്തിന്നു പ്രത്യേകം ഉപയോഗപ്പെടുന്ന ഒന്നാണ് സാമ്യബുദ്ധി. അതു നിമിത്തം ലോകത്തിന്നു പല പരിഷ്കാരങ്ങളും കണ്ടുപിടുത്തങ്ങളും മേൽക്കുമേൽ സിദ്ധിച്ചിട്ടുണ്ടു്. രണ്ടു വസ്തുക്കളുടെ പരസ്പരസാദൃശ്യം വെളിപ്പെടുത്തുമ്പോൾ അവയുടെ ആകൃതിയും പ്രകൃതിയും നല്ലവണ്ണം തെളിഞ്ഞു പ്രകാശിക്കുന്നു. ഭൂമി ഉരുണ്ടതാണെന്നു പറയുന്നതിന്നു പകരം നമുക്കു സുപരിചിതമായ നാരങ്ങയോടു അതിനെ സദൃശപ്പെടുത്തിയാൽ അതിൻെറ പ്രകൃതി എളുപ്പത്തിൽ അറിയാം. ഇതുകൊണ്ടത്രേ സാദൃശ്യമൂലകങ്ങളായ അലംകാരങ്ങൾക്കു മററുള്ളവയേക്കാൾ പ്രഥമസ്ഥാനം കല്പിക്കപ്പെടുന്നതു്.

രണ്ടു വസ്തുക്കളുടെ പരസ്പരസാദൃശ്യം വായനക്കാൎക്കു ചമൽക്കാരമുളവാകുന്ന രീതിയിൽ പ്രതിപാദിച്ചു കാണിക്കുന്നതാണ് ഉപമാലംകാരം. ഇതു തന്നെ ഉപമാനോപമേയങ്ങളാകുന്ന രണ്ടു ധൎമ്മികളിൽ ഒന്നിൽ മററൊന്നിനെ ആരോപിക്കുമ്പോൾ രൂപകം. പരിണാമം അതിശയോക്തി തുടങ്ങിയ മററലംകാരങ്ങൾക്കും ധൎമ്മിസമാരോപം വേണം. അതിൽ ഉപാത്തങ്ങളായ രണ്ടു ധൎമ്മികൾക്കു് അഭേദം വിവക്ഷിക്കുന്നിടത്തു രൂപകവും, ഉപമാനത്തെ മാത്രം പറയുകയും ഉപമേയം തദവച്ഛേദകത്വേന പറയാതിരിക്കുകയും അതായതു്, ഉപമേയസ്വരൂപത്തിൽ നിൎദ്ദേശിക്കാതിരിക്കുകയും ചെയ്യുന്നിടത്തു് അതിശയോക്തിയും, ഉപമാനോപമേയങ്ങളിൽ ആരോപ്യമാണമായ ഉപമാനത്തിന്നു പ്രകൃതകാൎയ്യസാധകത്വം സംഭവിക്കാത്തതുകൊണ്ടു് ഉപമേയ സ്വരൂപമെടുത്തു പ്രകൃതക്രിയയിലന്വയിക്കുമ്പോൾ പരിണാമവും സംഭവിക്കുന്നതാണ്. ഈ മൂലതത്വത്തെ മുൻനിൎത്തിക്കൊണ്ടു് അപ്പയ്യദീക്ഷിതർ, പണ്ഡിതരാജൻ തു

ടങ്ങിയ ആലംകാരികന്മാർ ഇവയ്ക്കു പലെ അവാന്തരവിഭാഗങ്ങളും കല്പിച്ചുകാണുന്നുണ്ട്. ആയവ വിസ്തരഭയംകൊണ്ടു തൽക്കാലം നിർദ്ദേശിക്കുന്നില്ല.

സാദൃശ്യമൂലകങ്ങളായ അലംകാരങ്ങളെവികാരവിഷയങ്ങളെന്നും ബുദ്ധിവിഷയങ്ങളെന്നും രണ്ടായി തരം തിരിക്കാം. ഹൃദയത്തിൽ മൂടിക്കിടക്കുന്ന മൃദുലവികാരങ്ങളെ പെട്ടെന്നു ചലിപ്പിച്ചു, വർണ്ണ്യവിഷയത്തോടു സമരസപ്പെടുത്തി നിരതിശയാനന്ദമുളവാക്കുന്നവ വികാരവിഷയങ്ങൾ. ബുദ്ധിക്കു വികാസം ജനിപ്പിച്ച് വിചാരത്തെ ഉയർത്തുന്നതിന്നു ബുദ്ധിവിഷയങ്ങളെന്നു പറയപ്പെടുന്നു. വികാരവിഷയങ്ങളെന്നു പറയപ്പെടുന്ന അലംകാരങ്ങൾക്കു പ്രായേണ മൂന്നു ഗുണങ്ങളുണ്ടായിരിക്കും.

1. പ്രകൃതത്തിന്നുചിതമായ ഭാവത്തെ ഉളവാക്കുകയോ പ്രകൃതത്തിലുള്ള സ്ഥായിയായ ഭാവത്തെ പോഷിപ്പിക്കുകയോ ചെയ്യുക.

2. വർണ്ണ്യത്തിന്നു പുതുമ കൂട്ടുക. 3. മനസ്സിനേയും വികാരത്തേയും ഉണർത്തുന്നതിന്നുള്ള ആവശ്യത്തിൽനിന്നു കുറയുകയൊ കവിയുകയൊ ചെയ്യാതിരിക്കുക. വൈചിത്ര്യം, പ്രകൃതാനുഗുണ്യം, വിഷയാന്തരാനവഗാഹിത്വം മുതലായ ഗുണങ്ങൾ ബുദ്ധിവിഷയങ്ങളായ അലംകാരങ്ങൾക്കു കഴിച്ചു കൂടാത്തതാണ്. മേൽവിവരിച്ച ഗുണങ്ങൾ സർവ്വസാധാരണങ്ങളാണെന്നിരിക്കിലും പ്രാധാന്യത്തെ പുരസ്കരിച്ചുകൊണ്ടാണു രണ്ടു കൈവഴിയായിപ്പിരിയുന്നതു്. ഇപ്പറഞ്ഞതിനെ ഉദാഹരണപ്രദർശനപൂർവ്വം വിശദപ്പെടുത്തി നോക്കാം:—

"പീലിപ്പുരികുഴൽ കെട്ടഴിഞ്ഞുണ്ണിതൻ
തോളിൽപ്പതിഞ്ഞതിൻ തുമ്പുകളിൽ
വെള്ളത്തിൻ തുള്ളികളൊട്ടൊട്ടു നിന്നാടി
വെള്ളിയലുക്കുകളെന്നപോലെ"

(വള്ളത്തോൾ)

ഇവിടെ കവി കണ്ണനുണ്ണിയുടെ തോളിൽ വീണ പുരികുഴലിന്റെ തുമ്പത്തു കിടന്നാടിക്കളിക്കുന്ന വെള്ളത്തുള്ളികളുടെ മോഹനമായ സൌന്ദര്യം സൂക്ഷ്മദൃഷ്ടികൊണ്ടു നോക്കിക്കാണുകയും, ആയതു വായനക്കാരെക്കൊണ്ടു വിഭാവനം ചെയ്യിക്കുകയും ചെയ്യുന്നു. തലമുടിയുടെ തുമ്പുകളിൽ ഒട്ടൊട്ടു നിന്നാടുന്ന വെള്ളത്തുള്ളികളെ വെള്ളിയലുക്കുകളോടുപമിച്ചതുകൊണ്ട് അതിന്റെ സ്വതവേയുള്ള സൌന്ദര്യത്തിന്നു തുലോം മാററു കൂട്ടുന്നുണ്ടു്. സാധാരണന്മാരായ നമുക്ക് ഒരു വസ്തു കാണുമ്പോൾ തൽസദൃശമായ മററൊരു വസ്തുവിന്റെ സൌന്ദര്യത്തിൽ രസിക്കുവാൻ സാധിക്കുന്നില്ല. കവിയാകട്ടെ, ഒരു സൌന്ദര്യം കാണുമ്പോൾ തൽ

സദൃശങ്ങളായ പ്രകൃതിയിലുള്ള നാനാസൌന്ദൎയ്യങ്ങളിലും രസിക്കുകയും ആയതു മററുള്ളവൎക്കു കാട്ടിക്കൊടുക്കുകയും ചെയ്യുന്നു. ഇവിടെ വൎണ്ണ്യത്തിൻെറ സ്പൃഹണീയമായ മാധുൎയ്യത്തിന്നു മേന്മകൂട്ടുന്നതു സാദൃശ്യജ്ഞാനമാണ്.

"വാൽകൊണ്ടുതല്ലിയും, വട്ടത്തിൽച്ചുററിയും,
വാശിയാൽ മേലുകീഴായ് മറിഞ്ഞും,
കാളിന്ദിയിട്ടു കലക്കിനാൻ കാളിയൻ
കാട്ടാന കൊച്ചുകുളത്തെപ്പോലെ"

(വള്ളത്തോൾ)

വാശിപിടിച്ചു കാളിന്ദിനദിയെ മേലുകീഴായി മറിക്കുന്ന കാളിയനാകുന്ന കാലപ്പാമ്പിൻെറ തീക്ഷ്ണമായ രൌദ്രഭാവമാണ് ഈ ഭാഗം കൊണ്ടു വൎണ്ണിച്ചിരിക്കുന്നതു്. "കലക്കിനാൻ കാളിയൻ" എന്നിത്രയും ഭാഗംകൊണ്ടുതന്നെ അതിന്നനുഗുണങ്ങളായ അനുഭാവങ്ങളെ വിശദപ്പെടുത്തിയിരിക്കുന്നു. ഈ രൌദ്രത്തെ ഉജ്വലമാക്കുന്നതിന്നു കൊടുത്ത "കാട്ടാനകൊച്ചു കുളത്തെപ്പോലെ" എന്ന ഉപമാനം ഏററവുമുചിതമായിട്ടുണ്ടു്. ഉഗ്രമായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന വിസ്തൃതമായ കാളിന്ദിയെ കലക്കിമറിച്ചുവെന്നു പറയുമ്പോൾ ആ സ്വരൂപം പെട്ടെന്നുതന്നെ സുഗ്രഹമാവുന്നില്ല. തന്നിമിത്തം ഈ ഉപമാനം വൎണ്ണ്യവിഷയത്തെ ആകമാനം ശോഭായമാനമാക്കുകയും, അതുകൊണ്ടു വ്യഞ്ജിക്കുന്ന രൌദ്രഭാവത്തെ ഉപസ്കരിക്കുകയും ചെയ്യുന്നു.

"ആധിക്ഷാമാം വിരഹശയനെ സന്നിഷണ്ണൈകപാൎശ്വാം
പ്രാചീമൂലെ തനുമിവകലാമാത്രശേഷാം ഹിമാംശോഃ"

(മേഘദൂത്)

നായകപ്രവാസംകൊണ്ടുള്ള ആധിനിമിത്തം അത്യന്തകൃശയും, വിരഹശയ്യയിൽ 'സന്നിഷണ്ണൈകപാൎശ്വ'യുമായ യക്ഷവനിതയുടെ ചൈതന്യമററു വാടിവിളൎത്ത സുകുമാരശരീരത്തെ കൃഷ്ണചതുൎദ്ദശിനാൾ മങ്ങിമയങ്ങി പ്രകാശിച്ചുകൊണ്ടു പ്രാചീമൂലത്തിൽ കിടക്കുന്ന കലാമാത്രാവശേഷമായ ചന്ദ്രലേഖയോടുപമിച്ചതിൽ, നൈസൎഗ്ഗികമായ സൌന്ദൎയ്യവും അന്യാദൃശമായ സ്വാരസ്യവും കാളിദാസമഹാകവി വെളിപ്പെടുത്തിയിട്ടുണ്ടു്.

"എന്നാലിനിപ്പോക സുരൎക്കുവേണ്ടി:—
ബ്ഭദ്രം സഖെ, കാൎയ്യമിതത്ര സാദ്ധ്യം,
എന്നാകിലും നീ തുണവേണമിങ്ങു
ബീജം മുളപ്പാൻ ജലമെന്നപോലെ"

(കുമാരസംഭവം)

കാമദേവനോടു ദേവേന്ദ്രൻ പറയുന്ന ഈ പദ്യത്തിൽ, കുമാരോല്പത്തിക്കു സഹായിക്കുന്ന കാമദേവനെ വിത്തുമുളക്കുന്നതിന്നുപകരിക്കുന്ന ജലം ആത്മനാശമടയുന്നതെപ്രകാരമൊ, അപ്രകാരം കാമദേവനും ശരീരനാശം സംഭവിക്കുമെന്നുള്ള ഭാവ്യർഥം ഉപമമുഖേന ഗ്രഹിപ്പിക്കുന്നുണ്ടു്. ആത്മനാശമടഞ്ഞ ജലം ബാഷ്പരൂപേണ മേഘമായിപ്പരിണമിച്ചു വീണ്ടും പൂർവ്വസ്ഥിതിയിലെത്തുന്നതുപോലെ, ഭസ്മാവശേഷനായ കാമദേവനും ഒരു കാലത്തു ദേഹാന്തരപ്രാപ്തിയുണ്ടാവുമെന്നുള്ള വ്യങ്ഗ്യാർത്ഥവും ഇതിൽനിന്നു സിദ്ധമാവുന്നുണ്ടു്. ഏതാദൃശസ്ഥലങ്ങളിലുള്ള ഉപമ വ്യങ്ഗ്യാൎത്ഥോപപാദനപരമാണെന്നു ചിത്രമീമാംസയിൽ പറയുന്നു.

കെ. ഇ. കൃഷ്ണനെമ്പ്രാന്തിരി.

---

## കോടീശ്വരനായ
# രാമദുലാല സരകാരൻ.
(തുടൎച്ച)

### രാമദുലാലന്റെ പൂൎണ്ണോന്നതി.

ക്രിസ്ത്വബ്ദം 1783-ാമാണ്ടിൽ അമേരിക്കക്കാർ സ്വാതന്ത്ര്യയുദ്ധത്തിൽ (American War of Indipendence) ജയം നേടി. ഇതിൽപിന്നേയാണ രാമദുലാലനു് അഭ്യുദയവും പൂൎണ്ണമായ ഉന്നതിയും ഉണ്ടായതു്. ആ സമയം മുതല്ക്കാണു് അമേരിക്കക്കാർ ഭാരതവൎഷത്തിൽ കച്ചവടത്തിന്നു വന്നതു്. രാമദുലാലനാണു് അവൎക്കു വഴി കാട്ടിക്കൊടുത്തതു്. അദ്ദേഹം അമേരിക്കയിലെ കപ്പിത്താന്മാൎക്കു വളരെ പണം മുൻകൂർ കൊടുക്കാൻ തുടങ്ങി. വളരെ വിവേകത്തോടുകൂടി കച്ചവടസ്സാമാനങ്ങൾ തിരഞ്ഞെടുത്തു് അദ്ദേഹം അവരുടെ കപ്പലുകൾ നിറച്ചുതുടങ്ങി. അധികലാഭത്തിൽ അവൎക്കു വില്ക്കാനുള്ള ചരക്കുകൾ എല്ലാം വില്ക്കാനും തുടങ്ങി. കുറച്ചു ദിവസത്തിന്നുള്ളിൽ അദ്ദേഹം അമേരിക്കക്കാരുടെ സകല ഷാപ്പുകളുടേയും മുററപ്രതിനിധിയായിത്തീൎന്നു. അദ്ദേഹം കൽക്കത്തയിൽ ഏററവും വലുതായ ഒരു കച്ചവടസ്ഥലം നിൎമ്മിച്ചു. ഈ സകല വ്യാപാരങ്ങളിലും ഏൎപ്പെട്ടു് അദ്ദേഹം ക്രമത്തിൽ "കോടീശ്വര"നായിത്തീൎന്നു.

### രാമദുലാലന്റെ മാന്യപദവി.

അമേരിക്കയിൽ രാമദുലാലന്റെനേരേയുള്ള ബഹുമതിക്കു് അളവുണ്ടായില്ല. അമേരിക്കയിലെ കപ്പലുടമസ്ഥന്മാരിൽ ഒരാൾ തന്റെ

കപ്പലിന്നു "രാമദുലാലദേ" (RamdoolaDey) എന്നു പേർ കൊടുത്തു. അദ്ദേഹം ജീവിച്ചിരിക്കുന്ന കാലത്തു് ഈ കപ്പൽ മൂന്നു പ്രാവശ്യം അദ്ദേഹത്തിൻെറ അടുക്കൽ അയക്കപ്പെട്ടിരുന്നു.

അമേരിക്കയിലെ ചില പ്രധാനപ്പെട്ട കച്ചവടക്കാർ ജാർജ്ജ് വാഷിങ്ങ്ടൻെറ ഒരു ആളൊത്ത ഛായാപടം രാമദുലാലനു കാഴ്ചയായി അയച്ചുകൊടുത്തു. വലിയ രാജ്യങ്ങളിലെ കച്ചവടസംഘക്കാരുടെ ഈ മാതിരിയിലുള്ള ബഹുമതി രാമദുലാലനല്ലാതെ മററാരു ബംഗാളിക്കും സിദ്ധിച്ചിട്ടില്ല.

അമേരിക്കയിൽ എന്നു മാത്രമല്ല ഇംഗ്ലണ്ട്, ചീന, ഫിലിപ്പൈൻ ദ്വീപു തുടങ്ങിയുള്ള അനേകം രാജ്യങ്ങളിലെ കച്ചവടക്കാരുടെ ഇറക്കുമതികളിലും രാമദുലാലൻ മാന്യനായ പ്രതിനിധിയായിത്തീൎന്നു. മേൽപറഞ്ഞ സകല കാൎയ്യങ്ങളിലും ഏൎപ്പെട്ടു് അദ്ദേഹം അക്കാലത്തുള്ള ഏററവും പ്രധാനപ്പെട്ട യൂറോപ്യൻകച്ചവടസ്ഥലങ്ങളിൽകാൎയ്യദൎശിയായിത്തീൎന്നു. അദ്ദേഹം ഒരിക്കൽ യൂറോപ്യന്മാരായ കച്ചവടക്കാൎക്കു 33 ലക്ഷം ഉറുപ്പിക കടം കൊടുത്തിരുന്നു. ഇതു മടക്കിവാങ്ങാൻ അദ്ദേഹം അവരെ മുട്ടിച്ചിരുന്നില്ല. ഇതിൽ അധികഭാഗവും അദ്ദേഹത്തിന്നു മടങ്ങിക്കിട്ടിയില്ല.

## രാമദുലാലൻെറ കപ്പലുകൾ.

രാമദുലാലൻ തൻെറ വ്യവസായം നടത്തുന്നതിന്നുവേണ്ടി വളരെ വലുതും ഭംഗിയുള്ളതുമായ നാലു കപ്പലുകൾ ഉണ്ടാക്കിച്ചു. ആദ്യത്തേതിന്നു "രാമദുലാലദേ" എന്ന തൻെറ പേർതന്നെ ഇട്ടു. രണ്ടാമത്തേതിന്നു "വിമല" എന്നു പേരിട്ടു. അതു തൻെറ മൂത്ത മകളുടെ പേരിലായിരുന്നു. അവൾ അദ്ദേഹത്തിൻെറ ഏററവും പ്രിയപ്പെട്ട പുത്രിയായിരുന്നതുകൊണ്ടാണു് അദ്ദേഹം ഈ കപ്പലിന്നു "വിമല" എന്ന പേർ കൊടുത്തതു്. മൂന്നാമത്തേതിൻെറ പേർ "ഡേവിഡ് ക്ലാൎക്ക്" (David Clarke) എന്നായിരുന്നു. രാമദുലാലൻ ഫേയർലി ഫർഗ്ഗുസൻ എന്ന കമ്പനിയിലെ കാൎയ്യദൎശിയായിരുന്നു. അതിനാൽ അദ്ദേഹം ആ കമ്പനിയുടെ പ്രധാന ഉടമസ്ഥനായ ഡേവിഡ് ക്ലാൎക്കിൻെറ പേർ മൂന്നാമത്തെ കപ്പലിന്നു കൊടുത്തു. നാലാമത്തെ കപ്പലിന്നു വിശേഷിച്ച പേരൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും ഈ കപ്പൽ അമേരിക്ക, ഇംഗ്ലണ്ട്, ചീന, മാൾട്ടാ മുതലായ സ്ഥലങ്ങളിലേക്കു സാമാനങ്ങൾ കയററി ഗതാഗതം ചെയ്തിരുന്നു.

## രാമദുലാലൻെറ ഉടുപ്പുംആഹാരവും.

രാമദുലാലൻ കോടീശ്വരനേക്കാൾ അധികം ധനികനായിരുന്നു എങ്കിലും അദ്ദേഹത്തിൻെറ ഉടുപ്പും ഭക്ഷണവും നന്നേ സാമാന്യമട്ടി

ലായിരുന്നു. അദ്ദേഹം പകൽ സമയത്തു ചോറും കറികളും, പാലും അല്പം മധുരപദാൎത്ഥങ്ങളും രാത്രി ഊണിന്നു പകരം റോട്ടിയും ഭക്ഷിച്ചിരുന്നു. അദ്ദേഹത്തിന്റെ ഉടുപ്പും ഏററവും സാമാന്യമട്ടിലായിരുന്നു. സാധാരണമായ വെളുത്ത വസ്ത്രവും ഫ്ളാനൽകൊണ്ടുള്ള ഒരു ബനിയനും ഒരു ചെറിയ അങ്കവസ്ത്രവും ഒരു തലപ്പാവും മാത്രമായിരുന്നു അദ്ദേഹത്തിന്റെ ഉടുപ്പ. കുതിരയ്ക്കു കഷ്ടം നേരിട്ടെങ്കിലോ എന്നു ഭയപ്പെട്ട് അദ്ദേഹം ആദ്യം ഡോലിയിലാണ സഞ്ചരിച്ചിരുന്നത്. തന്റെ അവസാനകാലത്തു ബന്ധുക്കളുടേയും പുത്രന്മാരുടേയും നിൎബ്ബന്ധംകൊണ്ട് അദ്ദേഹം കുതിരവണ്ടി നിൎത്തിയിരുന്നു. വഴിപോക്കരിൽ വല്ലവൎക്കും അബദ്ധം പററിയെങ്കിലോ എന്നു ശങ്കിച്ചു വണ്ടി തെളിക്കുന്നവനെ അവന്റെ ഇരുപ്പിടത്തിലിരുന്നു വണ്ടി തെളിക്കാൻ അദ്ദേഹം സമ്മതിച്ചിരുന്നില്ല. വണ്ടിക്കാരൻ കുതിരയുടെ കടിഞ്ഞാൺ പിടിച്ചു നടന്നുംകൊണ്ടു വണ്ടി തെളിച്ചിരുന്നു.

## രാമദുലാലന്റെ ഭാൎയ്യയും പറച്ചിയായ ഗൌരയും.

ഒരിക്കൽ രാമദുലാലന്റെ ആദ്യത്തെ ഭാൎയ്യ അനേകം ദാസീദാസന്മാരോടുകൂടി പുരിയിലുള്ള ജഗന്നാഥക്ഷേത്രത്തിലേയ്ക്കു പോയിരുന്നു. ഗൌര എന്നു പേരായ ഒരു പറച്ചി സിമലയിലുള്ള അവരുടെ ഭവനത്തിൽ താമസിച്ചിരുന്നു. അവളും തന്റെ എജമാനന്റെ ഭാൎയ്യയൊന്നിച്ചു പുരിയിലേയ്ക്കു പോയിരുന്നു. പുരിയിൽ ജാതിഭേദമില്ല. അവിടെ ബ്രാഹ്മണനും പറയനും ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കാൻ വിരോധമില്ല. ഗൌര എജമാനത്തിയോടു പറഞ്ഞു:—"അമ്മേ! വളരെക്കാലം നിങ്ങളെ ആശ്രയിച്ചു ഞാൻ നികൃഷ്ടപ്രവൃത്തികൾ ചെയ്തുവരുന്നു. ഈ പരിശുദ്ധമായ സ്ഥലം വിട്ടുപോയാൽ പിന്നെ എനിക്കു നിങ്ങളുടെ മുമ്പിൽ വരാൻ സാധിക്കുന്നതല്ല. വളരെക്കാലം നിങ്ങൾക്കുവേണ്ടി പ്രവൃത്തി എടുത്തുവന്ന ഈ കൈകൾ അശുദ്ധമായിത്തീൎന്നിരിക്കുന്നു. സ്ഥലമാഹാത്മ്യംകൊണ്ട് ആ കയ്യിൽ പിടിച്ചിരിക്കുന്ന ഈ പരിശുദ്ധമായ അന്നം നിങ്ങളുടെ വായിൽ തരണം എന്ന് എനിക്കു വളരെ മോഹമുണ്ടു." ധൎമ്മിഷ്ഠയായ ആ ഹിന്തുരമണി ചിരിച്ചുംകൊണ്ടും ലേശം മടികൂടാതെയും ഗൌര കൊടുത്ത പ്രസാദം വാങ്ങി ഭക്ഷിച്ചു.

## രാമദുലാലനും കാളീപ്രസാദദത്തനും.

രാമദുലാലൻ മരിക്കുന്നതുവരെ നന്ദിയുള്ളവനായിരുന്നു. ആരുടെ അടുക്കൽനിന്നെല്ലാം അദ്ദേഹത്തിന്ന് ഉപകാരം സിദ്ധിച്ചിരുന്നുവോ, അതെല്ലാം ഓൎമ്മവെച്ചു യഥാശക്തി അവൎക്കെല്ലാം പ്രത്യുപകാരം ചെയ്വാൻ അദ്ദേഹം യത്നിച്ചിരുന്നു. ഹാട്ഖോലയിലെ മദനമോഹന

ന് അദ്ദേഹം എന്നെന്നേയ്ക്കും കടപ്പെട്ടവനായിരുന്നു. അതുകൊണ്ട് ഈ ദത്തവംശത്തിൽപെട്ട ആൎക്കെങ്കിലും വല്ല ആപത്തും നേരിട്ടാൽ അദ്ദേഹം പ്രാണൻ കളഞ്ഞും അവരെ ആപത്തിൽനിന്നു കരകയററാൻ ശ്രമിച്ചിരുന്നു.

വംഗവൎഷം 1708-ാ മാണ്ടിൽ പരേതനായ പ്രാണകൃഷ്ണദത്തൻ "നവ്യഭാരത"ത്തിൽ രാമദുലാലനേയും കാളീപ്രസാദദത്തനേയും സംബന്ധിച്ച് ഒരു കഥ എഴുതീട്ടുണ്ടായിരുന്നു. * അത് താഴെ ചേൎക്കുന്നു.

"ഹാടഖോലയിലെ ഗൌരാചാന്ദദത്തന് രണ്ടുപുത്രന്മാർ ഉണ്ടായിരുന്നു. ജ്യേഷ്ഠന് ഗോകുലചാന്ദനെന്നും അനുജന് രാമഹരി എന്നുമായിരുന്നു പേർ. കാളീപ്രസാദദത്തൻ ഈ രാമഹരിയുടേ മൂത്തമകനായിരുന്നു. അദ്ദേഹം ഒരു മുസല്മാനനൎത്തകിയുടെ വീട്ടിൽ പലപ്പോഴും പോയിക്കൊണ്ടിരുന്നു. അവളുടെ പേർ ആന്നാരബീബി എന്നായിരുന്നു. കാലക്രമത്തിൽ അദ്ദേഹത്തിന്റേ അമ്മ മരണം പ്രാപിച്ചു. അദ്ദേഹം വലിയ ധനികനായിരുന്നു. അമ്മയുടെ ശ്രാദ്ധം വളരേ ആഘോഷത്തോടുകൂടി കഴിക്കണമെന്നു അദ്ദേഹത്തിന്ന് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ കായസ്ഥന്മാരാരും, പ്രത്യേകിച്ച് അദ്ദേഹത്തിന്റേ ബന്ധുക്കളായ കായസ്ഥന്മാരാരും ഈ ശ്രാദ്ധത്തിന്ന് വരുന്നതല്ലെന്ന് അദ്ദേഹം കണ്ണാകൎണ്ണികയാ കേട്ടു. കാളീപ്രസാദൻ മഹാസങ്കടത്തിൽപെട്ടു. കായസ്ഥന്മാരെക്കുറിച്ച് അദ്ദേഹത്തിന്ന് അത്ര പരിഭ്രമമുണ്ടായില്ല. എന്തെന്നാൽ അവരുടേ ഇടയിൽ പല വൎഗ്ഗക്കാരും ഉണ്ടായിരുന്നു. ശോഭാബാജാർരാജാവിന്റേ കൂററുകാർ ഒഴിച്ചു ബാക്കി സകല വൎഗ്ഗക്കാരും നിശ്ചയമായും വരുമെന്ന് അദ്ദേഹത്തിന്നു വിശ്വാസമുണ്ടായിരുന്നു. എന്നാൽ ബ്രാഹ്മണരെപ്പററി അദ്ദേഹത്തിന്ന് വലിയ വിചാരമായിത്തീൎന്നു. കല്ക്കത്തയിലും അതിന്നടുത്ത പ്രദേശങ്ങളിലുമുള്ള മിക്ക ബ്രാഹ്മണരും രാജധാനിയേ ആശ്രയിച്ച് കഴിയുന്നവരായിരുന്നു. അവർ വരാതേയും ദക്ഷിണ വാങ്ങാതേയുമിരുന്നാൽ അമ്മയുടെ ശ്രാദ്ധം എങ്ങിനേ കഴിച്ചുകൂട്ടും? വളരേ ആലോചനകഴിച്ചതിന്റേ ശേഷം അദ്ദേഹം മഹാനായ രാമദുലാലസരകാരനേ ശരണം പ്രാപിച്ചു. രാമദുലാലൻ ദത്തവംശത്തിന്ന് എന്നും കടപ്പെട്ടവനും ആ വംശത്തിന്റേ നേരേ നന്ദിയുള്ളവനുമായിരുന്നു. അദ്ദേഹം കാളീപ്രസാദനേ ആശ്വസിപ്പിച്ചുംകൊണ്ടു പറഞ്ഞു:—"നമ്മുടെ പെട്ടികളിൽ

* ഹാടഗോലയിലെ സുപ്രസിദ്ധനായ മാണിക വസുവിന്റെ അരവയസ്സിലധികം പ്രായം ചെന്നു പ്രപൌത്രിയിൽനിന്നാണ് പ്രാണകൃഷ്ണദത്തൻ ഈ കഥ കേട്ടിട്ടുള്ളത് ഈ വൃദ്ധ കാളീപ്രസാദദത്തന്റേ ക്ഷണമനുസരിച്ച് അദ്ദേഹത്തിന്റെ അമ്മയുടേ ശ്രാദ്ധത്തിന്നുപോയിരുന്നു. അതുകൊണ്ടു കഥ സത്യമായിരിക്കണം.

ഒരു പൈസ്സദപാല്യമുള്ള കാലം വരേ അങ്ങ് വിചാരപ്പെടണ്ട. അങ്ങയു ടെ അമ്മയുടേ ശ്രാദ്ധം ഞാൻ വേണ്ടപോലെ കഴിച്ചു കൂട്ടിത്തരാം.

ബഡിഷാറിലേ സാവർണ്ണ ചൌധുരിവംശത്തിലേ സുപ്രസിദ്ധ നും വൃദ്ധനുമായ സന്തോഷരായൻേറ അടുക്കൽ ചെന്നു രാമദുലാലൻ കാളിപ്രസാദൻേറ നേരേയുള്ള ഉപദ്രവങ്ങളേപ്പററി വിസ്തരിച്ചു പറ ഞ്ഞു അദ്ദേഹത്തിൻേറ സഹായം അപേക്ഷിച്ചു. മഹാനുഭാവനായ സ ന്തോഷരായ രാമദുലാലൻ വിചാരപ്പെടണ്ട എന്നു പറഞ്ഞു. അക്കാല ത്തു ധനംകൊണ്ടും മാനം കൊണ്ടും കുലമഹിമകൊണ്ടും ശീലഗുണം കൊണ്ടും അദ്ദേഹം ദക്ഷിണവംശത്തിൽ ഏററവും പ്രധാനപ്പെട്ട സമു ദായനേതാവായിരുന്നു. അനേകം ബ്രാഹ്മണർ അദ്ദേഹത്തിൻേറ അച്ഛ നായ കേശവരാമരായനിൽ നിന്നും അദ്ദേഹത്തിൽ നിന്നും ഭൂദാനം ല ഭിച്ച് ഉപജീവനം കഴിച്ചുവന്നിരുന്നു. അതിനാൽ അദ്ദേഹത്തിന്നു ബ്രാ ഹ്മണരേ കിട്ടാൻ ഞെരുക്കമുണ്ടായിരുന്നില്ല. ശ്രാദ്ധദിവസം അദ്ദേഹം താൻ തന്നേ അനവധി ബ്രാഹ്മണരൊന്നിച്ചു ചെന്നു ശ്രാദ്ധം നല്ലപോ ലെ കഴിച്ചുകൂട്ടിക്കൊടുത്തു. കൃതജ്ഞനായ കാളിപ്രസാദൻ ബ്രാഹ്മണ ക്ക് ദക്ഷിണക്കായി 25,000ക സന്തോഷരായൻേറ കയ്യിൽ കൊടുത്തു. അദ്ദേഹം അതു വാങ്ങി ബ്രാഹ്മണരോടു പറഞ്ഞു.— "നാം പണത്തിലു ള്ള ആഗ്രഹം കൊണ്ട് പതിതൻേറ ശ്രാദ്ധത്തിൽ പങ്കു കൊണ്ടു എ ന്നു ജനങ്ങൾ പറയും. അത് നമുക്ക് ഒരു ദുഷ്പേരായിത്തീരും. ഈ പണം കൊണ്ടു കാളീഘടത്തിൽ കാളീക്ഷേത്രം മുതലായതു് പണിചെയ്യിക്കണ മെന്നാണ് എൻേറ ആഗ്രഹം". ഇതിന്ന് ബ്രാഹ്മണരാരും വിരോധം പ റഞ്ഞില്ല. സന്തോഷരായൻ ഈ പണം കാളിഘട്ടത്തിൽ ഇപ്പോൾ കാ ണപ്പെടുന്ന ക്ഷേത്രം പണിക്ക് ചിലവാക്കി. ഇതിൻേറ പണി മുഴുവനാ യി കാണാൻ അദ്ദേഹത്തിന്നു സാധിച്ചില്ല. അദ്ദേഹത്തിൻേറ പുത്രനാ യരാമലാലരായനും സോദര പുത്രനായ രാജീവലോചനരായനും കൂടി ക്രിസ്ത്വാബ്ദം 1809-ാ മാണ്ടിൽ ഇപ്പോഴുള്ള ക്ഷേത്രത്തിൻേറ പണിമുഴു വനാക്കി"

(തുടരും)

കണ്ണന്ത്ര കുഞ്ഞുണ്ണി നായർ. ബി. എ. ബി. എൽ.

# കുടിലിലെ രാജ്ഞി.

ജീൎണ്ണിച്ചുവീടിന്നിറയത്തൊരുത്തി
ദരിദ്രയാം ബാലികയുണ്ടിരിപ്പൂ;
തെററിദ്ധരിച്ചു മിഴി,യസ്തമിക്കാൻ
പോവുന്ന ബാലേന്ദുകലാംശമെന്നായ്. 1

മെഴുക്കുകാണാക്കുറുകുന്തളങ്ങൾ-
ക്കിടക്കു ശോഭിച്ചു മുഖാരവിന്ദം;
അല്ലല്ല,തേതോമുകിലിൽ മറഞ്ഞു
കിടപ്പതാം ശാരദചന്ദ്രബിംബം. 2

ദാരിദ്ര്യമാം കീറി മുഷിഞ്ഞ റൌക്കി-
ക്കിടക്കു കാണുന്നു തദീയമംഗം;
നനുത്ത നൽപ്പച്ചിലയാലെ, പാതി
മറഞ്ഞ പൊൻപൂവിതളെന്നപോലെ. 3

അഖണ്ഡസാമ്രാജ്യമടക്കിവാഴു-
മമൂല്യമാമിന്നിധിയിങ്ങിരിക്കെ;
ധനാഢ്യമായുള്ളൊരു രാജ്ഞിതൻെറ
മികച്ച കൊട്ടാരമതിക്കുടീരം. 4

കുഴക്കുന്ന നിന്മേൽ മധുരം പുരട്ടി-
പ്പൊൻപൂശിയിക്കോമളമേനിനിന്നിൽ
സംപന്നയായിന്നു ദരിദ്രതേ നീ
കൃതാൎത്ഥമായ്ത്തീൎന്നിതു നിൻെറ ജന്മം. 5

എന്തിന്നു കൂരിരുളിലും വിരിയുന്നു പുഷ്പ-
മെന്തിന്നു പാടിടുവതാക്കുയിൽ കാനനത്തിൽ
എന്തിന്നു ശൂന്യമരുവെപ്പുണരുന്നു ചന്ദ്ര-
നേകാന്തമാം നിശയിലെന്തിനുദിപ്പുതാരം. 6

സി. കുഞ്ഞിരാമൻ നായർ

# ഹസ്തലക്ഷണം.

സാമുദ്രികാശാസ്ത്രം എല്ലാ ശാസ്ത്രങ്ങളിലുംവെച്ച് ഏററവും പുരാതനമായ ഒരു ശാസ്ത്രമാകുന്നു. ഈ ശാസ്ത്രത്തെ സൂക്ഷ്മമായി ഗ്രഹിച്ചു ഫലം പറഞ്ഞ് ജനങ്ങളെ തൃപ്തിപ്പെടുത്തുവാനുള്ള പ്രയാസംകൊണ്ട് ഈ ശാസ്ത്രത്തെ പഠിക്കുവാൻ ആരും കൂട്ടാക്കാറില്ല. എന്നാൽ ഇപ്പോഠം തത്വശാസ്ത്രത്തിൻെറ വിളനിലമാണെന്നു വിശ്വസിച്ചുപോരുന്ന യൂറോപ്പിലും ഈ ശാസ്ത്രത്തിന്നു പ്രചാരം ഉണ്ടായിട്ടുള്ളതിന്നു പുറമെ മഹാബുദ്ധിശാലികളായ ചിലർ നവീനതത്വബോധനരീത്യാ ഇതിനെ പരിശോധിച്ചുതുടങ്ങിയിരിക്കുന്നു. ഇവർ അധികമായി കൈകളെയും, കൈകളിലെ രേഖകളെയും പരിശോധിച്ചു ഫലം പറവാൻ സാധിക്കുമോ എന്നു പരീക്ഷിച്ചറിഞ്ഞതിന്നുശേഷം തങ്ങഠംണ്ടായ സ്വാനുഭവങ്ങളെപ്പററി പല പുസ്തകങ്ങളും എഴുതിയുണ്ടാക്കീട്ടുണ്ട്. ആ പുസ്തകങ്ങളെ ആസ്പദമാക്കി എഴുതുന്ന ലേഖനമാണിത്. ഈ ശാസ്ത്രത്തിൻെറ ഉള്ളിൽ കടക്കുന്നവക്ക് ഇതു ഏററവും വിഷമമായിട്ടുതോന്നാനിടയുണ്ടെങ്കിലും ചില ലഘുവായ ഭാഗങ്ങളെ മാത്രമേ ഈ ലേഖനത്തിൽ വിശദമാക്കുവാൻ പോകുന്നുള്ളു.

ഹസ്തലക്ഷണത്തെ നോക്കുവാൻ തുടങ്ങുന്നവർ കയ്യിൻെറ ആകൃതിഭേദത്തെ നല്ലവണ്ണം സൂക്ഷിച്ചുനോക്കണം. കൈ ചതുരത്തിലും, നിളത്തിലും, രണ്ടുമല്ലാതെ ക്രമഭംഗത്തോടുകൂടിയും കാണുന്നതാകുന്നു. കയ്യിൻെറ സ്ഥൌല്യവും, (തടിയും) കാശ്യവും, (മേലിവും) പരുപരുപ്പും,മിനുസവും എല്ലാം മനുഷ്യൻെറ ഗുണദോഷഫലങ്ങളെ പറവാൻ ഉപകാരപ്പെടുന്നതാകുന്നു. കയ്യുടം മൃദുവും, വിരലുകഠം വളച്ചാൽ വളയുന്നവയുമാണെങ്കിൽ ആ മനുഷ്യൻെറ സ്വഭാവം വളരെ സംസ്കരിച്ചതായിരിക്കും. അവൻ മാനവും, മര്യാദയുമുള്ളവനായിരിക്കും. കയ്യുടത്തിൻെറ തോലിന്നു അസാധാരണ മാർദ്ദവം കാണുന്നുണ്ടെങ്കിൽ അവനെ ഉയന്ന കുലത്തിൽ ജനിച്ചവനാണെന്നറിയണം. മേൽപറഞ്ഞതിന്നു വിപരീതമായി കണ്ടാൽ ഫലവും വിപരീതമായിപ്പറയണം. വിരലുകഠം കുററി ബലമില്ലാതേ ക്ഷണത്തിൽ വളച്ചാൽ വളയുമെങ്കിൽ അവരുടെ ഹൃദയത്തിന്നും ആ ഭേദം കാണുന്നതാകുന്നു. ഇങ്ങിനെയുള്ളവർ മററുള്ളവരുടെ ഉപദേശംകൊണ്ടു നന്നാവാനും, ചീത്തയാവാനും ഇടവരുന്നതാകുന്നു. കുററി ബലമുള്ള കൈവിരലുകളുള്ളവർ എപ്പോഴും പിടച്ചതിനെ വിടാതെ നില്ക്കുന്നവരാകുന്നു. തള്ളവിരൽ—പെരുവിരൽ – അല്ല കുററി

ബലമുള്ളതാണെങ്കിൽ അവൻ വളരേ മനോബലമുള്ളവനും, തോററാൽ കൂടി തൻെറ കാൎയ്യത്തെ അന്ന്യന്മാൎക്കു വിട്ടുകൊടുക്കാത്തവനുമാകുന്നു. ചിലപ്പോൾ ഇത്തരക്കാർ മൎക്കടമുഷ്ടികളായിരിക്കുമെന്നു പറയാം. ഇവർ എപ്പോഴും ഒരുപക്ഷത്തെ ബലമായിപ്പിടിക്കുന്നവരും, മദ്ധ്യസ്ഥന്മാരായിരിപ്പാൻ വഴിപ്പെടാത്തവരും അഥവാ കൊള്ളാത്തവരുമാകുന്നു. തള്ളവിരലിനു നീളവും കുററിബലവും ഉണ്ടെങ്കിൽ—വളച്ചാൽ വളയാതേയും, കമ്പുകൾക്കു ബലത്തോടുകൂടിയും ഇരിക്കുന്നതാണെങ്കിൽ—അങ്ങിനെയുള്ളവരുടെ മനസ്സിൽ യാതൊരു വ്യഥയും ഉണ്ടാകുന്നതല്ല. ആപത്തുകളെ അവർ കൂട്ടാക്കുന്നതല്ല. അസാധാരണ മനശ്ശക്തി അവൎക്കുണ്ടായിരിക്കുന്നതാകുന്നു. കയ്യിനു പരുപരുപ്പ് അധികമുള്ളവൻെറബുദ്ധി മോശമായിരിക്കും. അവൻ കൂലിവേലചെയ്തു ഉപജീവിക്കുന്നവനായിരിക്കും. ദേഹദണ്ഡത്തിന്നുപയോഗപ്പെടുന്നവരാകുന്നു അവർ. ഉള്ളൻ കയ്യിൻെറ തോലിന്നു അസാധാരണമാൎദ്ദവം കാണുന്നുണ്ടെങ്കിൽ അവൻ മടിയനും, ഉപദ്രവിച്ചാൽകൂടി തടുക്കുവാൻ കൂട്ടാക്കാത്തവനുമായിരിക്കും. സാധാരണ മാൎദ്ദവം കൂടിയിരിക്കുന്ന കയ്യുള്ളവർ ജാഗ്രത കുറഞ്ഞവരായിരിക്കും. സ്വകൃത്യങ്ങളിൽ ഉത്സാഹമുണ്ടായിരിക്കയില്ല. കൈകൊണ്ടു പിടിച്ചമിക്കിയാൽകൂടി യാതൊരു ഭേദവുമില്ലാത്ത കൈകൾ, അതായതു്, മറെറാരുത്തൻെറ ബലത്തിന്നു കീഴടങ്ങാത്തവിധം ദൃഢബന്ധമുള്ള കൈകളുള്ളവർ വളരേ മുൻകരുതലുള്ള ദൃഢവ്രതന്മാരായിരിക്കും. അവരെ സ്വാധീനമാക്കുവാൻ സാധിക്കുന്നതല്ല.

വിരലുകൾ:—വിരലുകളിൽനിന്നു പലതും പഠിക്കാനുണ്ടു്. തടിച്ചു കുറിയതായ വിരലുകളുള്ളവർ കേവലം മൃഗപ്രായന്മാരാകുന്നു. ഇവൎക്കു ബുദ്ധിയും കുറഞ്ഞിരിക്കും. വിരലുകൾ കൈപ്പടത്തിനോടു തുല്യ നീളമുള്ളതായിരുന്നാൽ അവർ മനസ്സിന്നും ബുദ്ധിക്കും സംസ്കാരമുള്ളവരും, അവരുടെ എല്ലാ പ്രവൃത്തികളും ബുദ്ധിപൂൎവ്വകവുമായിരിക്കും. വിരലുകൾ കൈപ്പടത്തിനെക്കാൾ നീളമുള്ളതായിരുന്നാൽ അതിക്രമമായ നടപടികൾക്കും, ആദൎശങ്ങൾക്കും അടിമപ്പെട്ടപോലെ അവിവേക പ്രവൃത്തികളെ ചെയ്യുന്നവരായിരിക്കും. സൂക്ഷ്മത്തിൽ ഈ ലക്ഷണമുള്ളവർ ആകാശ ചന്ദ്രനെ കയ്യിലാക്കുവാൻ ശ്രമിക്കുന്നവരും, കല്പനാശക്തി കുറഞ്ഞവരും ആയിരിക്കും. ഇവർ ചെയ്യുന്നകാൎയ്യങ്ങളെല്ലാം അതിസാഹസങ്ങളാകകൊണ്ടു ഇവൎക്കു തോല്വയല്ലാതെ ജയം ഒരു കാലത്തും സിദ്ധിക്കുന്നില്ല. എന്നാൽ ഇങ്ങിനെയുള്ളവർ തത്വശാസ്ത്രപരിശോധനക്കും, വിദ്യാഭ്യാസവിഷയത്തിന്നും വേദാന്തവിചാരത്തിന്നും, കവിതഎഴുതുവാനും, മററ സാഹിത്യവിഷയങ്ങൾക്കും പററുന്നവരാണെന്നുപറയാം.

ഇപ്രകാരം നിളമുള്ള വിരലുകൾക്കു കെട്ടുള്ള കമ്പുകൾ ഉണ്ടായിരുന്നാൽ ഏകാഗ്രചിന്തയോടും, ആലോചനാശക്തിയോടും കൂടി ചെയ്യേണ്ടുന്ന കാൎയ്യങ്ങൾക്കു ഇവർ ഉപകാരപ്പെടുന്നതാകുന്നു. ഇവർ എല്ലാക്കാൎയ്യങ്ങളെയും സവിസ്താരമായി പഠിക്കുവാൻ ശ്രമിക്കും. നിളമുള്ള വിരലുകളും, കെട്ടില്ലാതെ ഒഴുക്കമുള്ള കമ്പുകളും ഉള്ളവർ വിസ്താരമായ ആലോചനകൾക്കും, ഊഹാപോഹങ്ങൾക്കും ശക്തിയുള്ളവരല്ല. ഇവർ ആവേശംകൊണ്ടും, മനോരാജ്യംകൊണ്ടും, പ്രേരിക്കപ്പെടുന്നവരായും, അന്യന്റെ വാചാലതയിലോ ഭാവഭേദങ്ങളിലൊ വശപ്പെട്ടുപോകുന്നവരായും, ശില്പവേലകളിൽ സക്തന്മാരായും, കൃത്രിമപ്രവൃത്തികളെ കാണ്ടാൽ മനസ്സിന്നിളക്കവും ഭാവഭേദവും സംഭവിക്കുവാനിടയുള്ളവരായും ഭവിക്കും. ചിത്രമെഴുത്തു മുതലായ കലാവിദ്യകൾക്കു ഇവർ കൊള്ളുന്നവരാകുന്നു. എങ്കിലും അന്യാധീനത്തിൽ ഇരുന്നു ചെയ്യേണ്ടതും, അടക്കത്തോടും ഒതുക്കത്തോടും കൂടി ചേയ്യേണ്ടതുമായ യാതൊരു കാൎയ്യങ്ങൾക്കും ഇവർ കൊള്ളുന്നതല്ല. മേലധികാരങ്ങൾ ഇവൎക്കു സുഖകരമായി തോന്നുന്നതുമല്ല. സങ്കല്പലോകവാസമാണു് സുഖം.

ഇനി ഓരോ വിരലുകളുടെയും പ്രത്യേകഗുണങ്ങളെ പറയുന്നു. ചൂണ്ടുവിരൽ (ചൂണ്ടാണിവിരൽ എന്നും പറയും) നല്ല നിളവും, സമാന്യം പാമ്പുവിരലിനോടു (മദ്ധ്യവിരലിനോടു) തുല്യവുമായിരുന്നാൽ അവൻ എല്ലാകാൎയ്യങ്ങൾക്കും ഒരു നാഥനായിരിപ്പാൻ യോഗ്യനാകുന്നു. അവന്റെ വാക്കു നിയമവും അവൻ പറയുന്നതെല്ലാം മററുള്ളവൎക്കു കാൎയ്യമായും, അംഗീകരിക്കതെക്കതായും തൊന്നുന്നതുമാകുന്നു. പക്ഷെ, വിരൽ നീളമുള്ളതാണെങ്കിലും വളയനൊ പിരിയനൊ ആയിരുന്നാൽ അവർ തങ്ങളുടെ കാൎയ്യത്തിന്നുവേണ്ടി എന്തും ചെയ്വാൻ ഒരുക്കമുള്ളവരായിരിക്കും. എന്തു നീചപ്രവൃത്തികൾ ചെയ്തിട്ടും അവർ തങ്ങളുടെ കാൎയ്യങ്ങളെ സാധിപ്പിക്കും. ചതിക്കുവാനും മടിയുണ്ടാകില്ല. വളഞ്ഞുപിരിഞ്ഞനടുവിരലുള്ളവരും വിശ്വാസയോഗ്യന്മാരല്ല. പക്ഷെ അവർ നിൎഭാഗ്യവശാൽ അപകടത്തിൽ ചാടുന്നവരൊ കെട്ടകാൎയ്യത്തിൽപ്പെടുന്നവരൊ അല്ലാതെ കല്പിച്ചുകൂട്ടി ദുരിതം ചെയ്യുന്നവരല്ല. ഇവൎക്കു സംഭവിക്കുന്ന അപജയം പ്രായേണ ഭാഗ്യദോഷംകൊണ്ടല്ലാതെ പ്രവൃത്തിദോഷംകൊണ്ടുള്ളതല്ല. ഇവർ തടുക്കുവാൻ കഴിയാത്തവിധത്തിലുള്ള ദുരദൃഷ്ടത്തിന്നു പാത്രങ്ങളായിത്തീരുന്നു. നടുവിരൽ—പാമ്പുവിരൽ—വളയാത്തതും, നിവൎന്നതും പ്രകൃതിക്കു യാതൊരു വൈകല്യവുമില്ലാത്തതുമായിരുന്നാൽ അതുള്ളവർ എല്ലായ്പ്പോഴും ഗൌരവത്തോടുകൂടിയൊ, ഗാംഭീൎയ്യ

ത്തോടുകൂടിയോ, അഥവാ മൌഢ്യത്തോടുകൂടിയോ ഇരിക്കുന്നവരാകുന്നു. ഇത്തരക്കാരെ വിശ്വസിച്ചു ഏതൊരുകാൎയ്യവും ഏല്പിക്കാം. അവർ പ്രവൃത്തിയിൽ കൃത്യനിഷ്ഠയുള്ളവരാകുന്നു.

വളവും ചരിവുമില്ലാതെ ക്രമത്തിലധികം നീളമുള്ള മോതിരവിരലുള്ളവർ വിജയത്തിന്നും, കീൎത്തിക്കും, ജനരഞ്ജനക്കും ആഗ്രഹിക്കുന്നവരാകുന്നു. ഇവൎക്കു വിജയവും സാധാരണയായി ലഭിക്കുന്നു. നടന്മാൎക്കും, വാഗ്വാദകുശലന്മാൎക്കും, രാജ്യകാൎയ്യവിശാരദന്മാൎക്കും, പൊതുജനനേതാക്കന്മാൎക്കും, ഈ വിരൽ ഈ മാതിരിയായിരിക്കണം. ഈ വിരലിൽ വളവുണ്ടായിരുന്നാൽ മേൽപറഞ്ഞ ഗുണങ്ങൾക്കുപകരം ദോഷങ്ങളാണുണ്ടാകുക. ധനത്തെ ദുൎവ്യയം ചെയ്വാൻ ഉത്സാഹവും, ഡംഭാഹങ്കാരങ്ങളും വൎദ്ധിച്ചിരിക്കും. ചൂതുകളി മുതലായവയിൽകൂടി ആഗ്രഹം ജനിക്കും. ഇവരെ ധനസംബന്ധമായ യാതൊരുകാൎയ്യത്തിലും വിശ്വസിപ്പാൻ പാടുള്ളതല്ല. ചെറുവിരൽ നീളമുള്ളതും, വളയാത്തതുമായിരുന്നാൽ വാചാലതയും, അക്ഷരശുദ്ധിയും, ശബ്ദഭംഗിയും, ഉള്ളവരായിത്തീരും. ചെറുവിരലിന്റെ ഏറ്റവും അധികരിച്ച നീളം മോതിരവിരലിന്റെ നഖാരംഭത്തോളമാണ്. നീളം നന്നേകുറഞ്ഞ ചെറുവിരലുള്ളവർ തങ്ങളുടെ വിചാരങ്ങളെ തുറന്നുപറവാൻ സാധിക്കാത്തവരാകുന്നു. അവർ എഴുതിയുണ്ടാക്കാൻ പ്രാപ്തന്മാരായിരിക്കും. ചെറുവിരൽ നീളം കുറയുന്നേടത്തോളം, സദസ്സുകളിലും, അപരിചിതന്മാരുടെ മുമ്പിലും, വാക്കു പുറത്തുവരുന്നതല്ല. ചെറുവിരലിനു വക്രതഭവിച്ചാൽ ഈ ഫലങ്ങൾ അധികരിക്കും. മോതിരവിരലും, ചൂണ്ടുവിരലും നീളം സമമായിരുന്നാൽ ബുദ്ധിക്കും, മനസ്സിന്നും നിലവാരമുണ്ടായിരിക്കും. കല്പനാശക്തിയും, നീതിബുദ്ധിയും ഉണ്ടായിരിക്കും. മദ്ധ്യവിരലിന്നു അധികം നീളമുള്ളവർ അന്യനെ കുറ്റംപറയുന്നവരും, തന്റെ കുറ്റത്തിനെ അന്യന്റെ പേരിൽ ആരോപിക്കുന്നവരും, മനസ്സിന്നു കാഠിന്യമുള്ളവരും, പരസ്ത്രീയിലും, അന്യന്റെ പ്രാപ്തിയിലും അസൂയയുള്ളവരുമായിരിക്കുമെന്നു ചില വിദ്വാന്മാർ പറയുന്നു. അങ്ങനെ അനുഭവത്തിലും കാണുന്നുണ്ട്.

കോരങ്ങോട്ട കൃഷ്ണൻനായർ.

# പത്രംകൊണ്ട മൈത്രി.

പരോപകാരി പത്രത്തിന്റെ ആധിപത്യം വഹിക്കുന്ന മിസ്സ് മിളിതാമ്മാൾ ആപ്പീസ്സിമുറിയിലിരുന്നു പത്രകൃത്യം നിൎവ്വഹിക്കുന്നു. പേരെടുത്ത വൈദ്യന്മാർ കൈയൊഴിച്ച രോഗിക്കു മുറിവൈദ്യന്റെ കുറുകൌശലംകൊണ്ടു രോഗശമനം കാണുമ്പോൾ അവൎക്കുണ്ടാകുന്ന കൃതജ്ഞതയെ മിസ്സ് മിളിത പത്രമുഖപ്രമേയം തിരുത്തി വായിച്ചുകൊണ്ടനുഭവിക്കുന്നു. പത്രത്തിന്നു ആറുമാസം പ്രായം ചെന്ന കാലത്തു ബാലാരിഷ്ടം കണ്ടു തുടങ്ങിയപ്പോൾ പഴയ പത്രാധിപർ കയ്യൊഴിച്ചു; മിസ്സ് മിളിത ശിശുപരിപാലനാൎത്ഥം അതു കൈയേറ്റു. ശിശുപരിപാലനത്തിന്നു പുരുഷനെക്കാൾ സ്ത്രീക്കു പ്രാപ്തിയുണ്ടെന്നുള്ള വാസ്തവം പത്രമുഖപ്രമേയം പൊതുജനസമക്ഷം പ്രകാശിപ്പിച്ചു.

ആപ്പീസ്സിന്റെ പഴക്കം നോക്കി പത്രത്തിന്റെ വയസ്സു കണക്കാക്കുന്നതു തെറ്റായിരിക്കും. എന്നാൽ ദീൎഘവിസ്താരത്തിൽ ആപ്പീസ്സിന്നും പത്രത്തിന്നും തമ്മിൽ പൊരുത്തമുണ്ടു്; രണ്ടും ചെറിയവതന്നെ. പത്രത്തിന്റെ പഴയലക്കങ്ങളും ചില ഛായാപടങ്ങളും ചുമരുകളിൽ തൂങ്ങിനിൽക്കുന്നു. ആദായവിലക്കു ലേലത്തിൽ കിട്ടിയ നാഴികമണി വിറവാതം പിടിച്ചവരുടെ തലപോലെ ക്രമരഹിതമായി ചലിച്ചു തുടങ്ങുമ്പോൾ പത്രബന്ധുക്കൾ അതിനെ പിടിച്ചുനിൎത്തി സമാശ്വസിപ്പിക്കുന്നതു സാധാരണമാണു്. കണക്കുബുക്കുകളും അച്ചടിക്കോപ്പുകളും ചുമരോടുയോജിപ്പിച്ചു നിറുത്തീട്ടുള്ള നിരപ്പലകകളിൽ നിരന്നിരിക്കുന്നു. ചുണ്ണാമ്പു കണ്ടകാലം മറന്ന ഭിത്തികളുടെ പകച്ചനിറം മറച്ചുവെക്കുന്നതിന്നു ഈ വക സാമഗ്രികൾ സഹായിക്കുന്നുണ്ടു്. തൊണ്ണൂറിനു വാങ്ങി തോലു വിലക്കു വില്ക്കാറായ പൊതിമൂരിയെപ്പോലെ പത്രഭാരം ചുമന്നു നടുവളഞ്ഞു പുറംപൊളിഞ്ഞ മേശ മുറിക്കുള്ളിൽ കിടക്കുന്നുണ്ടു്. അതും ഏതാണ്ടൊരു തരം നാൽക്കാലി തന്നെ. ആസനം താങ്ങി പഴക്കംവന്ന കസാലകളിൽ ചിലതിന്നു അംഗഭംഗം നേരിട്ടിട്ടും അതിന്റെ വാസന വിട്ടുപോകുന്നില്ല. സൂക്ഷിച്ചിരുന്നാൽ ഉപേക്ഷിക്കയില്ലെന്ന വിശ്വാസത്തോടുകൂടി ഒന്നിൽ പത്രാധിപർ ഇരിക്കുന്നുണ്ടെങ്കിലും പണിയെടുത്തു നടുകഴച്ചിട്ടും പിറകോട്ടു ചാരുവാൻ ആ നാൽക്കാലി സമ്മതിക്കുന്നില്ല. ജട്ക്കാകുതിരയുടെ എടുത്തുചാട്ടത്തിന്റെ പ്രതിദ്ധ്വനിപോലെ അടുത്ത മുറിയിൽനിന്നു അച്ചടിയന്ത്രത്തിന്റെ ചടപടശബ്ദം കേൾക്കുന്നു. പത്രത്തിന്റെ മുഖലേഖനം പിഴ തിരുത്തിവരുന്നതിന്നു മുമ്പു പലവക പണികളൊതുക്കുവാൻ വേലക്കാർ പാടുപെടുകയാണു്.

ഗാലിപ്രൂഫ് മേശപ്പുറത്തു മലൎന്നു കിടക്കുന്നു. ഫൌണ്ടൻപെൻ പത്രാധിപരുടെ കൈവിരലുകൾക്കിടയിൽ ഇളകിക്കൊണ്ടിരിക്കുന്നു. മിളിതയുടെ മനസ്സു അഗാധമായ ചിന്തക്കു വിഷയമായിട്ടുണ്ടു്. ഈ ചിത്തവൃത്തിക്കിളക്കം തട്ടിച്ചതു "അകത്തു കടക്കട്ടെ; സമയമുണ്ടോ" എന്നുള്ള ചോദ്യമായിരുന്നു.

മിളിത—"വരു, വരു; ഞാൻ ഈ വരവു കാത്തുകൊണ്ടിരിക്കയാണു". എന്നുള്ള അനുസരണവാക്യത്തിന്നു അതിഥിയായിച്ചെന്നതു് ഒരു തരുണീമണിയാണു്. മനംചേൎന്ന മമതയെ പ്രകാശിപ്പിക്കുന്ന മന്ദസ്മിതത്തോടുകൂടി "കൃത്രിമമൊടികുസ്വാഗതം. ഈ പൊന്നും, പൂമ്പട്ടും ഇന്നും നന്നെന്നാണൊ ലളിതയുടെ വിചാരം. ആ കസാലയിൽ തന്നെയാവട്ടെ. ലളിത എന്ന വാക്കിനെ അൎത്ഥവത്താക്കിക്കൊണ്ടല്ലെ പുറപ്പെട്ടിരിക്കുന്നതു്."

ലളിത—എന്റെ വേഷം പിക്കേററു ചെയ്യാൻ പററിയതല്ലെങ്കിൽ പോക്കേററു ചെയ്യാൻ പററും; ഇല്ലെ? കൌതുകകലകളിൽ പണ്ടെ മോഹമില്ലാത്ത സബ്രഹ്മചാരിണിയുടെ ആക്ഷേപംകൊണ്ടു ഞാൻ ശിക്ഷിതയാവില്ല. എങ്കിലൊരുത്തൻ ഇതിന്നു് അനുകൂലിയല്ലാത്ത കാലത്തു ഈ വേഷം വേണ്ടെന്നുവെക്കാനും വിരോധമില്ല. ഇതു പത്രധൎമ്മമല്ല; പതിവ്രതാധൎമ്മമാണു്. മിളിത ഈ ധൎമ്മം ആചരിച്ചു തുടങ്ങുന്നതു് എന്നാണാവോ?

മിളിത— ലളിതേ! ഒരു കാൎയ്യം ഞാൻ മുമ്പിൽക്കൂട്ടി പറഞ്ഞേക്കാം. ആസനം ഉറപ്പിച്ചിരുന്നു സ്വന്തം വാചാലതയെ പൂരിപ്പിപ്പാൻ തുടങ്ങിയാൽ ആസന അനുഭവിക്കുന്നതിന്നു വേറെ ആളെ അന്വേഷിക്കേണ്ടിവരും. എനിക്കു് അതിനൊക്കെ സമയമില്ല.

ലളിത-- പണിത്തിരക്കിന്നിടയിലാണു ഞാൻ വന്നതെങ്കിൽ നിന്ന കാൽ മടക്കുന്നില്ല. ഇത്രയും സമയം മെനക്കെടുത്തിയതിന്നു് ഇതാ ഒരു ചുംബനം.

മിളിത— തന്നതിനെ സസന്തോഷം സ്വീകരിച്ചു. പക്ഷേ ഇത്തരം വിലപിടിച്ച വസ്തുവിനെ വെറുതേ ചിലവഴിക്കരുതു്. അതൊക്കെ പോട്ടെ. എന്തൊക്കയാണു വൎത്തമാനം. എടുക്കാച്ചുമടു ചുമന്നുകൊണ്ടാണു് എന്റെ നില.

ലളിത— മൂന്നുമാസമായില്ലേ മിളിത ഈ ദിക്കിൽ വന്നിട്ടു്. ഒരിക്കലെങ്കിലും വീട്ടിലേക്കു വരാൻ തോന്നിയില്ലല്ലോ. കീഴാശ്രമം മറക്കുന്നതു് ആൎക്കും നന്നല്ല.

മിളിത— നിമിഷനേരം വെറുതെ കളഞ്ഞിട്ടുണ്ടെങ്കിൽ ഈ പരിഭവത്തിന്നു ഞാൻ പാത്രമാകാം.

ലളിത— എന്നേക്കാൾ അച്ഛനാണു മിളിതയെ കാണാൻ തിടുക്കം.

മിളിത— അദ്ദേഹം എന്നെ മറക്കാതിരിക്കുന്നതു് എന്റെ ഭാഗ്യം.

ലളിത—മറക്കുകയൊ? മിളിതയുടെ ഛായക്കൂടി കുറിച്ചു തന്നിട്ടുണ്ടു്. കൈനീട്ടേണ്ട. ചെവി വട്ടം പിടിച്ചോളു. "ചണ്ടിക്കുള്ളിൽനിന്നു പൊങ്ങിവന്ന പാമ്പിൻകുഞ്ഞിന്റെ തലപോലെ ചെവിക്കിടയിൽ തിരുകിയിരിക്കുന്ന പേനത്തുമ്പു വെട്ടുമുടിക്കുള്ളിൽക്കൂടി പുറത്തു കാണിച്ചുകൊണ്ടും ചെന്താമരത്താരിൽ ചെറുവണ്ടുകൾ പററിയതുപോലെ അച്ചടിമഷി പുരണ്ട മുഖത്തോടും ആപ്പീസ്സിൽ ഉലാവുന്ന ആ കൊച്ചുമിടുക്കത്തിയെ ഞാനൊന്നെത്തിച്ചുനോക്കാതിരിക്കില്ല" എന്നു പറഞ്ഞു് അച്ഛൻ എന്റെ കൂടെ പുറപ്പെട്ടു. ഞാൻ തടഞ്ഞുനിൎത്തുകയാണു ചെയ്തതു്. ഒന്നുവരൂ മിളിതേ! വീട്ടിലേക്കു്.

ലളിതയുടെ മന്ത്രോച്ചാരണം കേട്ടപ്പോൾ മൂൎത്തിയിളകി. പത്രാധിപഗൌരവത്തെ മറയ്ക്കാൻ മതിയാവാത്ത പുഞ്ചിരിയോടുകൂടി "എന്റെ പത്രത്തിന്റെ ഫ

ലിതവകുപ്പിൽ ആ രസികപ്പുരുമാരെ പിടിച്ചിടാൻ ഞാൻ മോഹിച്ചുകൊണ്ടിരിക്കയാണ്. പക്ഷെ പത്രം മുഴുവനും അദ്ദേഹത്തിന്നു നേരംപോക്കാണല്ലോ. പിന്നെ ഞാനെന്തു ചെയ്യും. അലസരെ അലട്ടി ഉണർത്തി ഉന്മേഷഭരിതരാക്കി മാതൃഭൂമിയുടെ മക്കളാണെന്നുള്ള പരസ്പരം ബോധം ഉണ്ടാക്കിത്തീർക്കേണ്ടതായ ഒരു ഒററ ആവശ്യമാണു ഞാൻ പത്രംകൊണ്ടുദ്ദേശിച്ചിട്ടുള്ളതെന്നു ലളിതക്കറിഞ്ഞുകൂടെ? നമ്മുടെ ജനതയുടെ മൃഗീയമായ മനസ്ഥിതിയെ മാററുകതന്നെ വേണം. 'മൃഗീയം' എന്ന പ്രയോഗം ലളിതയ്ക്കു രുചിക്കുന്നില്ലായിരിക്കാം. അതു പത്രപ്രവൃത്തിയിൽ ഒഴിച്ചുകൂടാത്ത പദമാണ്. നാട്ടിൽ പ്രമാണികൾ എന്നഭിമാനിക്കുന്നവരുടെ ഭീമമായ സ്വാൎത്ഥീകരണംകൊണ്ടു—സ്വാൎത്ഥപ്രതിപത്തി എന്നു പറയുന്നതുകൊണ്ടു ശക്തിമതിയാവുന്നില്ല. സാധുക്കളായ ജനങ്ങളുടെ അല്ല ദരിദ്രനാരായണന്മാരുടെ അനിഷ്ടകഷ്ടാരിഷ്ടിതമായ ജീവിതത്തെ പാഴ്ചളിക്കുണ്ടിൽ സ്ഥിരവാസം ചെയ്യിക്കുവാനോ ഇവർ തുനിയുന്നതു്. ഈ ദുഷ്ടസത്വങ്ങൾ പ്രയത്നശാലികളുടെ ധനത്തെയും മാനത്തെയും തദ്വാരാ മനസ്സിനെയും ശരീരത്തെയും ബലികഴിക്കുന്നു.

ലളിത—പത്രാധിപരുടെ മനസ്സിൽ പതിഞ്ഞ ചിത്രം ഭയങ്കരംതന്നെ.

മിളിത—ദൃഷ്ടാന്തത്തിന്നു നമ്മുടെ ഇക്ഷുശരാസനൻെറ പള്ളിത്താമംതന്നെ എടുക്കുക.

ലളിത—ഏതു ശരാസനൻെറ? എനിക്കു മനസ്സിലായില്ല.

മിളിത—സാക്ഷാൽ മല്ലീശരപ്രഭൃതന്നെ. പട്ടണത്തിന്നുള്ളിൽ ആൎക്കും ഉപയോഗമില്ലാതെ അടച്ചുപൂട്ടി സൂക്ഷിക്കുന്ന വളത്തുകാട്ട് അദ്ദേഹത്തിൻെറ പുഷ്പവാടിയല്ല; ദുഷ്പവാടിയാണ് എന്നു ഞാൻ പ്രഭുവിനെ മനസ്സിലാക്കീട്ടുണ്ടു്.

ലളിത—അല്ലാ ഇതിനിടക്കുളും കഴിച്ചുവോ? അദ്ദേഹം പട്ടണത്തിൽ എത്തീട്ടു രണ്ടു ദിവസമേ ആയിട്ടുള്ളു.

മിളിത—ശിരഃകമ്പനം ചെയ്തു നിഷേധത്തെ സൂചിപ്പിച്ചു. 'എനിക്കു് ആ തരക്കാരെ നേരിട്ടു കാണേണ്ട ആവശ്യമില്ല. ആ പത്രത്തിൽ സ്വാൎത്ഥലോലുപനെപ്പററി കണക്കിനു ഉണദോഷിച്ചുണ്ടു്. ഇക്കുറിയിലെ ആമുഖവും ആ വിഷയംതന്നെയാണ്. ഇതാ നോക്കു.'

പത്രത്തിലെ ആമുഖലേഖനം വായിച്ചു ലളിത അമ്പരന്നിരുന്നുപോയി. പ്രസാദം പൊഴിയുന്ന മുഖംമങ്ങി. "ഇതു് ഈ മാതിരിതന്നെ അച്ചടിക്കുവാനാണൊ ഭാവം" എന്നു ചോദിച്ചു.

മിളിത—എന്തുകൊണ്ടു വയ്യ? ശക്തി പോരെന്നു തോന്നുന്നുണ്ടോ? ഇതിലും ഭീമമായ വാചകം തോന്നുന്നുണ്ടെങ്കിൽ തിരുത്തിച്ചേൎക്കാം.

ലളിത—ബ്രഹ്മാസ്ത്രത്തിന്നു പ്രത്യസ്ത്രമില്ലെന്നോൎമ്മവേണം. ഇതിലും ഭേദം അദ്ദേഹത്തെ മുഖത്തുനോക്കി 'കൊള്ളക്കാരൻ' എന്നു വിളിക്കയാണ്.

മിളിത—പലൎക്കും ആവശ്യമുള്ളതായ ഒരു സാധനം ആൎക്കും ഉപയോഗമില്ലാത്ത വിധം കെട്ടിപ്പൂട്ടിവെച്ചുകൊണ്ടിരിക്കുന്ന ആ നിധികാക്കുന്ന ഭൂതത്താനെ കൊള്ളക്കാരനെന്നോ കൊള്ളരുതാത്തവനെന്നോ പറയേണ്ടതു് എന്നു് ഈ ആമുഖം വായിക്കുന്ന ലോകം തീരുമാനിക്കട്ടെ.

ലളിത—മിളിത മല്ലീശരപ്രഭുവിനെക്കൊണ്ടു ചിലതൊക്കെ ചെയ്യിക്കാൻ ഒരുമ്പെട്ടു പുറപ്പെട്ടിട്ടുണ്ട്. മല്ലീശരൻ പത്രം വായിക്കുന്ന കാൎയ്യം പോട്ടെ; കാണുമൊ എന്നാണ് എന്റെ സംശയം.

മിളി—കൈയ്യിൽ എത്തിക്കാൻ ഏൎപ്പാടു ചെയ്യുന്നുണ്ട്. വായിപ്പിക്കത്തക്ക വിധത്തിലായിരിക്കും മേൽവിലാസം. പറഞ്ഞു പറഞ്ഞു സമയം പോയി. പണി ബാക്കിയില്ലും.

ലളിത—വീട്ടിലേക്കു വരാമെന്നു വാക്കുതന്നാൽ ഞാൻ പെട്ടോളാം. ഒഴികഴിവുകൊണ്ട് ഒഴിഞ്ഞുപോകരുതെന്ന് അച്ഛൻ സിദ്ധാന്തിച്ചിട്ടുണ്ട്.

മിളിത—വരുന്ന ആഴ്ചയിൽ വന്നേക്കാം. എനിക്ക് അദ്ദേഹത്തിനെ കണ്ടു പലതും ചോദിക്കേണ്ടതുണ്ട്. അച്ഛനു നമസ്കാരം പറയുക:

*                *                *                *                *                *

വന്ന പത്രം മടക്കി അയയ്ക്കുകയില്ല. പണം ചോദിച്ചാൽ കൊടുക്കും. വിശ്രമവേളയിൽ കണ്ടതെടുത്തു വായിക്കും. ഈ തോതിലാണു മല്ലീശരന്റെ പത്രവായന. 'മുഖവിഷയം ശ്രദ്ധേയം' എന്നു ചുമന്ന മഷികൊണ്ടു വലിയ അക്ഷരത്തിൽ മേൽവിലാസത്തിന്മേൽ അച്ചടിച്ചു കണ്ടപ്പോൾ പ്രഭുപത്രം പൊളിച്ചു വായിച്ചു. "കുത്തും ചവിട്ടും ഇടക്കു ചുരമാന്തലും കടിയുമുള്ള പശുവിനെ കറന്നു പാലെടുത്തതുപോലെയാണു മുഖപ്രസംഗം വായിച്ചപ്പോൾ എനിക്കു തോന്നിയതു്. കാൎയ്യസ്ഥൻ ഇതൊന്നു വായിച്ചുനോക്കൂ" എന്നു പറഞ്ഞു പത്രംകൊടുത്തു.

കാൎയ്യസ്ഥനു് എജമാനനോളം ക്ഷമയുണ്ടായില്ല. വായിക്കുന്നതിന്നിടക്കു പലകുറി മുഖം ചുളിഞ്ഞു. വായന കഴിഞ്ഞപ്പോൾ വല്ലാതെ ചൂണച്ചു. ഈ മാതിരി അധികപ്രസംഗം എഴുതിക്കൂട്ടുന്നതിന്നുതക്ക പ്രതിവിധി നോക്കണം. അവിടുത്തെ മാനംകെടുത്താൻ കല്പിച്ചുകൂട്ടി എഴുതിക്കൂട്ടിയതാണെന്നു പ്രത്യക്ഷമാകുന്നുണ്ടു്.

മല്ലീശരൻ—പ്രൌഢലേഖനം; ചൂണച്ചെഴുതിട്ടുണ്ട്. നല്ല വാചകം.

കാൎയ്യസ്ഥൻ—മാനനഷ്ടത്തിന്നു സിവിലും ക്രിമിനാലുമാവാം. രണ്ടു കേസ്സും ഒപ്പം ഫയലാക്കണം. ഈയിടയിലായിട്ട് ഈ പത്രാധിപർ കുറെ ഏറെ കടന്നു തുള്ളുന്നുണ്ട്. എഴുത്തച്ഛന്റെ രാമായണംപോലെ വീടുവീടാന്തോറും ഈ പത്രം കാണാം.

മല്ലീ—ഭേദക്കാരെ അലട്ടാൻ തുടങ്ങിയാൽ പിമ്പുറം താങ്ങാൻ ആളുണ്ടാവും; അതു ലോകസ്വഭാവം. പത്രപ്രചാരത്തിന്നു കുറവുവരാതെ കൊണ്ടുനടത്താൻ പ്രാപ്തിയുള്ള ആളാണു പത്രാധിവർ.

കാൎയ്യസ്ഥൻ—വക്കീലിനോടു നേരിട്ട് ആലോചിച്ചാൽ അധികം നന്നു്. ഞാൻ പോയി വിളിച്ചുകൊണ്ടു വരാം.

കാൎയ്യസ്ഥന്റെ അഭിപ്രായം എജമാനൻ ഗൌരവം വിടാതെ കേട്ടുകൊണ്ടിരുന്നു. പളുക്കെ ഒന്നു ചിരിച്ചു. 'അത്രക്കൊക്കെ പോണൊ?' എന്നു സാവധാനത്തിൽ ചോദിച്ചു. പത്രാധിപരുടെ ഏട്ടത്തു ചാട്ടം എത്രത്തോളം എത്തുമെന്നു നോക്കാം. ചാട്ടംപിഴച്ചാൽ നമുക്കൊന്നും പററാനുമില്ല. ആക്ഷേപം മുഴവനും

ധികാരമാണെന്നു പറഞ്ഞുകൂടാ. കാടും മൊന്തയും പൊതിഞ്ഞുകിടക്കുന്ന സ്ഥലം പൌരജനങ്ങൾക്ക് ഉപയോഗിക്കത്തക്ക നിലയിൽ തുറന്നിടാനെന്താ വിരോധം?

കാര്യസ്ഥൻ—ഒരിക്കലും പാടില്ല. പട്ടണത്തിൽ ജനപ്പെരുപ്പം കൂടിവരുന്നു. പാർപ്പിടം കിട്ടാതെ പലരും കുഴങ്ങുന്നുണ്ട്. പാർക്കിൽ കുറെ കെട്ടിടം പണിതിട്ടാൽ നല്ല കൂലികിട്ടും. സ്ഥലം അംശിച്ചുവിറ്റാൽ പറഞ്ഞ വില കിട്ടും. പഴങ്കടംതീർത്തു മുതലുറപ്പിക്കത്തക്ക വിലപിടിച്ച വസ്തുവാണത്.

മല്ലീശരൻ—പഴങ്കടം വസ്തു വിററു തീർക്കേണ്ട. കാലക്രമംകൊണ്ടു തീരാനുള്ളതേയുള്ളു. കെട്ടിടം പണിയിക്കാൻ സൌകര്യപ്പെടുന്നതുവരെ പൊതുജനങ്ങൾക്കുപയോഗിക്കുവാൻ ഒഴിച്ചിട്ടു കൊടുത്തുകൂടെ?

കാര്യസ്ഥൻ—ഒരിക്കൽ പൊതുവാക്കിയാൽ പിന്നീടു തനതാക്കുവാൻ വ്യവഹാരം തന്നെ വേണ്ടിവന്നേക്കാം. പത്രാധിപരുടെ ഭീഷണിക്കു വഴിപ്പെടുന്നതു മഹാമോശം. ഭീരുത്വം കാണിക്കുകയോ?

മല്ലീശരൻ ഉദാരശീലനും ചെറുപ്പക്കാരനുമാണ്. കാരണവസ്ഥാനത്തെത്തീട്ട് അധികം കാലമായിട്ടില്ല. കാര്യസ്ഥൻ പ്രൌഢനും പഴമക്കാരനുമാണ്. സ്ഥാനത്തെ മാനം കാക്കുന്ന വിഷയത്തിൽ ചെയ്യേണ്ടതായി വരുന്നതെല്ലാം ന്യായമാണെന്നു സമ്മതിക്കാഞ്ഞാൽ രസക്കേടു ഭാവിക്കയുംചെയ്യും 'മൂത്തവർ വാക്കും നെല്ലിക്കയും ആദ്യം കയ്ക്കും പിന്നെ മധുരിക്കും' എന്നു കാര്യസ്ഥൻ എടുത്തുപറഞ്ഞു. മല്ലീശരൻ 'എന്നാൽവേണ്ട' എന്നുമാത്രം പറഞ്ഞുനിർത്തി.

കാര്യസ്ഥൻ—വ്യവഹാരവും വേണ്ടെന്നാണൊ വെച്ചത് 'ഇളതരം കണ്ടേടത്തു വാതം കൊച്ചുന്നതുപോലെയാണു പത്രാധിപരുടെ പ്രവൃത്തി.

മല്ലി—അതിനെപ്പററി ഗൌരവമായി ചിന്തിക്കേണ്ട. എന്നെ കുററം പറയുന്നതു മററു ചിലക്കു സന്തോഷമാണെങ്കിൽ ആ രസം അവർ അനുഭവിച്ചുകൊള്ളട്ടെ. നമ്മുടെ പാർക്കു പ്രതിഫലംകൂടാതെ നാട്ടാർക്കു വിട്ടുകൊടുത്താൽ അതു കീർത്തിക്കു കാരണമാണ്. ആ തരത്തിൽ ചെയ്യേണ്ടതാണെന്ന് ഒരു പത്രം നമ്മെ ഉപദേശിച്ചാൽ അത് അപകീർത്തിയാകുന്നതെങ്ങിനെ? എന്നെ ചൂണ്ടിക്കാണിച്ചുപദേശിക്കുന്ന ഈ പത്രാധിപതിയോ ഉടമസ്ഥനോ ആരാണെന്നറിയുമൊ?

കാര്യ—അടുത്ത കാലത്തു പത്രാധിപർ മാറീട്ടുണ്ടെന്നു കേട്ടു. ഞാൻ അറിയില്ല. അന്വേഷിക്കാം.

മല്ലി—അന്വേഷിച്ചറിയേണമെന്നില്ല. പത്രം മുറക്കുവരുത്താൻ ഏർപ്പാടുചെയ്താൽ മതി. വരിസംഖ്യ മുന്നൂറ് അയച്ചുകൊടുത്തേക്കു. നല്ല മലയാളം, ഓജസ്സുള്ള വാചകം.

പഴമക്കാരൻ കാര്യസ്ഥൻ കോടതിയോടു വളരെ പ്രതിപത്തിയുള്ള കൂട്ടത്തിലാണ്. രണ്ടു വിധത്തിലുമുള്ള നമ്പ്ര് ഒന്നിച്ചു കോടതിയിൽ മുളക്കാമെന്നു വിചാരിച്ചു. കാര്യസ്ഥന്റെ മോഹം സാധിച്ചില്ലെന്നു മാത്രമല്ല തീണ്ടിയവനുതന്നെ അടി കൊടുത്ത കൂട്ടത്തിൽ പത്രത്തിന്നു പണം അയക്കണമെന്നുകൂടി പറഞ്ഞതു കാര്യസ്ഥന്നു ഒട്ടും സുഖമായില്ല. 'തല്ലുകൊള്ളുമ്പോൾ തടവുന്നോന്റെ പടിയും' എന്നു പറഞ്ഞതു വീട്ടിലേക്കു പോകുംവഴിക്കായിരുന്നു.

പ്രതിവാരപത്രത്തിന്റെ പിന്നത്തെ പ്രതിയിൽ, തന്നെ പത്തിരട്ടി ആക്ഷേപിച്ചിട്ടുള്ളതായി മല്ലീശരൻ കണ്ടു. 'ആരാമം പൊതുസ്വത്താക്കണം; പഴയ കെട്ടിടങ്ങൾ പൊളിച്ചു പണിതു കലാശാലകളാക്കുന്നതും നല്ലതുതന്നെ. വരുംവാരത്തിലെ പത്രത്തിൽ എന്റെ വാസഗൃഹം ആതുരശാലയാക്കിക്കൊടുപ്പാൻ പത്രാധിപർ നിർബ്ബന്ധിക്കുമെന്നാണു തോന്നുന്നതു്. കോൺഗ്രസ്സിന്റെ ആശയം പത്രാധിപർ മുറുക്കിപ്പിടിച്ചിട്ടുണ്ടു്. തെങ്ങിനും കവുങ്ങിനും ഒരുപോലെ തള്ളുകെട്ടുന്നതു് എന്റെ സ്ഥിതി മുഴുവൻ അറിയാഞ്ഞിട്ടായിരിക്കണം' എന്നു തന്നെത്താൻ പറഞ്ഞു.

* * * * * *

ലളിതയുടെ അച്ഛനെ കാണാൻ പോയ ദിവസം മിളിതക്കു് ഒരു സുദിനമായിരുന്നു. അച്ഛനും മക്കളും എന്നമട്ടിലല്ലാതെ മിളിത അന്യയാണെന്നുള്ള ബോധം അവരുടെ പെരുമാററത്തിൽ കാണുന്നില്ല.

അച്ഛൻ—നിന്റെ ഈ ചെറുപ്പത്തിൽതന്നെ പത്രമുഖേന പല ശസ്ത്രങ്ങളും പ്രയോഗിപ്പാൻ സാമർത്ഥ്യം സമ്പാദിച്ചതിനെക്കുറിച്ചു് എന്റെ മിളിതേ! എനിക്കാശ്ചര്യം തോന്നുന്നു. മല്ലീശരൻ അങ്ങോട്ടാവശ്യപ്പെട്ടു വരുത്തിട്ടുള്ള പത്രം ഇതൊന്നേയുള്ളു. കൊള്ളിവാക്കും തള്ളിച്ചയും കുറക്കണം എന്നാണു് അദ്ദേഹത്തിന്റെ പക്ഷം.

ലളിത—അന്നത്തെ പത്രം പുറത്തുവന്നാൽ അപകീർത്തിക്കേസ്സു കോടതികേറുമെന്നു അച്ഛനോടു ഞാനും പറഞ്ഞു.

മിളിത—ഇതുവരെ ഒരു നോട്ടീസ്സുപോലും അദ്ദേഹം എനിക്കയച്ചിട്ടില്ല. അതാണത്ഭുതമായി തോന്നുന്നതു്. സാമവും ദണ്ഡവും പ്രയോഗിച്ചു. എന്നിട്ടും ആൾ കുലുങ്ങുന്നില്ല. 'മനമുറച്ച മന്നൻ' തന്നെ. അതോ മെനങ്ങാതിരുന്നു വർദ്ധിപ്പിച്ച മേദസ്സു മനസ്സിനെയും മറച്ചിട്ടുണ്ടോയെന്തോ?

ലളിത—നയം നാലല്ലേ. ഇടക്കു രണ്ടെണ്ണം വിട്ടതെന്തേ? ദാനംകൊണ്ടു കാര്യം സാധിക്കുമെന്നാണു എന്റെ പക്ഷം.

മിളിത—പാക്കുവിലക്കു വാങ്ങാമെന്നോ? ഒരു തരക്കേടുമില്ല. എന്നെ സഹായിക്കാനാളുണ്ടെങ്കിൽ എന്റെ സർവ്വസ്വവും ആ വകക്കു ദാനംചെയ്യാം.

അച്ഛ—സഹായത്തെപ്പററി സംശയിക്കേണ്ട. മിളിതയെ സഹായിക്കാത്തവരായിരിക്കും ചുരുക്കം. മല്ലീശരൻ പണം കൊടുത്താൽ സ്വീകരിക്കുമെന്നുറപ്പുണ്ടെങ്കിലല്ലേ അതിനു പുറപ്പെടേണ്ടു.

ലളിത—ഞാൻ ആ തരത്തിലുള്ള ദാനമല്ല പറഞ്ഞതു്.

മിളിത—എന്റെ നയോപായസ്വരൂപിണിക്കു തോന്നുന്നതു വിശദപ്പെടുത്തിക്കൂടെ?

ലളിത—ആവാം കേട്ടോളൂ. അച്ഛൻ പുരോഹിതൻ; ഞാൻ പരികർമ്മി; മിളിത ദാനവസ്തു; മല്ലീശരപ്രഭു ദാനം വാങ്ങുന്നാൾ—ഇപ്പോൾ മനസ്സിലായോ? സർവ്വസ്വദാനം.

മിളിത—പോടി പുന്നാരക്കോതേ! ഞാൻ നിന്നോടൊന്നും ചോദിച്ചില്ല.

ലളിത—ഇല്ലേ; എന്നാൽ ഞാൻ മുഴുവനും പറഞ്ഞിട്ടുമില്ല.

അച്ഛൻ—മിളിതയാണു പത്രാധിപരെന്നു മല്ലീശരൻ ധരിച്ചിട്ടില്ല. ഇനി ഇവിടെ

വരാനും മതി. വന്നാൽ മനസ്സിലാക്കാൻ വിരോധമുണ്ടോ പത്രാധിപരെ വലിയ ബഹുമാനമാണ്.

മിളിത—ആളെ അറിയിച്ചാലും കൊള്ളാം. ഇല്ലെങ്കിലും കൊള്ളാം. പത്രധമ്മത്തിൽനിന്നു ഞാൻ ഇമ്മിക്ക മാറില്ല. നേരിട്ടു വാഗ്[illegible]ദത്തിനിട്‌കൊടുക്കണൊ?

ലളിത—പത്രംകൊണ്ടാകാത്തകാര്യം വക്ത്രംകൊണ്ടാകുമോ എന്നുകൂടി പരീക്ഷിക്കേണ്ടതാണ് മിളിതെ!

അച്ഛൻ—വേണ്ട; ഇവിടെവെച്ചു വാക്കേററമുണ്ടാകുന്നതു ലളിതയുടെ അമ്മക്കു രസിക്കില്ല. ഈ വീട്ടിൽവെച്ചു അതു ഞങ്ങൾക്കുമാത്രമേ പാടുള്ളു എന്നാണു എന്റെ ഭാര്യയുടെ കല്പന.

മിളിത—ചിരിച്ചുകൊണ്ട്; കേട്ടില്ലെ അച്ഛൻ അമ്മയെ പരിഹസിക്കുന്നത്.

ലളിത—അമ്മ വരട്ടെ; ഞാൻ പറഞ്ഞുകൊടുത്തേ ഇരിക്കു.

അച്ഛൻ—ഇന്നത്തെ വക്കാണത്തിന്നു അമ്മക്കു വഴക്കൊന്നും കിട്ടീട്ടില്ലെങ്കിൽ എന്റെ മകളുടെ ഉപദേശം വലിയ ഉപകാരമായിരിക്കും.

അച്ഛന്റെ നേരംപോക്കുകേട്ടു മകളെപ്പിടിച്ചു കുലുക്കി രസിച്ചുകൊണ്ടിരിക്കുന്ന മിളിത മല്ലീശരൻ വരുന്നതുകണ്ടില്ല. കണ്ടാൽ കണ്ണിൽപിടിക്കുന്ന രൂപം; പൌരുഷം തികഞ്ഞ ദേഹം; വന്നുകേറിയപ്പോഴാണു മിളിത കണ്ടത്. മനസ്സിൽ കൊണ്ട മല്ലീശരനല്ല കണ്ണിൽ കാണുന്നതെന്നു വന്നപ്പോൾ ഉന്നം പിഴച്ച അഭ്യാസിയെപ്പോലെ മിളിതയുടെ മുഖപ്രസാദം മങ്ങി. കുമ്പമാടി അമ്പതിൽപരം പ്രായംചെന്ന ഒരു കുമ്പളങ്ങാപ്രായനായിരുന്നു മല്ലീശരനെങ്കിൽ മിളിതക്കു വിരോധമുണ്ടായിരുന്നില്ല. അപരിചിതനും അരോഗദൃഢഗാത്രനും ഏതാണ്ടു സമവയസ്കനുമായ ഒരു ശാന്താത്മാവിനെ കണ്ടപ്പോൾ പത്രാധിപരുടെ ഇരിക്കസ്ഥാനം ഉറച്ചില്ല. അല്പം സങ്കോചത്തോടുകൂടി എണീററു പിന്നാക്കം മാറി ലളിതയുടെ കൈപിടിച്ചുകൊണ്ടു തളത്തിലേക്കു കടന്നുനിന്നു. മിളിതയുടെ പരുങ്ങലിൽ അച്ഛൻ മനസ്സിരുത്തായ്കയുമില്ല. 'ദീഘായുരസ്തു. ഞങ്ങൾ പറഞ്ഞുകൊണ്ടിരിക്കയായിരുന്നു' എന്നു ലളിതയുടെ അച്ഛൻ സ്വാഗതം പറഞ്ഞു.

മല്ലീ—ആയുസ്സ് ദീഘിക്കുന്തോറും അലട്ടുകൂടിക്കൊണ്ടാണു വരുന്നത്. പരോപകാരി പത്രാധിപർ എനിക്കുതന്ന സമ്മാനം പൊതിഞ്ഞയച്ച കടലാസ്സുകളാണിത്. അതിന്നു ഒരു നന്ദിവാക്കുപോലും ഇതുവരെ പറവാൻ കഴിഞ്ഞിട്ടില്ല. ലളിത പത്രാധിപരെ അറിയുമൊ? 'മൂപ്പിന്നും' ഈ പത്രങ്ങൾ കുറെ ഒക്കെ വായിച്ച് അഭിപ്രായം പറയണം.

ലളിത—കൂടിയെ കഴിയുവെങ്കിൽ പറയാം. ഒരു സ്ത്രീയാണ്. ആ കാര്യത്തിൽ എന്നേക്കാൾ വ്യുൽപത്തി എന്റെ ഈ തോഴിക്കു കൂടും. ലളിതയുടെ വായ പൊത്തിയതുപോലെ ശബ്ദം തടസ്ഥപ്പെട്ടുകൊണ്ടാണു പുറപ്പെട്ടത്.

മല്ലീശരൻ—ലളിതക്കു ലോകവ്യുൽപത്തി കുറവാണെന്നു ഞാനും സമ്മതിക്കാം. ഒരു അതിഥിവന്നാൽ സൽക്കരിച്ചിരുത്തി പഴമക്കാർക്കു മുറുക്കാനും പുതുമക്കാർക്കു പുകക്കാനും അല്ലെങ്കിൽ കുടിക്കാനും കൊടുക്കുവാൻ അമ്മ വീട്ടിലില്ലെങ്കിൽ മകളാണു ആ മര്യാദ ആചരിക്കേണ്ടതു്.

ലളിത—മുറുക്കാൻ ഇവിടെ കയറില്ല. പുകക്കാൻ കൊളുകടിയില്ല. കുടിക്കാൻ കാപ്പികൊണ്ടുവരുവാനാണു ഞാൻ പോണതു്.

ലളി—ലളിതയുടെ പോക്കു തന്നെത്താനുണ്ടായതല്ല. നിർബ്ബന്ധവിഷയമായിപ്പോയി. ഇക്കാര്യത്തിൽ ഉചിതജ്ഞത ലളിതക്കല്ല.

എനിക്കല്ലെങ്കിൽ എന്റെ തോഴിക്കായാലുംമതി. ഞങ്ങൾ രണ്ടുപേരും ഒന്നാണ്. അല്ലെ മിളിതെ?

മല്ലീശരൻ—ലളിത പത്രത്തിന്റെ അടുത്ത ചില പ്രതികൾ വായിച്ചുവൊ? വാചാമഗോചരംതന്നെ.

ലളി—പത്രാധിപരുടെ അസ്ത്രം കണ്ണത്തിൽ തറച്ചിട്ടാണു വാക്കുവരാത്തതു് എന്നാണു മിളിതയുടെ അഭിപ്രായം.

മല്ലി—അസ്ത്രം പത്രാധിപരുടെ സ്വന്തമാണെന്നു മിളിതാമ്മാൾക്കു നിശ്ചയമുണ്ടോ? വല്ലവരും ഉണ്ടാക്കിക്കൊടുത്തതായിക്കൂടെ? പത്രാധിപർ ഒരു സ്ത്രീയാണെന്നല്ലെ പറഞ്ഞതു്?

ലളിത മറുപടി പറവാൻ സംശയിച്ചുനിന്നു. സ്വാഭിമാനത്തിന്നു കോട്ടം തട്ടുന്ന വാക്കു കേട്ടപ്പോൾ മിളിതയുടെ വിധം പകന്നു "പരോപകാരിപത്രത്തിന്റെ ആശയം എപ്പോഴും പത്രാധിപരുടെ സ്വാഭിപ്രായമായിരിക്കും."

മല്ലി—എന്റെ പാക്കിനെ സംബന്ധിച്ച പത്രാധിപരോടു ദൂതുപറവാൻ ആളെ അന്വേഷിച്ചിരിക്കയായിരുന്നു. ലളിതാമിളിതാംബമാർ ആ ഉപകാരം എനിക്കു ചെയ്തുതരണം.

ലളിത—മിളിതാംബാളല്ല, മിസ്സ് മിളിത. ഞാനും അമ്മയല്ല.

മല്ലീശരൻ—ഓ മിസ്സ് മിളിതയും മിസ്സിസ്സ് ലളിതയുംകൂടി ഈ വഴക്കവസാനിപ്പിച്ചുതരുമൊ?

മിളിത—ദൂതിനു പോകുന്നവർക്കു കാര്യത്തിന്റെ പ്രകൃതം മുഴുവൻ അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. ഞാൻ ആ പാക്കു ഉള്ളിൽകടന്നു കണ്ടിട്ടില്ല.

മല്ലി—ഉത്തമപക്ഷം, ഇന്നത്തെ സ്വാരി ആ വഴിക്കാകാമെങ്കിൽ വലിയ ഉപകാരം. മൂപ്പിന്നും വരും നമുക്കൊന്നിച്ചു പോകാം. അടുത്താണുതാനും.

മിളിത—(ലളിതയോടു സ്വകാര്യമായിട്ടു്) ഇത്ര ചൂടോടെ കാര്യം നടക്കുമെന്നു കരുതിയില്ല. വല്ല ഒഴികഴിവും പറഞ്ഞു് ഒഴിഞ്ഞാലോ. 'വേണ്ട മിളിതെ! സമ്മതിക്കു, ഞാനും ആ സ്ഥലം നല്ലവണ്ണം കണ്ടിട്ടില്ല. നമുക്കു് ഉത്സാഹിച്ചാൽ കാര്യം ഒപ്പിക്കാം ഉള്ളിലുള്ളതു തുറന്നുപറവാൻ ഇതൊരു നല്ല അവസരമാണ്. അച്ഛനും ഒന്നിച്ചുണ്ടെങ്കിൽ പിന്നെന്താ വിരോധം.

മല്ലി—അകത്തുള്ളാളുകൾ ഉത്രവേഗം ഉറക്കമായൊ? ഇതുകൊള്ളാം. അമ്മയെ ബന്ധുവീട്ടിലേക്കയച്ചു. മൂപ്പിന്നു പത്രം വായിക്കുന്നു. മുറിക്കുള്ളിലുള്ള മിസ്സും മിസ്സിസ്സും മൌനം ദീക്ഷിച്ചു. ഇനി ഞാനാരോടാ സംസാരിക്കേണ്ടതു്? തൂണിനോടൊ? അതോ ചുമരിനോടൊ?

ലളിത—മിസ്സിനോടും മിസ്സിസ്സിനോടും പത്രം വായിച്ചുകഴിഞ്ഞാൽ ഫാദറിനോടും

പോകുംവഴിക്ക് അമ്മ വരുന്നുണ്ടെങ്കിൽ മററിനോടും സംസാരിക്കാം. ഇതാ ഞങ്ങൾ പാൎക്കു കാണുവാൻ പുറപ്പെട്ടുകഴിഞ്ഞു. കാപ്പി കുടിച്ചിട്ട്.

*　　　　*　　　　*　　　　*

അവർ പാൎക്കു ചുററി സഞ്ചരിക്കുമ്പോൾ അമ്മ ലളിതയുടെ ഭൎത്തൃഗൃഹത്തിൽ പോയി മടങ്ങിവരുന്നതു കണ്ടു. അച്ഛനും മകളും ദിനസ്ഥിതി അറിവാൻ അമ്മയുടെ അടുക്കലേക്കു പോയി. മിളിത ശുഷ്കാന്തിയോടുകൂടി മല്ലീശരനെ യുക്തിമുട്ടിക്കുവാൻ ശ്രമപ്പെടുകയാണ്. അവർ പിരിഞ്ഞുപോയതുകൂടി മിളിത അറിഞ്ഞില്ല. പത്രധൎമ്മബോധം ഉതരധൎമ്മബോധങ്ങളിൽനിന്നു മിളിതയെ വിരമിപ്പിച്ചു.

മിളിത—ഇതിൽ കെട്ടിടം പണിയിക്കുകയൊ? ജനതയുടെ ശ്വാസകോശം അടച്ചുകെട്ടുകയൊ? ഈ പൊതുജനദ്രോഹം ചെയ്യാൻ ഞാനൊരിക്കലും സമ്മതിക്കയില്ല.

മല്ലി—പ്രാണസുഹൃത്തേ! എന്റെ പ്രഭുത്വം പേരിനു മാത്രമേയുള്ളു. പഴയ കടത്തിൽപെട്ടുഴലുകയാണു ഞാൻ. മുമ്പു സമ്മതിച്ചപ്രകാരം പത്രാധിപരെ സമാധാനിപ്പിച്ചു തന്നാൽ മതി. കെട്ടിടം പണിതിട്ടാൽ നല്ല കൂലി പിരിയും.

മിളി—മമതയുടെ ലാഞ്ഛനപോലും മനസ്സിലുള്ളവരാരും ഈ പൊതുജനദ്രോഹം അനുവദിക്കുകയില്ല. പാൎക്കു പരോപകാരത്തിന്നൊഴിച്ചിട്ടാലല്ലാതെ പത്രാധിപർ സമ്മതിക്കുകയില്ല. കുടുംബമില്ല, ഏകതടിയാണെന്നും പറയുന്നു. എന്നിട്ടും സാധുദ്രോഹം സാധൂകരിക്കാൻ തുടങ്ങുന്നതു സാഹസംതന്നെ.

മല്ലി—എനിക്കു കുടുംബിയാവാനുള്ള കാലം തെററീട്ടില്ല. പരോപകാരി പത്രാധിപ എന്റെ സഹധൎമ്മചാരിണിയാകുമെങ്കിൽ അവൎക്കുണ്ടാകുന്ന അഭിപ്രായം എന്തായിരിക്കുമെന്നുകൂടി ആലോചിച്ചു മറുപടി പറയുക. ഇതാണ് എന്റെ ദൌത്യം.

ഇതുകേട്ടപ്പോൾ പത്രാധിപപ്രൌഢി പൊലിഞ്ഞു. സ്ത്രീത്വം തെളിഞ്ഞു. മനസ്സനുകൂലിച്ചു. അഭിമാനം നിരോധിച്ചു. ആകമാനം വിഷമിച്ചു. വിവിധവികാരങ്ങൾക്കു വിളയാടാൻ തന്റെ മുഖത്തെ രംഗമാക്കിത്തീൎത്ത മല്ലീശരനോടു മറുപടി പറയാതെ മിളിത പോകാൻ തുടങ്ങി.

മല്ലി—എന്റെ ജീവചൈതന്യമേ! പോകാൻ വരട്ടെ. ലളിതയും മററും ഇവിടേക്കു വരുന്നതിന്നു മുമ്പു രണ്ടക്ഷരത്തിലെങ്കിലും മറുപടി പറഞ്ഞ് എന്നെ സമാധാനിപ്പിക്കണം. അനുസരണമോ നിഷേധമോയെന്നു ഞാനല്ലല്ലൊ തീൎച്ചയാക്കേണ്ടതു്.

കണ്ണു മനോഗതിയെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണെന്നു മല്ലീശരൻ ധരിച്ചിട്ടുണ്ട്. അനുസരണം കണ്ണിൽകണ്ടു. നാക്കു നിഷേധിച്ചു. മനസ്സിനെ വഞ്ചിച്ച് 'ഇല്ല' എന്ന മറുപടി കേട്ടപ്പോൾ മല്ലീശരൻ തെല്ലുനേരം മിണ്ടാതെ നിന്നു. "ഇല്ല; ആ യോഗം അനുഭവിപ്പാൻ എനിക്ക് യോഗ്യതയില്ല. അപേക്ഷിച്ചാൽ ഉപേക്ഷിക്കുമെന്നും ഞാൻ വിചാരിക്കായ്കയില്ല. ഇതു കരുതിക്കൊണ്ടാണു പാൎക്കിനെ സമ്മന്ധിച്ച ഒരു രേഖ മുൻകൂട്ടി എഴുതിവെച്ചതു്. ഇതാ നോക്കു

പത്രാധിപരോടു ള്ളതു പറയേണമെന്നു തോന്നുന്നപക്ഷം ഈ നിശ്ചയപത്രത്തിലെ സംഗതികൂടി അറിഞ്ഞിരിക്കേണ്ടതാവശ്യമായിരിക്കും. മിളിത എന്റെ അപേക്ഷയെ ഉപേക്ഷിച്ച സ്ഥിതിക്ക് ഇതു കൈയിൽ തരാൻ വിരോധമില്ല.

മിളിത ആധാരം കൈയിൽ വെച്ചുകൊണ്ടു മല്ലീശരന്റെ മുഖത്തുനോക്കി മിണ്ടാതെനിന്നു. വേണ്ടാത്തതിന്നു പോകേണ്ടിയിരുന്നില്ല എന്നൊരു പശ്ചാത്താപമാണു ആ മുഖത്തുണ്ടായതു്.

മിളിതാ—"എന്നോടു ചോദിച്ചതിന്നു ഞാൻ വിസമ്മതം പറഞ്ഞതു് ഈ രേഖക്കെങ്ങിനെ ബാധകമാവും?" എന്നു കീഴ്പോട്ടുനോക്കി ചോദിച്ചു.

മല്ലി—അതു പറയാം. എന്റെ ഈ പാക്കു വിലപിടിച്ച പൂർവ്വസ്വത്താണ്. അതു ഞാൻ തനിച്ചു ചെലവീഴ്ചം ചെയ്യുന്നതിന്നു മുമ്പു ഭേദപ്പെട്ട ഒരാളൊടു ചോദിച്ചു അഭിപ്രായമറിയേണ്ട ചുമതലയുണ്ട്. ഇല്ലെങ്കിൽ ലോകം ആക്ഷേപിക്കും, ചോദിക്കുന്നതു ഭാഗ്യപദം പ്രാപിക്കാൻ മനസ്സുള്ള ആളോടായിരുന്നാൽ അധികം നല്ലതല്ലേ? ആ തടസ്ഥം ഇപ്പോൾതീർന്നു. ആ സ്ഥാനത്തേക്കു ഇനി മറെറാരുത്തി വരുന്നതുമല്ല. അതാ ലളിതയും മററും ഇങ്ങോട്ടു വരുന്നു. പോയ്ക്കൊള്ളു. എനിക്കും പോകാൻ ധൃതിയുണ്ട്. പത്രാധിപരെക്കാണുമല്ലോ ശ്രേയസ്സു വർദ്ധിക്കട്ടെ.

മല്ലീശരൻ കൊടുത്ത രേഖ ആധിചാരക്കുറിപ്പായിരിക്കുമോ? മിളിതയുടെ മനസ്സു ചുട്ടുതുടങ്ങി, പൊരാ പുകഞ്ഞുതുടങ്ങി. അല്ല കരിഞ്ഞുതുടങ്ങി. മനസ്സാക്ഷിയെ വഞ്ചിച്ചു പൊളിപറഞ്ഞ നാവിനു വരളിച്ചുററി. ഹൃദയത്തിന്റെ ധർമ്മം ഊർദ്ധ്വജ്വലനമാണല്ലോ. മനസ്സിനേയോ നാവിനെയോ സഹായിക്കേണ്ടതെന്നറിയാതെ കണ്ണുകൾ വെള്ളംനിറച്ചു നിൽക്കുന്നു. മിളിതയുടെ അടിയിളകീട്ടില്ല. മല്ലീശരൻ തിരിച്ചു വന്നതും അറിഞ്ഞില്ല.

മല്ലീശരൻ—മിസ്സമിളിതെ! ഒരു കാര്യം ഞാൻ പറയാൻ വിട്ടുപോയി. പാക്കു പൊതുസ്വത്താക്കി ഭരിക്കേണ്ട കാര്യത്തിൽ നടത്തിപ്പുകാരിൽ പരോപകാരിപത്രാധിപരേയും ഉൾപ്പെടുത്തീട്ടുണ്ട്. വിരോധമുണ്ടാവുമെങ്കിൽ മിസ്സ് മിളിതയെ പകരം ചേർക്കാൻ അനുവദിക്കണം.

അടിച്ചേടത്തടിച്ചാൽ അമ്മിയും പറക്കുമെന്നൊരു ചൊല്ലുണ്ടു. ഈ കേളിവാക്കുകൂടി കേട്ടപ്പോൾ "പത്രാധിപർ ഞാൻതന്നെയാണ്" എന്നു ഗൽഗദസ്വരത്തിൽ പറഞ്ഞു.

വെള്ളം നിറഞ്ഞ കണ്ണും സ്വരം പകർന്നവാക്കും പശ്ചാത്തപിക്കുന്ന മുഖവും കണ്ടപ്പോൾ "എന്നു് ആ ലേഖനങ്ങളുടെ കർത്താവു ഈ മിളിതയോ? എന്നാൽ എനിക്കൊട്ടും ആശ്ചര്യം തോന്നുന്നില്ല. ഒരു പത്രാധിപക്കു് അഭിമാനകരമായ പ്രവൃത്തിയാണ് മിളിതചെയ്തതു്. അതോർത്തുകരയാൻ തുടങ്ങുന്നതു എനിക്കൊട്ടും സുഖമുള്ള കാര്യമല്ല.

മിളിത—ഞാൻ ആത്മാവിനെ വഞ്ചിച്ചു.

മല്ലീശരൻ—ഏതു കാര്യത്തിൽ? പത്രാധിപർ മിളിതയാണോ എന്നു ഞാൻ ചോദിച്ചിട്ടില്ല. "ആ കാര്യത്തിലല്ല" "പിന്നെ"

മനസ്സാക്ഷിയെ വഞ്ചിച്ചു നാവു സത്യംപറവാൻ നാണിക്കുന്നു. ഉള്ളുമറച്ചു.

തെ ഉള്ളതു വെളിപ്പെടുത്തുവാൻ ചില അവസരങ്ങളിൽ നാവിനേക്കാൾ ശക്തി തങ്ങൾക്കാണെന്നു മിളിതയുടെ കണ്ണുകൾക്കു മല്ലീശരനെ മനസ്സിലാക്കുവാൻ സാധിച്ചു. ലളിതയും പിതാക്കന്മാരും തിരിച്ചുവന്നപ്പോൾ കണ്ടതു പരോപകാരി പത്രാധിപരെയും പരുക്കേററ മല്ലീശരനെയുമല്ല, പരോപകാരി മല്ലീശരനെയും പരുക്കേററ മിളിതയെയുമാണ്.

മല്ലീശരന്റെ പാക്കു നാട്ടുകാരുടെ 'മിളിതാരാമ'മായി. ഈ നാമപരിവർത്തനം മിളിതയെ സമ്മതിപ്പിക്കുവാൻ അതിൽ ഒരു 'ലളിത' കലാശാലയും ഏർപ്പെടുത്തേണ്ടിവന്നു. കാലത്തെഴുന്നേറ്റു കണ്ണുംതിരുമ്മി കോലാപ്പുറത്തിരുന്നു പുല്ലും പെലച്ചവും പറഞ്ഞു അയൽപക്കത്തോടു തമ്മിത്തല്ലി കാലംകഴിച്ചിരുന്ന നാട്ടുകിടാങ്ങൾ കലാശാലയിൽ ഇരുന്നു ചക്രതിരിച്ചു നൂലെടുക്കുന്നതു കാണേണ്ട കാഴ്ചതന്നെ.

അമ്പാടി നാരായണപ്പൊതുവാൾ.

# ചിത്രശലഭം.

(കെ. സി.)

മുകിൽതന്നിടയിൽ തിളങ്ങിടും
മഴവില്ലിൻചെറുതെല്ലുപോലവെ
ഇതു കാണ്കെ പറന്നുവന്നിടു-
ന്നൊരുപാപ്പാത്തിയുയന്റു താണുമേ. 1

ഇരവുംപകലും പ്രഭാതവും
ശരിയായ്ചേർത്തുകുഴച്ചുതന്നെയാം
തവമേനി ചമച്ചു നാന്മുഖൻ
കുതുകംചേർക്കുമതാർക്കുമെപ്പൊഴും. 2

തരുണീമണിമാർ പലേനിറം
കലരും വസ്ത്രമുടുക്കുമെങ്കിലും
പ്രകൃതീശ്വരിയാൾ നിനക്കുത-
ന്നൊരു മോടിക്കവർക്കുപ്പമെപ്പൊഴും. 3

കുതുകത്തൊടു നീ പറന്നിടു-
ന്നളവിൽകൊച്ചുകിടാങ്ങൾ കൌതുകാൽ
പദമൂന്നിവരുന്നു മന്ദമീ-
യഴകക്കൊച്ചുകരത്തിലാക്കുവാൻ.

ചെടിതന്നിൽ വിളങ്ങിടുന്ന പൂ-
വതിൽ നീ ചെന്നു പറന്നിരിക്കവെ
"കുസുമേ കുസുമം" പിറന്നതെ
ന്നകതാരിങ്കൽ നിനച്ചു മേവനും. 5

തവ പൂർവ്വചരിത്രമോർക്കുകിൽ
കുതുകം തോന്നിടുമേതൊരുത്തനും
ചളിതന്നിലിഴഞ്ഞു ചേറതി-
ന്നഥ നീ പോക്കിയനേക നാളുകൾ. 6

അതു നീയിതു കാലമോർപ്പതി-
ല്ലതുപക്ഷേയുലകിന്റെ ശീലമാം
ധനഹീനർ ധനാഢ്യരാകുകിൽ
കുട ചൂടുന്നിതു കൂരിരുട്ടിലും 7

സകലേശപരനുള്ള വൈഭവം
ശരിയായ് കാട്ടി നടന്നിടുന്നു നീ
ഭവനങ്ങളിൽ ഭിക്ഷതെണ്ടിയി-
ന്നുഴലുന്നോനുയരാം നഭസ്സിലും. 8

ചേലൊത്തു മിന്നും ചെറുപ്രാണിയെന്റെ
കണ്ണിന്നു നിൻ ലീലകളിമ്പമേറി
നിൻ ജീവിതം മൽക്കരളിങ്കലിപ്പോൾ
വിജ്ഞാനധാരാ നിരയും ചൊരിഞ്ഞു. 9

# രണ്ടു ഖണ്ഡകാവ്യങ്ങൾ

ഖണ്ഡകാവ്യങ്ങൾ കവിതാകാമിനിയുടെ കളലളിതമായ വിലാസലാസ്യത്തിനുള്ള വിശിഷ്ടരംഗങ്ങളാകുന്നു. ചിദാനന്ദസന്ദായകമായ കാവ്യാമൃതനിഷ്യന്ദംകൊണ്ടു മാത്രമല്ല, കഥാവസ്തുവിന്റെ പരിമിതി, പ്രതിപാദനരീതിയുടെ നവ്യത്വം, ഇതുകൊണ്ടും ആപാതമധുരങ്ങളായ ഇവ, കാവ്യസാമാന്യത്തിൽ സർവ്വഥാ അന്യാദൃശമായ ഒരു സ്ഥാനം സമ്പാദിച്ചിട്ടുണ്ടെന്നു, നിസ്സംശയം പറയാം. മഹാകാവ്യസാധാരണമായ വിധം, സർഗ്ഗാനുസർഗ്ഗമായി നീട്ടി, ലക്ഷണനിർവ്വഹണശ്രമത്തിൽ കവിയേയോ, സാഗരതരംഗംപോലെ തുടൎന്നുവരുന്ന സംഭവപരമ്പരകളെ നി

നുന്മേഷമായി തരണം ചെയ്യിച്ചു് വായനക്കാരനേയോ വിഷമിപ്പിക്കാതെ, ഋജുവായ ഇതിവൃത്തത്തെ, രസാത്മകമായി വിവരിക്കുകയും അനുകരണീയമായ ഒരു സന്മാർഗ്ഗതത്വം വെളിപ്പെടുത്തി, കാവ്യധർമ്മം പൂർത്തീകരിക്കയും ആകുന്നു, ഖണ്ഡകാവ്യങ്ങളുടെ സമ്പ്രദായം. അതിനാൽ വായനക്കാരന്റെ ആഹ്ലാദജന്യമായ സ്ഥിരശ്രദ്ധ അവസാനംവരെ അനവച്ഛിന്നമായി നിലനില്ക്കുന്നതിന്നും, തദ്വാരാ നിർദ്ദിഷ്ടമായ ആദർശം സ്ഫുടതരവും, സുദൃഢവും ആയി അവന്റെ ഹൃദയത്തിൽ പതിയുന്നതിന്നും ഇടവരുന്നു. ഇക്കാരണങ്ങളായിരിക്കണം, ഭാഷയിൽ ഖണ്ഡകാവ്യങ്ങളുടെ ക്ഷണപ്രവൃദ്ധിക്കും, സഹൃദയന്മാരിൽ നിന്നു അവക്കു ലഭിക്കുന്ന ഹാർദ്ദമായ സ്വാഗതത്തിന്നും സഹായമായിരിക്കുന്നതു്.

മലയാള മഹാകവികളിൽ ഒരു മാന്യസ്ഥാനം സമ്പാദിച്ച ദിവംഗതനായ കുമാരനാശാൻ അവർകളുടെ രണ്ടു ലഘുകാവ്യങ്ങളാകുന്നു ഈ ഉപന്യാസത്തിനു വിഷയമായിട്ടുള്ളതു്. തന്റെ അനന്യസാധാരണമായ പ്രതിഭാവിലാസത്തിന്നും, കവികർമ്മമർമ്മജ്ഞതക്കും ഉദാഹരണങ്ങളായ കവനഹാരങ്ങൾകൊണ്ടു്, കൈരളിയെ അലംകരിച്ചു്, നിത്യശാന്തിയടഞ്ഞ ആ മഹാനുഭാവന്റെ നാമാക്ഷരങ്ങൾപോലും, സാഹിത്യക്ഷേത്രത്തിലെ മാണിക്യമങ്ങാവിളക്കുകളായി എന്നെന്നും പ്രശോഭിക്കുന്നതാണു്. ഹിന്ദുക്കളുടെ ഇടയിൽ ഇന്നും ദുർന്നിവാരമായി നില നിന്നു പോരുന്ന ജാതിഭേദദുർഭൂതത്തിന്റെ വികൃതനർത്തനങ്ങൾ, മതപ്രണയികൾക്കു മാത്രമല്ലാ ദേശാഭിമാനികൾക്കും, ഭാഷാഭിമാനികൾക്കും ഒന്നുപോലെ പീഡാഹേതുകമായിത്തീർന്നിട്ടുള്ളതാണല്ലോ. "ഭേദങ്ങളററ പൊരുളിനെക്കാഹളമൃതിവാഴ്ത്തീടുന്ന" സ്വമതം ഈദൃശമായ ഒരു അനാചാരത്തിൽ പെട്ടു് നാൾക്കുനാൾ അധഃപതിച്ചുകൊണ്ടിരിക്കുന്നതിൽ പ്രസ്തുതകവിയും പലപ്പോഴും വിചാരവ്യാധിതനായി ഭവിച്ചിട്ടുണ്ടു്. സാമുദായികമായ മൈത്രിയും സാർവ്വജനീനമായ സമത്വവും ഹിന്ദുക്കളിൽ പരക്കുന്ന പക്ഷം സമാഗതമായേക്കാവുന്ന സൗവർണ്ണകാലത്തിന്റെ തേജഃപ്രസരം അദ്ദേഹത്തിന്റെ തീക്ഷ്ണബുദ്ധിക്കു വിഷമായിട്ടുമുണ്ടു്. തന്നിമിത്തം, സ്വമതാനുയായികളെ സ്ഥിരമായ സ്നേഹസമാധാനങ്ങളാൽ ഭാസുരമായ ഒരു ജീവിതപന്ഥാവിൽകൂടി തിരിച്ചുവിടണമെന്നുള്ള പാവനമായ ഉദ്ദേശത്തിന്മേൽ എഴുതിയിട്ടുള്ളതും, ചണ്ഡാലഭിക്ഷുകി എന്നും, ദുരവസ്ഥ, എന്നും ഉള്ള നാമധേയങ്ങളിൽ, ഭാഷാസാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠ സിദ്ധിച്ചിട്ടുള്ളതും ആകുന്നു പ്രകൃതകൃതികൾ. ഇതിൽ ചണ്ഡാലഭിക്ഷുകി ഒരു സ്വതന്ത്രകഥയല്ലെങ്കിലും, ശുഷ്കമായ മൂലകഥാഗാത്രത്തെ, ഭാവനാസുഭഗവും, ഉല്ലേഖനോജ്ജ്വലവും ആയി പരിഷ്കരിച്ചു്, ദർശനീയമാക്കി

ത്തീൎത്ത ആശാൻ അവർകളോട് ഇതിനു സാരമായ ഒരു കടപ്പാടുണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ഇവയിൽ ആദ്യത്തേതു് വിഭിന്നമായ രണ്ടു സമുദായങ്ങളെ ഹൃദ്യമായ ഒരു സമതാസൂത്രത്തിൽ കൂട്ടിയിണക്കി അവയുടെ സമ്മേളനത്തിൽ സംജാതമാകുന്ന കാന്തിപ്രകൎഷത്തെ പ്രകടീകരിക്കുമ്പോൾ, അടുത്തതു് ഒരു പടി കൂടികടന്നു ആ സമുദായങ്ങളുടെ പരസ്പര വിവാഹാദി ദൃഢബന്ധത്തിൻെറ ആവശ്യകതയേയും, ആശാസ്യതയേയും പ്രസ്ഫുടമാക്കുന്നു. ആവശ്യവിജ്ഞേയവും, ആദരണീയവും ആയ ചിന്താമൂലികകളാൽ ഈ വൎണ്ണവ്യത്യാസമഹാരോഗത്തിൽ പെട്ടു നഷ്ടപ്രജ്ഞരായിത്തുടങ്ങിയ മാമൂൽപ്രിയന്മാരെ പ്രബുദ്ധരാക്കി വാസ്തവമായ മനുഷ്യജീവിതത്തിൽ എത്തിക്കുന്നതിനു് ഇവ ശ്രമിക്കുകയും ചെയ്യുന്നു. ഇങ്ങിനെ കാലാനുസൃതമായ കൎത്തവ്യാനുശാസനംകൊണ്ടു് കമനീയമായിത്തീൎന്നിട്ടുള്ള ഇവയിലെ കവിതാരീതിയേയോ സൌചിത്ര്യാദി ഗുണവിശേഷങ്ങളേയോ കുറിച്ചല്ല ഇവിടെ പ്രതിപാദിക്കുവാനുള്ളതു്. വശ്യവാക്കായ ആ മഹാകവിയുടെ സൂക്തിരത്നങ്ങളുടെ വില മാതൃഭാഷാഭക്തന്മാൎക്കു അജ്ഞാതമല്ല. ആവശ്യത്തിലും ആദൎശത്തിലും സാഹോദര്യം വഹിക്കുന്ന ഈ കൃതികളിലെ കഥാവസ്തുവിനെ സാമാന്യമായി ഒന്നു് പരിശോധിക്കണമെന്നേ ഇവിടെ ഉദ്ദേശിച്ചിട്ടുള്ളു.

ജാതിഭേദജന്യമായ ദുരാചാരങ്ങളുടെ ദൂരീകരണമാണു പ്രസ്തുത ലഘുകാവ്യങ്ങളുടെ നിൎമ്മാണോദ്ദേശം എന്നു മുൻപുപറഞ്ഞുവല്ലൊ. ഈ ഉദ്ദേശം എത്രത്തോളം ഫലോന്മുഖമായിത്തീൎന്നിട്ടുണ്ടെന്നും അതിലേക്കായി ഉപയോഗപ്പെടുത്തിയിരിക്കുന്ന വഴികൾ എങ്ങിനെ ഹൃദയംഗമങ്ങളായിരിക്കുന്നുവെന്നുമാണു് ഇതിനുപരി ആരായുവാനുള്ളതു്. സാദൃശ്യാനുരോധേന ഇതിവൃത്തത്തെ പ്രാരംഭം, മദ്ധ്യം, പരിണാമം എന്നു് മൂന്നായി തരംതിരിക്കുന്നതു് ഇവിടെ സൌകൎയ്യപ്രദമായിരിക്കും. ചണ്ഡാലഭിക്ഷുകിയിലെ ആനന്ദമാതംഗീസംഗമവും, ദുരവസ്ഥയിലെ, ഇല്ലം വിട്ടിറങ്ങിയോടിയ സാവിത്രിയുടെ പുൽക്കുടിൽ പ്രവേശനവും പ്രാരംഭകോടിൽ പെടുത്താം. കാൎയ്യകാരണങ്ങളുടെ രമണീയമായ ഔചിത്യവിശേഷത്താൽ ചണ്ഡാല ഭിക്ഷുകിയിലെ പ്രാരംഭം തുലോം അഭിനന്ദനീയമായിട്ടുണ്ടെന്നു് പറയാതിരിപ്പാൻ നിവൃത്തിയില്ല. ശ്രാവസ്തിഗ്രാമത്തിന്നു് സമീപമുണ്ടായിരുന്ന മരുഭൂമിയിൽ കൂടി ഉച്ച വെയിലിൽ നടന്നു ലഞ്ഞ ആനന്ദഭിക്ഷു, കിണറും തണലുംകൊണ്ടു് പാന്ഥാവൎജ്ജകമായ വിശ്രമസ്ഥലത്തു് വന്നുചേൎന്നു. താമസിയാതെ മാതംഗിയും, പാശവും പാളയുമായി അവിടെ എത്തി. ആ ചണ്ഡാലബാലിക പകൎന്നുകൊടുത്ത സ്ഫടികസങ്കാശമായ ജലകണങ്ങളാൽ ദാഹം തീൎത്തു അദ്ദേഹം തൻെറ വഴിക്കുതിരിച്ചു. കാലവസ്ഥയുടെ തൈക്ഷ്ണ്യം, പരിതഃസ്ഥിതികളുടെകാങ്ക്ഷ്യം ഇവയാൽ അടുത്തു പറയുവാൻ പോകുന്ന ജലാചമന കാൎയ്യ

ത്തിൻെറ സംഭാവ്യത ഏററവും ഹൃദ്യമായിരിന്നുണ്ടെന്നു് ഉള്ളതിനു് സംശയമില്ല. മദ്ധ്യാഹ്നവേളയിൽ മരുഭൂമിയിൽകൂടി നടന്നു ക്ഷുൽക്ലാന്തനായി വന്നു ചേൎന്ന ആനന്ദനു് അതിൽപരമായ ഒരാവശ്യം അപ്പോൾ ഉണ്ടായിരിക്കയില്ല. വിശിഷ്യ ജീവലോകനിൎവ്വാണദനായ ബുദ്ധൻെറ ശിഷ്യനും, സംസ്കൃതമനസ്സനുമായ ഭിക്ഷു, ഒരു ചണ്ഡാലിയെ, സോദരിയായി പരിഗണിച്ചു് ജലാഭ്യൎത്ഥനം നടത്തിഎന്നുള്ളതു് അത്ഭുതവുമല്ല. ആനന്ദൻെറ ഈ പ്രവൃത്തിയിൽ, ഒരു യഥാൎത്ഥഹിന്ദുവിനുണ്ടായിരിക്കേണ്ട, സമതയും, ജീവകാരുണ്യവും, വ്യക്തമായി പ്രതിബിംബിക്കുന്നതിനുപുറമേ, പിന്നീടു സ്ഥാപിക്കാനിരിക്കുന്ന സമുദായ മൈത്രിക്കു് സ്തുത്യൎഹമായ ഒരു സൂചനയുംകൂടി അന്തൎഭവിക്കുന്നുണ്ടു. ഇങ്ങനെ ചണ്ഡാലഭിക്ഷുകി രസികജനരസായനമായി സ്വോദ്ദേശത്തിൻെറ പ്രഥമഭാഗം നിൎവ്വഹിക്കുമ്പോൾ അതിൻെറ സഹോദരിയായ ദുരവസ്ഥ ഈ അംശം എങ്ങിനെ ഉപയോഗപ്പെടുത്തിയിരിക്കുന്നു എന്നുനോക്കാം. കാട്ടുതീപോലെ പടൎന്നു പിടിച്ചിരിക്കുന്ന മാപ്പിളലഹളയുടെ പൈശാചികതക്കു് ഒരു ദിവസം രാത്രി യാദൃച്ഛികമായി പാത്രമായിത്തീൎന്ന സ്വഭവനത്തിൽനിന്നു് സംഭ്രാന്തയായി പുറപ്പെട്ടു സമീപത്തുണ്ടായിരുന്ന ഒരു സൎപ്പക്കാവിൽ സാവിത്രി ഒളിച്ചിരുന്നു. വേറെവല്ല സ്ഥലത്തും ചെന്നു രക്ഷപ്രാപിക്കാമെന്നു ഉദ്ദേശിച്ചു പ്രഭാതത്തോടുകൂടി അവൾ അവിടെ നിന്നും പുറപ്പെട്ടു. മാൎഗ്ഗമദ്ധ്യേ അവൾക്കു് ഒരു ചെറുമൻെറ കുടിലിൽ ചെന്നു കയറേണ്ടതായിവന്നുകൂടി. തനിക്കു് രക്ഷാസങ്കേതമായിത്തീരേണ്ടാവുന്ന സ്ഥലം ഏതായിരിക്കുമെന്നുള്ളതിനെപ്പററിയാതൊരു ചിന്തയും കൂടാതെ അവൾ സൎപ്പക്കാവു് വിട്ടു എന്നുള്ളതുതന്നെ അല്പം അയുക്തമല്ലയോ എന്ന സംശയത്തിനു് വഴിയുണ്ടു്. സാവിത്രിയെ ഒരു ചെറുമിയാക്കിത്തീക്കുന്നതിനുള്ള പ്രഥമോപകരണമായ പുൽക്കുടിൽ പ്രവേശനത്തെ അടുത്തുതന്നെ നിൎവ്വഹിക്കേണ്ടിയിരിക്കുന്നതുകൊണ്ടായിരിക്കാം, അവളെക്കൊണ്ടു് ഗണ്യമായ തീരുമാനങ്ങൾ ഒന്നുംതന്നെ ചെയ്യിക്കാതെ സൎപ്പക്കാവിൽ നിന്നും പുറപ്പെടുവിച്ചതു്. ഏതായാലും അവളുടെ ഈ ആലോചനാശൂന്യമായ യാത്രാസംരംഭത്തിൽ മാത്രമല്ല, പുൽക്കുടിൽ പ്രവേശനത്തിലും, വക്തവ്യമായ ഒരസാംഗത്യം മുഴച്ചുനിൽക്കുന്നതായി കാണാം. ജീവിതഗതിയുടെ അചിന്ത്യതയിൽ അപ്രകാരമുള്ള അഭയസ്ഥാനങ്ങളും അപേക്ഷണീയങ്ങളായി വന്നേക്കാമെങ്കിലും, മാനം രക്ഷിക്കുന്നതിനായി ഒളിച്ചോടിയ ആയുവതി, താൻ ഉദ്ദേശിക്കുന്നമാനത്തിൽ ചാരിത്രം മാത്രമല്ല, മററു ചില അംശങ്ങളും കൂടി ഉൾപ്പെടുമെങ്കിൽ, സാമുദായിക ദൃഷ്ട്യാ തന്നിൽനിന്നു സൎവ്വഥാ വിദൂരവൎത്തിയായ ഒരു ചെറുമനുമായുള്ള വിപുലമായ വ്യത്യാസത്തെ മറന്നു് ആവിധം പ്രവൎത്തിച്ചതിൽ അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. എന്നാൽ അതിനുള്ള കാരണം ഇപ്രകാ

ഋജ്ജുത്വമാകുന്നു. തന്നെ ആരോ പിൻതുടരുന്നു എന്നുള്ള സംശയമാണത്രെ, അവളെക്കൊണ്ടു് ഈവിധം പ്രവൎത്തിപ്പിച്ചതു്. കേവലം ചിന്താവിക്ലബമായ ഒരു മനഃസ്ഥിതിയിൽ നിന്നും ഉൽഭൂതമായ ഒരു ശങ്കമാത്രമാണു്, ആചാരശൃംഖലയുടെ കൎക്കശമായ ദാർഢ്യത്താൽ വട്ടക്കെട്ടിയിരുന്ന അവളുടെ ഹൃദയത്തെ സമാന്തരമാക്കിത്തീൎക്കുന്നതിനും, കഥാഗാത്രത്തിന്റെ കാൎയ്യമായ ഒരു സന്ധിയെ ഘടിപ്പിക്കുന്നതിനും ഉപയോഗപ്പെട്ടത്തിയിരിക്കുന്നതു് എന്ന സംഗതി ഒന്നുകൊണ്ടും അഭിനന്ദനീയമായി വരുന്നില്ല.

ദാഹശമനം വരുത്തി തൃപ്തിപൂണ്ട ആനന്ദനും വിചാരതരളിതയായ മാതംഗിയും സ്വസ്ഥാനങ്ങളിലേക്കു മടങ്ങി. അദൃശ്യപൂൎവ്വമായ ആ സംഭവം അവളുടെ മനോഗതിയെ ആശാജനകമായ ഒരു നൂതനമാൎഗ്ഗത്തിലേക്കു വ്യതിയാനം ചെയ്യിച്ചു. അവൾ ഉടൻതന്നെ അദ്ദേഹത്തിന്റെ നിൎഗ്ഗമനസ്ഥലമായ ബുദ്ധവിഹാരത്തിൽ എത്തുകയും ഭിക്ഷുണീവൃത്തിയിൽ പ്രാവീണ്യത്തോടുകൂടി അവിടെ താമസം തുടങ്ങുകയും ചെയ്തു. ആനന്ദഭിക്ഷുവിന്റെ ആദൎശമഹത്വവും, സ്വഭാവനൈൎമ്മല്യവും, അവളെ അപഹൃതചിത്തവൃത്തിയാക്കിത്തീൎത്തതിൽ യാതൊരു അത്ഭുതവുമില്ല. ജാത്യാചാരത്തിന്റെ ദാഹകശക്തിയിൽ തപിച്ചുകൊണ്ടിരുന്ന അവൾക്കു്, അദ്ദേഹത്തിന്റെ പെരുമാററം അമൃതസേചനമായി തോന്നിയിരിക്കും. അഹിംസാത്മകമായ യാതൊരു വിശ്വാസത്തിന്റെ ദിവ്യചൈതന്യം ഭിക്ഷുവിൽ പരിസ്ഫുരിച്ചിരുന്നുവോ, ആ വിശ്വാസംതന്നെ തന്നെയും ഈ മൃഗീയമായ ആചാരവലയിൽനിന്നും മോചിപ്പിക്കുമെന്നുള്ള ദൃഢനിശ്ചയമാണു് അവളെ അദ്ദേഹത്തിന്റെ അന്വേഷണത്തിൽ ഉത്സുകയാക്കിയതു്. തീണ്ടൽ മുതലായവനാൽ പൊറുതിമുട്ടി, ഇതരമതാവലംബനം ചെയ്യുന്ന അവളെപ്പോലെയുള്ള അധഃകൃതഹിന്ദുക്കൾക്കു്, അപ്രകാരം ആനന്ദദായകമായ ഒരു അഭയസ്ഥാനം അടുത്തുതന്നെയുണ്ടെന്നുള്ളതു് എത്രമാത്രം ആശ്വാസകരമായിരിക്കും. മനുഷ്യമനസ്സിന്റെ യഥാൎത്ഥമായ മഹത്വവും, അനുരൂപസംഭവങ്ങളുമായുള്ള സംഘട്ടനത്തിൽ അവയ്ക്കുണ്ടാകുന്ന അതിശയനീയമായ മാററവും, മാത്രമല്ല, സ്വാൎത്ഥതാജന്യമായ പ്രതിരുദ്ധശക്തികൾ അതിന്റെ ഔൽകൃഷ്ട്യത്തിൽ എങ്ങിനെ വിലയം പ്രാപിക്കുമെന്നും, ഈ സംഗതി വേണ്ടപോലെ ഉദാഹരിക്കുന്നുണ്ടു്. തന്റെ പ്രതീക്ഷാനുസരണം ഭൂതദയാപരനായ ഭഗവാൻ ബുദ്ധന്റെ ധൎമ്മസങ്കേതം, അവൾക്കു സ്വാഗതമരുളി ഭിക്ഷുണീവൃത്തിയിൽ നിസൎഗ്ഗപ്രഗത്ഭയെന്നോണം അവൾ അവിടെ പരിശോഭിക്കുകയും ചെയ്തു. അവളുടെ ഭിക്ഷുമന്ദിരവാസം,

"നെല്ലിൻ ചുവട്ടിൽ വളരും—കാട്ടു
പുല്ലല്ല സാധു—പുലയൻ

ശങ്കയില്ലൊന്നായ് പുലന്നാൽ—അതു
പൊങ്കതിർ പൂണ്ടും ചെടിതാൻ

എന്ന പരമാർത്ഥതത്വത്തെതന്നെയല്ല, ദുരവസ്ഥയിലെ

"തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും,
വാച്ചിടും കല്ലുകൾ ഭാരതാംബെ!
താണു കിടക്കുന്നു, നിൻകുക്ഷിയിൽ . . .

എന്ന ഭാഗത്തെക്കൂടി ഭംഗിയായി ദൃഷ്ടാന്തപ്പെടുത്തുന്നുണ്ട്.

അവിചാരിതമായി പുൽക്കുടിലിനെ ശരണം പ്രാപിച്ച സാവിത്രി അവിടെത്തന്നെ താമസമാക്കി. അവിടത്തെ പരിസരങ്ങളും ചാത്തന്റെ ഗുണവിശേഷങ്ങളും ആശാസ്യമായിത്തോന്നിയതിനാൽ അവനെ വിവാഹം ചെയ്യുവാനും, ക്രമേണ അവൾ ഉറച്ചു. അവിടെ ചെന്നുചേന്ന സമയത്തു് അപ്രകാരം ഒരു വിവാഹം ചെയ്യുവാനും, ക്രമേണ അവൾ ഉറച്ചു. അവിടെ ചെന്നുചേന്ന സമയത്തു് അപ്രകാരം ഒരു വിചാരം അവൾക്കുണ്ടായിരുന്നില്ലെന്നുള്ളതിനു സംശയമില്ലല്ലൊ. രാജ്യത്തെ പൊതുവെ ബാധിച്ചിരുന്ന ആപൽസംഭവങ്ങളാൽ ഒരു സുരക്ഷിതസഞ്ചാരം അസാദ്ധ്യമായിരുന്നതുകൊണ്ടാണ്, അവൾ ആ കടിലിൽതന്നെ താമസിക്കുവാൻ നിർബ്ബന്ധിതയായിത്തിന്നതു്. രാജ്യത്തിന്റെ തല്ക്കാലസ്ഥിതി അറിഞ്ഞുകൂടാ, അറിയാമായിരിക്കെ, ഒരു രക്ഷാമാർഗ്ഗം അന്വേഷിച്ചു പുറപ്പെട്ടു എന്ന പ്രസ്താവംതന്നെ അല്പം അസംഗതമായിരിക്കുന്നുണ്ട്. ചെറമന്റെ കുടിലിൽ താമസിച്ചതിനാൽ, നായന്മാർ, ഈഴവർ തുടങ്ങിയുള്ള ഇതരഹിന്ദുക്കൾക്കും, താൻ സ്വീകാരയോഗ്യയായിത്തീരുന്നതല്ലെന്നും, ചാത്തനോടുള്ള തന്റെ കടപ്പാടു് അപരിഹാര്യമാണെന്നും ഉള്ള വിചാരമാണ്, സാവിത്രിയുടെമേൽ പറഞ്ഞ ഹൃദയപരിവർത്തനത്തിനുള്ള മററകാരണങ്ങൾ വിശേഷിച്ച് മതംമാറി ഒരു മേന്മയെ സമ്പാദിക്കുന്നതിന് അവൾ ആശിക്കുന്നുമില്ല. തന്റെ വിശ്വാസദാർഢ്യത്താൽ മതാന്തരസ്വീകരണത്തിനു നിവൃത്തിയില്ലെന്നു ക്ലേശിക്കുന്ന അവളുടെ മതവിശ്വാസം സ്തുത്യർഹംതന്നെ. എന്നാൽ, ചാത്തനുമായി പരിചയപ്പെടുന്നതുവരെ, അവനെപ്പോലെയുള്ളവരുടെ, സമീപഗമനംപോലും, അശുദ്ധിഹേതുകവും, പാപകരവും, ആയി വിശ്വസിച്ചിരുന്ന ആ യുവതിയുടെ ഹൃദയഗതി ക്ഷണത്തിൽ ഇപ്രകാരം വ്യതിചലിച്ചു്, ഒരു ചെറമന്റെ കുടിലിൽ താമസിക്കാമെന്നുമാത്രമല്ല, അവനെ ഭർത്താവായിട്ടുപോലും വരിക്കാമെന്നു, ധൈര്യപ്പെടുത്തിയ വിശ്വാസം ഏററക്കുറെ അത്ഭുതാവഹംതന്നെയാകുന്നു. സാവിത്രി വായനക്കാർക്കു പരിചയമാകുമ്പോൾതന്നെ, അവൾ തന്റെ ഭാവിജീവിതത്തെക്കുറിച്ചു്, ചിലതെല്ലാം തീച്ചപ്പെടുത്തിയിരുന്നതായും, അവളുടെ മനസ്സു്, ചാത്തനിലേക്കു

ചാഞ്ഞിരുന്നതായും കഥാഗതിയിൽ നിന്നും കാണാവുന്നതാണ്. പ്രണയത്തിൻെറ അനിയന്ത്രിതമായ ഗതിയും, ആ പുലയയുവാവിനോട്ട അവൾക്കുണ്ടായിരുന്ന കടപ്പാടും ആണ് അവളെ ഈ വിവാഹത്തിനു പ്രേരിപ്പിച്ചതെന്നും സമാധാനിച്ചുകൂടാ. പ്രണയഗതി ഏറക്കുറെ അനനുമേയവും, ജാതിമതാദി സീമകളെ അതിലംഘിക്കുന്നതും ആണെന്നിരുന്നാലും, അതിനും ചില പരിമിതികൾ ഇല്ലന്നുവരുന്നതല്ല. ചാത്തൻ ചെയ്തിട്ടുള്ള ഉപകാരത്തിനു, അവൻെറ ഭാൎയ്യാപദം സ്വീകരിക്കുന്നതു്, ഒരു പ്രത്യുപകാരമായിട്ടാണ് അവൾ കരുതുന്നതെങ്കിലും, ആ ഉദ്ദേശം അവനിൽ ഉണ്ടോ എന്ന് സംശയമാണ്. ആകപ്പാടെ ആലോചിക്കുന്നപക്ഷം, ഈ അംശത്തിൽഎല്ലാത്തിലും തന്നെ, സ്വാദ്ദേശ്യ പൂൎത്തിക്കായി കവിക്കുള്ള നിൎബ്ബന്ധബുദ്ധിയും, തജ്ജന്യമായ അനൌചിത്യങ്ങളും പ്രകടമായിരിക്കുന്നുണ്ടു.

ബ്രാഹ്മണവിഹാരത്തിലെ ചണ്ഡാലികയുടെ താമസം നിമിത്തം സംക്ഷുബ്ധരായിത്തീൎന്ന ജനങ്ങൾ, രാജാവായ പ്രസേനജിത്തോന്നിച്ചു അവിടെ എത്തി. കരുണാനിധിയായ ബുദ്ധഭഗവാൻെറ ധൎമ്മോപദേശങ്ങൾ അവരെ സത്യദൎശികളും, സംതൃപ്തരും ആക്കി മടക്കിയയച്ചു. അതോടുകൂടി ചണ്ഡലാഭിക്ഷുകിയിലെ കഥ, അതിൻെറ നിൎവ്വഹണോദ്ദേശത്തെ സാധിച്ചതായി പറയാം. ചണ്ഡലാദികളായ അവൎണ്ണഹിന്ദുക്കൾക്കു, സവൎണ്ണരിൽനിന്നും ലഭിക്കുന്ന ഈദൃശങ്ങളായ അനുഭാവവേളകളിൽ ഉണ്ടാകുന്ന കലഹങ്ങളും, അസംതൃപ്തിയും, ഇക്കാലത്തും അനുഭവങ്ങളാകുന്നു. എന്നാൽ വാസ്തവമായ ജ്ഞാനത്തിൻേറ ആവിൎഭാവത്തിൽ, ഈവക ദുരാചാരങ്ങളും, തജ്ജന്യമായ ദുഷ്പ്രവൃത്തികളും ലോകത്തിൽ നിന്നും മറയുന്നു. അതനുസരിച്ചാണ്, ഇവിടെയും സംഭവിക്കുന്നതു്. വിഹാരാധിപതിയായ യോഗിവൎയ്യൻെറ വദനാരവിന്ദത്തിൽനിന്നും, നിൎഗ്ഗളിച്ച വാഗ്ധാര, ശ്രോതാക്കളായ ആചാരപ്രിയന്മാരുടെ മനോമാലിന്യങ്ങളെ ദൂരീകരിക്കയും, അവർ പ്രശാന്തചിത്തരായി സ്വസ്ഥാനങ്ങളിലേക്കു മടങ്ങുകയും ചെയ്യു. ലളിതകോമളവും, യുക്തിയുക്തവും ആയ പ്രസ്തുത ഉപദേശങ്ങൾ ആത്യന്തം ആരാധനീയവും, അവശ്യവിജ്ഞേയവും ആകുന്നു. സങ്കുചിത മനസ്കന്മാരായ ഏതു മാമൂൽ പ്രിയന്മാരേയും, അവ ജാതിവ്യത്യാസത്തിൻെറ നിന്ദ്യഫലങ്ങളെ നിഷ്പ്രയാസം ഗ്രഹിപ്പിക്കുകയും ഇപ്രകാരമുള്ള അന്ധവിശ്വാസങ്ങളുടെ ഉച്ചാടനം, സ്വരാജ്യത്തിനും, സ്വസമുദായത്തിനും, എങ്ങിനെ അപരിത്യാജ്യമാണെന്നുള്ളതിനെ, രസകരമായി മനസ്സിലാക്കുകയും ചെയ്യുന്നുണ്ടെന്നുള്ളതിനു തൎക്കമില്ല.

ചാത്തനിൽ ആസക്തയായിത്തീൎന്ന സാവിത്രി, സ്വഭാവിയെ സന്തുഷ്ടിയോടുകൂടി പ്രതീക്ഷിച്ചും, സമാഗതമായ ദുരവസ്ഥയിൽ, സ്വയം സമാധാനിച്ചും, ഒരു ദിവസംരാത്രി "തൽകരപ്പൂവല്ലി"കൊണ്ടു് അവൻെറ "ഈയക്കോൽപോലെ തണുത്ത വിരലേലും"കൈക്കു പിടിച്ചു തൻെറ ഗാൎഹസ്ഥ്യ യജ്ഞത്തിൻെറ പരിസമാപ്തി വരുത്തി. ജാതിവ്യത്യാസവിഷബീജങ്ങളെ മതശരീരത്തിൽ നിന്നും നിഷ്കാസനം ചെയ്യുകയാ

ണ്, പ്രകൃതകൃതിയാൽ കവി ഉദ്ദേശിക്കുന്നതു എന്നു മുൻപുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ വിവാഹകാലത്തു് അവളെ ഒരു അന്തർജ്ജനമായി വകവയ്ക്കാമോ എന്നുള്ളതാണ് ഇവിടെ ആലോചിക്കുവാനുള്ളതു്. ചെറുമനുമായി സമ്പർക്കത്തിനിടവന്ന ആ യുവതിയെ, "നത്തക്കുളത്തിൽ നിയതിയാൽ നിതമാം മുത്തേലുമോമനച്ചിപ്പി"യോടും, "വിണ്ടലത്തുനിന്നും കുണ്ടിൽ പതിച്ച"താരത്തോടും കവി ഉപമിക്കുന്നു. വിശിഷ്യ സാവിത്രിതന്നെ,

"എത്രയോജന്മം കൊണ്ടെത്തേണ്ടും ദിക്കുഞാ-
നെത്രവേഗം വിട്ടിറങ്ങിയെത്തി,

എന്നും

"ഓക്കിൽ ശരിയായൊരുകഴിവുണ്ടെങ്കി-
ലാക്കുസാധിക്കുമധഃപതനം".

എന്നും മററം തന്റെ തൽക്കാലസ്ഥിതിയെക്കുറിച്ചു് പരിതപിക്കുന്നു. ഇങ്ങിനെ, പൂർവ്വികമായിരുന്ന ആഭിജാത്യവും അന്തസ്സും പോയി, ഒരു ചെറുമിയായിട്ടല്ലാതെ ജീവിക്കുവാൻ, ഗത്യന്തരമില്ലാഞ്ഞിട്ടാണ് അവൾ ഇപ്രകാരം ചെയ്തതു് എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അഭിജാതരും, അധഃകൃതരും തമ്മിലുള്ള ആത്മീയമായ ഐക്യം വെളിപ്പെടുത്തി, അവർ തമ്മിലുള്ള യഥാർത്ഥമായ സാഹോദര്യത്തെ സ്ഥാപിക്കുന്നതിനാണ് കവി ഉദ്ദേശിക്കുന്നതെങ്കിൽ ആ ഉദ്ദേശത്തിന്റെ ഫലോന്മുഖത ഇവിടെ തുലോം സംശയാസ്പദമാകുന്നു. മററുകാര്യങ്ങൾ എങ്ങിനെയിരുന്നാലും, സ്വസമുദായത്തിൽപെട്ട മറെറാരുവ്യക്തിയിൽനിന്നും അധഃപതിച്ചിട്ടില്ലെന്നുള്ള ആത്മവിശ്വാസമെങ്കിലും, സാവിത്രിക്കുണ്ടായിരുന്നു എങ്കിൽ ഈ സംഘടന ഇതിലും സ്വാരസ്യമായിത്തീരുമായിരുന്നു. വധൂവരന്മാർ തമ്മിലുള്ള ആ അന്തരത്തെക്കുറിച്ചും മററം ഇവിടെ ഒന്നുംതന്നെ പറയേണ്ടതില്ല. തന്റെ പ്രണയിനിയായ സാവിത്രിയോട്, ആ യുവാവു്,

"എന്തുമവിടന്നു കല്പിക്കുംപോലെയൊ-
രന്തരമില്ലഞാൻ ചെയ്യുമല്ലോ
എന്നിൽ കനിവിത്രയ്ക്കേകുമവിടന്നെൻ
മുന്നിൽവന്നെത്തിയ ദൈവമല്ലോ"

എന്നും മററുമാണ് പറയുന്നതു്. ഇങ്ങനെ അനുചിതമായ ഈ വിവാഹക്രിയയുടെ സ്വീകാര്യതയെ സ്ഥാപിക്കുന്നതിനുവേണ്ടി കവി പ്രയോഗിക്കുന്ന "തുംഗതയേറുമാകാശത്തിനായ് ഗിരിശൃംഗങ്ങളിൽ ഭൂമി കൈനീട്ടുന്നു" ഇത്യാദി തത്വങ്ങൾ അദ്ദേഹത്തിന്റെ കവികർമ്മകൌശലത്തിനു മാത്രമേ ഉദാഹരണമായിരിക്കുന്നുള്ളു. സൂക്ഷ്മമായാലോചിച്ചാൽ, ഇതുപ്രകാരം, ദുരവസ്ഥയുടെ നിർമ്മാണത്തിൽ കവിയുടെ ഉദ്ദേശം വേണ്ടുന്നതുപോലെ ഫലിച്ചിട്ടില്ലെങ്കിലും, ആ കുറവുകൂടി, ചണ്ഡാലഭിക്ഷുകി പരിഹരിച്ചിട്ടുണ്ടെന്നു സമാധാനപ്പെടാവുന്നതാണ്.

ടി. വി. രാമകൃഷ്ണപിള്ള.